Anthology of Malayalam Essays
Presented in the
MESMAC
International Conference 2023

MESMAC INTERNATIONAL CONFERENCES

# ഭക്ഷണവും സംസ്കാരവും

എഡിറ്റർ:
ഡോ. രാജേഷ് മോൻജി



ഭക്ഷണവും സംസ്കാരവും എഡിറ്റർ: ഡോ. രാജേഷ് മോൻജി

Anthology of Malayalam Essays
Presented in the
MESMAC
International Conference 2023

MESMAC INTERNATIONAL CONFERENCES

ഭക്ഷണവും സംസ്കാരവും
എഡിറ്റർ:
ഡോ. രാജേഷ് മോൻജി



Dr. Ghafoor Memorial (ESTD 1965)
M.E.S. MAMPAD COLLEGE
(AUTONOMOUS) Accredited by NAAC with A grade
Mampad College P.O. 676542, Malappuram Dt., Kerala
E-mail: info@mesmampad.org

ISBN 978-81-956895-5-2

MESMAC INTERNATIONAL CONFERENCES

www.mesmac.in

# A Complete Academic Carnival of Food

*Anthology of essays presented in the MESMAC International Conferences*
*17-19 January 2023*

## ഭക്ഷണവും സംസ്കാരവും

**MES Mampad College (Autonomous)**
(Accredited by NAAC with A Grade)
P.O. Mampad College, 676542
Malappuram. Ph: 04931 200 387, 200 754

A Complete Academic Carnival of Food
*Anthology of essays presented in the*
*MESMAC International Conferences*
*17-19 January 2023*

***Title:***
**Bhakshanavum Samskaaravum**
***(Malayalam)***
**ഭക്ഷണവും സംസ്കാരവും**

*Chief Editor:*
**Dr. Manzur Ali P.P**
Principal
M.E.S Mampad College

*Editor:*
**Dr. Rajesh M.K** (Rajesh Monji)
Asst. Professor
Dept. of Malayalam
M.E.S Mampad College

*Lay out*
Sikha Grandhavedi
*Cover Design*
Rajesh Monji

Publisher;
Dept. of Malayalam
MES Mampad College
Mampad College P.O.,
Malappuram, Kerala Pin: 676542
Website: www.mesmampadcollege.org

ISBN: 978-81-956895-5-2

എഡിറ്റർ:
ഡോ.രാജേഷ് മോൻജി

# ഭക്ഷണവും സംസ്കാരവും

എഡിറ്റർ:
ഡോ.രാജേഷ് മോൻജി

**കേ**രളത്തിലെ ഏറ്റവും വലിയ അക്കാദമിക സമ്മേളനമായ മെസ്മാക് ഇന്റർനാഷണൽ കോൺഫറൻസിന്റെ ഏഴാം പതിപ്പ് 2023 ജനുവരി 17 മുതൽ 19 വരെയുള്ള തിയ്യതികളിലായി നടന്നു. Complete Academic Carnival of Food എന്നതായിരുന്നു ഈ പതിപ്പിലെ വിഷയം. ജൈവവ്യവസ്ഥയുടെ അടിസ്ഥാനാവശ്യങ്ങളിലൊന്നായ ഭക്ഷണവുമായി ബന്ധപ്പെട്ട് നിരവധി പ്രബന്ധങ്ങളാണ് വിവിധ വിഷയങ്ങളിൽ വിവിധ സെഷനുകളിലായി അവതരിപ്പിക്കപ്പെട്ടത്. സാഹിത്യം, സംസ്കാരം, കല തുടങ്ങിയ മേഖലകളെ മുൻനിർത്തി, മലയാളവിഭാഗം ഭക്ഷണവും സംസ്കാരവും എന്ന വിഷയത്തിലൂന്നിയുള്ള പ്രബന്ധങ്ങളാണ് ക്ഷണിച്ചത്. അവയിൽ തിരഞ്ഞെടുത്ത പ്രബന്ധങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം.

മികച്ച പ്രബന്ധങ്ങളും അക്കാദമിക പ്രവർത്തകരുടെ പങ്കാളിത്തവുമാണ് ഒരു കോൺഫറൻസിന്റെ വിജയം. ആ അർത്ഥത്തിൽ ഈ കോൺഫറൻസ് വിജയിപ്പിക്കുതിൽ പങ്കാളികളായ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

ആശംസകളോടെ,

**ഡോ. മൻസൂർ അലി പി.പി**
പ്രിൻസിപ്പാൾ
& ചീഫ് എഡിറ്റർ

**ഭ**ക്ഷണം, ജീവിതത്തിന്റെ അടിസ്ഥാന ഘടകമാണ്, അത് മനുഷ്യസംസ്കാരങ്ങളുമായും സ്വത്വങ്ങളുമായും ആഴത്തിൽ ഇഴചേർന്നിരിക്കുന്നു. നാം എന്ത് കഴിക്കുന്നു, എങ്ങനെ തയ്യാറാക്കുന്നു, മറ്റുള്ളവരുമായി അതെങ്ങനെ പങ്കിടുന്നു തുടങ്ങിയ കാര്യങ്ങളെല്ലാം സംസ്കാരവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. സംസ്കാരം, കല, രാഷ്ട്രീയം, പാരമ്പര്യം, നാടോടിവിജ്ഞാനീയം, മനഃശാസ്ത്രം, വൈദ്യം, സമൂഹശാസ്ത്രം തുടങ്ങി വ്യത്യസ്ത ജ്ഞാനമേഖലകളിലെ ചിന്താധാരകളുമായുള്ള ഭക്ഷണം എന്ന വിഷയത്തിന്റെ ചേർത്തുവായന, ഗൗരവമാർന്ന സാംസ്കാരികവിശകലനങ്ങൾക്ക് കാരണമായിത്തീരും. ഒരു ഭക്ഷണപ്രേമിയോ, സാംസ്കാരിക തത്പര്യമുള്ളയാളോ, അല്ലെങ്കിൽ ഭക്ഷണത്തിന്റെയും സംസ്കാരത്തിന്റെയും വിഭജനത്തെക്കുറിച്ചോ രാഷ്ട്രീയത്തെക്കുറിച്ചോ ജിജ്ഞാസയുള്ളവരോ ആയ ഏതൊരാൾക്കും ഭക്ഷണം ഒരു വിഷയമാണ്. പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകളിലേക്ക് തുറന്നുവെച്ച വാതിലാണ് ഈ സെമിനാർ. ഭക്ഷണത്തിന്റെ പേരിൽ അപരവിദ്വേഷവും കലാപങ്ങളും കൊലപാതകങ്ങളും നടക്കുന്ന സാമൂഹിക പശ്ചാത്തലത്തിൽ ഈ വിഷയത്തിന് ഏറെ പ്രസക്തിയുണ്ട്. സെമിനാറിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളെല്ലാംതന്നെ ഈ വിധം ഗൗരവപൂർണ്ണമായ സമീപനങ്ങളാൽ ശ്രദ്ധേയമാണ്. ചരിത്രവും വർത്തമാനവും സാഹിത്യവും കലയുമെല്ലാം ഇവിടെ അപഗ്രഥനവിധേയമാകുന്നു. ഭക്ഷണം, ജീവൻ നിലനിർത്താനുള്ള ഒരുപാധി മാത്രമല്ല, അതിവിപുലമായ അർത്ഥസംവേദനശേഷിയുള്ള ഒരു സാംസ്കാരിക ഉല്പന്നമാണ് എന്ന് ഈ സെമിനാർ വെളിപ്പെടുത്തുന്നു. സെമിനാറിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചയിൽ പങ്കാളികളാവുകയും ചെയ്ത എല്ലാ സുഹൃത്തുക്കളോടും നന്ദി രേഖപ്പെടുത്തുന്നു.

**ഡോ. രാജേഷ് മോൻജി**

# ഉള്ളടക്കം


1. **ജാതിയിൽ നിന്നും ജാതിയിലേക്ക്; കേരളത്തിലെ നവോത്ഥാനഭോജനങ്ങളുടെ ഫലപരിശോധന**
ഡോ. സി. ഗണേഷ്.....13

2. **ഭക്ഷണവും രാഷ്ട്രീയവും: ഹൈന്ദവ ദേശീയതയും ബ്രിട്ടീഷ് അധിനിവേശവും; ഗോമാംസരാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ** (1911 ലെ ഗോരക്ഷക ഉപദേശത്തെ മുൻനിർത്തിയുള്ള പഠനം)
സഞ്ചന കെ.....23

3. **മലബാർ കലാപത്തിന്റെ നാനാർത്ഥങ്ങളും വിശപ്പിന്റെ രാഷ്ട്രീയവും**
ആയിസത്ത് ഹസൂറ ബി. എ.....46

4. **സമകാലിക മലയാളഭക്ഷണവ്ളോഗുകളിലെ (Vlog) ദേശനിർമ്മിതികൾ**
ദേവി എൻ.....52

5. **ഭക്ഷണാധിനിവേശവും നവമാധ്യമങ്ങളും: ഇൻസ്റ്റാഗ്രാം വ്ളോഗുകളെ അടിസ്ഥാനമാക്കിയുള്ള പഠനം**
അമൃത വിശ്വനാഥ്.....60

6. **മാറുന്ന ഭാവുകത്വ പരിസരം : 'സോൾട്ട് ആന്റ് പെപ്പർ' സിനിമയെ മുൻനിർത്തിയുള്ള പഠനം**
വിഷ്ണു.പി.എസ്.....64

7. **ഭക്ഷണം പാകപ്പെടുത്തുന്ന സംസ്കാരങ്ങൾ: സിനിമയിലെ ഭക്ഷണചിത്രീകരണസന്ദർഭങ്ങളെ മുൻനിർത്തി ഒരന്വേഷണം**
രമിഷ കെ.....71

8. **രുചിയുടെ സ്ത്രൈണമണ്ഡലം; ലതിക ജോർജിന്റെ 'സുറിയാനി അടുക്കള'യിൽ**
രഞ്ജിത് വി.....77

MESMAC International Conferences 2023
ISBN 978-81-956895-5-2 

# 1.

# ജാതിയിൽ നിന്നും ജാതിയിലേക്ക്; കേരളത്തിലെ നവോത്ഥാനഭോജനങ്ങളുടെ ഫലപരിശോധന

**ഡോ. സി. ഗണേഷ്**

അസി. പ്രൊഫസർ
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല,
തിരൂർ, മലപ്പുറം

**പ്രബന്ധസംഗ്രഹം**

പ്രബന്ധത്തിന്റെ ആദ്യഭാഗത്ത് കേരളാധുനികതയുടേയും ഇന്ത്യനാധുനികതയുടേയും വെളിച്ചത്തിൽ കേരളത്തിലെ ജാതി-ഉപജാതികളുടെ ചരിത്രമന്വേഷിക്കുന്നു. കേരള നവോത്ഥാനവുമായി ബന്ധപ്പെട്ട് നടന്ന നാലു ഭോജന സമരപരിപാടികൾ കേരള സമൂഹചരിത്രത്തിൽ സവിശേഷശ്രദ്ധയാകർഷിക്കുന്നു. 'ഭക്ഷണം കഴിക്കുക' എന്ന വ്യക്തിഗതപ്രവൃത്തിയെ രാഷ്ട്രീയപ്രവൃത്തിയാക്കി മാറ്റാൻ ഇവയ്ക്ക് കഴിഞ്ഞു. തൈക്കാട് അയ്യാവിന്റെ (1814-1909) പന്തിഭോജനം, വൈകുണ്ഠസ്വാമിയുടെ (1809-1851) സമപന്തിഭോജനം, സഹോദരൻ അയ്യപ്പന്റെ (1889-1968) മിശ്രഭോജനം, വാഗ്ഭടാനന്ദന്റെ (1885-1939) പ്രീതിഭോജനം എന്നിവ ജാതിവിമോചനത്തിന് ഭക്ഷണത്തെ സമരരൂപകമാക്കുകയാണ് ചെയതത്. കേരള ചരിത്രത്തിൽ സവിശേഷപ്രാധാന്യം നേടിയ ഭോജന പ്രക്ഷോഭങ്ങൾ ജാതിവിമുക്തതയുടെ സന്ദേശം എത്രമാത്രം ഉൾക്കൊണ്ടു എന്ന പുനരന്വേഷണമാണ് പ്രബന്ധത്തിലൂടെ നടത്താൻ ശ്രമിക്കുന്നത്. ഗാന്ധിയിൽ നിന്നും നാരായണഗുരുവിൽ നിന്നും പ്രചോദനം നേടിയ ഇത്തരം പ്രതിരോധ രാഷ്ട്രീയപ്രവർത്തനങ്ങൾക്ക് പ്രായോഗികമായി സംഭവിച്ച പരിണാമങ്ങളും ചർച്ച ചെയ്യുന്നു.

**താക്കോൽവാക്കുകൾ:** കേരളാധുനികത, ഇന്ത്യനാധുനികത, ജാതി, ഭോജനസമരം, നവോത്ഥാനം.

MESMAC International Conferences 2023
ISBN 978-81-956895-5-2

**ആമുഖം**

കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ പ്രവർ ത്തിച്ച ആധുനികതയെ 'കേരളാധുനികത' എന്നാണ് വിളിക്കുന്നത്. കേരളസമൂഹത്തിന്റെ സമ്പൂർണ പരിവർത്തനത്തിന് ആധുനിക തയുടെ വരവ് കാരണമായിട്ടുണ്ട്. കേരളത്തിലെ ജാതിബന്ധ ങ്ങൾ, മതബോധം, മേലാള കീഴാള സങ്കൽപ്പങ്ങൾ, ശുദ്ധിസ ങ്കൽപ്പങ്ങൾ, നാട്ടുസ്വരൂപങ്ങൾ ദേശകൽപനകൾ, സാമൂഹിക പദ വികൾ, കൂട്ടായ്മ തിരിച്ചറിവുകൾ, മണ്ണിന്റെയും പ്രകൃതിയുടേയും ഉപയോഗവും ഉപഭോഗവും, അറിവുധാരണകൾ, ലിംഗപദവികൾ, ഉൽപ്പാദനവിദരണ സാമ്പത്തികബന്ധങ്ങൾ, കുടുംബസങ്കൽപ്പം, ദായക്രമം, കല എന്നവയ്ക്കുപുറമെ ഈ ഭൂപ്രദേശത്ത് രൂപപ്പെട്ട ഭരണപ്രദേശങ്ങളിൽപ്പോലും ആധുനികത വൻ സ്വാധീനം ചെലു ത്തി. ഇവയുടെയൊക്കെ ഫലമായി കേരളനിവാസികൾ ആർജിച്ച ലോകബോധമാണ് കേരളാധുനികതയുടെ അടിസ്ഥാനം.

**ഭാഗം ഒന്ന്**

കേരളഭക്ഷണത്തിന്റെ രൂപപ്പെടലിനുപിന്നിലെ രാഷ്ട്രീയ പ്രശ്നങ്ങളെ അദ്യം അഭിസംബോധന ചെയ്യേണ്ടതുണ്ട്. ആധു നികതയുമായുള്ള സംഘർഷങ്ങളിലൂടെയാണ് കേരളഭക്ഷണം ഇന്നത്തെ രൂപമാർജിച്ചിരിക്കുന്നത്.

പത്തൊമ്പതാം നുറ്റാണ്ടിലെ കേരളഭക്ഷണക്രമത്തിലെ ജാതിസാന്നിദ്ധ്യത്തെ പി ഭാസ്കരനുണ്ണി വിവരിച്ചിട്ടുണ്ട്. 'ഭക്ഷ ണവിഷയത്തിലുള്ള വിവേചനം കഴിഞ്ഞ നൂറ്റാണ്ടിന്റെ പ്രത്യേ കതയായിരുന്നു. അതൊരു സവിശേഷതയായി അന്നുള്ളവർ വളർത്തിയെടുത്തിരുന്നു. കേരളീയരിൽ ഏറ്റവും സർവാദരണീ യമായ സമുന്നതപദവി അനുഭവിച്ചിരുന്നതു നമ്പൂതിരി സമുദാ യമായിരുന്നു. നമ്പൂതിരിമാരിലെ ആഢ്യവിഭാഗം തൊട്ടു താഴോ ട്ടുപോകുന്തോറും ജാതിമേന്മ പന്തിമേന്മയായും-ഭക്ഷണത്തിന് ഒരു വരിയിൽ നിരന്നിരിക്കൽ - ജാതിക്കിഴിവ് പന്തിക്കിഴിവായും വളർന്നു പന്തലിച്ച് കേരളീയമനുഷ്യസമുദായത്തെയാകെ പല തട്ടുകളായി വേർതിരിച്ചു നിർത്തിയിരിക്കുന്ന അത്ഭുതകരമായ കാഴ്ച കാണാം. നമ്പൂതിരിമാരിൽ ഏറ്റവും ആഢ്യത്വവും ആഭി ജാത്യവുമുള്ളവർ തമ്പ്രാക്കൾ ആയിരുന്നു. കുറവ് എളയതിനും. അന്യോന്യം ഒരു പന്തിയിൽ ഇരിക്കാതിരിക്കുക, തൊട്ടുണ്ണാതി രിക്കുക- ഇത് ആഭിജാത്യത്തിന്റെ അധികമേന്മയായി സമുദായം കണ്ടു.' (ഭാസ്കരനുണ്ണി പി 2000:75)

MESMAC International Conferences 2023
ISBN 978-81-956895-5-2


കേരളത്തിന്റെ ജാതിവിവേചനത്തെ സങ്കീർണമാക്കുന്നത് ഉപജാതിവിഭജനമാണ്. ജാതികൾ തമ്മിലുള്ള ദൂരത്തോടൊപ്പം അകലവും വിവേചനവും ഉപജാതികൾ തമ്മിലും ഉണ്ടായിരുന്നു. 'നമ്പൂതിരി സമുദായത്തിലെ 'എളയതും' 'മൂത്തതും' ഒരു പന്തിയിലിരുന്ന് ഉണ്ണില്ല. കല്ലാറ്റുകുറുപ്പ്, മാരാർ, പൊതുവാൾ എന്നിവരോടൊത്ത് നമ്പൂതിരി ഇരിയ്ക്കുകയില്ല. നായന്മാരിൽ പാദമംഗലക്കാർ, തമിഴ്പാദക്കാർ, കിരിയത്തുനായർ, ഇടച്ചേതി നായർ, വിളക്കിത്തല നായർ തുടങ്ങി മുഖ്യമായുള്ള 18 ഉപജാതികൾ തമ്മിൽ ഭക്ഷണത്തിന് ഒരുമിച്ച് ഇരിയ്ക്കുകയില്ല. ഈഴവരിലെ ആയുണ്ടാളങ്ങൾ, ചാന്നാൻ, കാവുതിയർ, കുണ്ടൻ, വടക്കൻ എന്നിവർ തമ്മിലും ഭക്ഷണ വിവേചനമുണ്ട്. കമ്മാളരിലെ ഉപവിഭാഗങ്ങളായ ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, ഈർച്ചക്കൊല്ലൻ, ഐങ്കമ്മാളർ, തോൽക്കൊല്ലൻ, ചെമ്പുകെട്ടി, ഓടായിമാർ, കാച്ചിക്കൊല്ലൻ, കന്നാന്മാർ, കന്നാടികൾ തമ്മിലും ഇതാണ് സ്ഥിതി. ജാതിവിട്ടോ, ഉപജാതിവിട്ടോ ആരുടേയെങ്കിലും ഭക്ഷണം കഴിച്ചാൽ 'കരവിലക്ക്' ഏർപ്പെടുത്തുന്നു.' (ഭാസ്കരനുണ്ണി.പി 2000)

ഉപജാതികൾ പലതും അവർ ചെയ്യുന്ന തൊഴിലിനെ അവലംബമാക്കിയാണ് നിർണയിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. ഈ ഉപജാതികളാണ് ജാതിവ്യവസ്ഥയെ അകക്കാമ്പായി നിലനിർത്തിയത്. ജാതിശ്രേണീകരവും കരവിലക്കുപോലുള്ള അധികാരസ്ഥാനങ്ങളുടെ നിയന്ത്രണങ്ങളും വഴി സൃഷ്ടിക്കപ്പെട്ടതാണ് ഭക്ഷണശീലത്തിലെ ജാതി എന്നു വരുന്നു.

കൊളോണിയൽ കാലത്ത് കരവിലക്ക് ഉൾപ്പെടെ നിലനിന്ന വ്യവസ്ഥിതിയിൽ കീഴ്ജാതിക്കാർ അനുഭവിക്കേണ്ടിവന്ന ഭക്ഷണവിവേചനങ്ങളോട് അത്തരം വിഭാഗങ്ങളിൽ നിന്ന് കടുത്ത എതിർപ്പ് അകമേ ശക്തമായിരുന്നു. ഇത് നിലനിൽക്കവേയാണ് ദേശീയപ്രസ്ഥാനം ജാതിവിഭാഗങ്ങളിലെ കീഴിത്തട്ടുകാരെ അഭിസംബോധന ചെയ്യാൻ മെനക്കെടാതെ ദേശീയസമരവുമായി മുന്നോട്ടുപോകുന്നത്. കീഴിത്തട്ടുകാരേയും ആദിവാസികളേയും ഭാരതത്തിന്റെ പൈതൃകത്തിനു പുറത്താക്കുന്ന ഭക്ഷണത്തിലെ ശുദ്ധിവാദം ഇതിനോടൊപ്പം കടന്നുവരുന്നുണ്ട്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ മേലാളത്ത മനോഭാവം നിരവധി ജനജാതികളേയും വനവാസികളേയും അടിസ്ഥാനവർഗത്തിന്റേയും സാംസ്കാരികത്തനിമയെ ഉൾക്കൊള്ളാൻ കൂട്ടാക്കിയില്ല എന്ന്

MESMAC International Conferences 2023
ISBN 978-81-956895-5-2

സനൽമോഹനെപ്പോലുള്ള ദളിത്പണ്ഡിതർ വിലയിരുത്തുന്നു. (അരുൺ 2018)

ഈ സമയത്താണ് പാശ്ചാത്യരായ ചില ഓറിയന്റലിസ്റ്റുകളുടെ പൗരസ്ത്യസംസ്കാരമൂല്യമായി അവർ പുകഴ്ത്തിയ സസ്യാഹാരശീലത്തെ ഇന്ത്യൻ വ്യവഹാരങ്ങളുടെ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നത്. ഇന്ത്യനാധുനികതയുടെയും കേരളാധുനികതയുടേയും പൊതുസമ്മതിയായ, ബഹുഭൂരിപക്ഷത്തിന്റെ മിശ്രഭക്ഷണസംസ്കാരം അതോടെ പുറന്തള്ളപ്പെടാൻ ആരംഭിച്ചു. ഗാന്ധിയുടെ അംഹിസാക്രമവും പ്രചരണവും ഈ പുറംതള്ളലിന്റെ വേഗത വർദ്ധിപ്പിച്ചു. ആധുനിക അവബോധത്തിൽ ഉച്ചനീചത്വത്തിന്റേതായി കരുതിയ ഭക്ഷണക്രമത്തെ, അതിന്റെ ധാർമിക അടിത്തറയെ ഗാന്ധി മറ്റൊരു ധാർമിക അടിത്തറ നിർമിച്ചുകൊണ്ടാണ് വ്യാഖ്യാനിച്ചത്. അദ്ദേഹം ഇന്ത്യൻ ഭക്ഷണക്രമത്തിന്റെ ഉന്നത മൂല്യമായി മേൽജാതിക്കാരുടെ സസ്യാഹാരരീതിയെ അവതരിപ്പിക്കുകയും ആ സസ്യാഹാരരീതിയെ അഹിംസാത്മക ജീവിതചര്യയായി വ്യാഖ്യാനിച്ചുകൊണ്ട് പുതിയൊരു ധാർമികാടിത്തറയിൽ അതിനെ ഉറപ്പിക്കുകയും ചെയ്തു. ചുരുക്കത്തിൽ സസ്യാഹാരരീതിയെ അഹിംസയുടെ ഏകവചനമാക്കുകയാണ് അദ്ദേഹം ചെയ്തത്. (അരുൺ 2018:42 )

ഗാന്ധിയുടെ വ്യാഖ്യാനം ഭക്ഷണത്തിലെ ജാതിയെ ഇല്ലാതാക്കിയില്ല എന്നു മാത്രമല്ല ദൈനംദിന ജീവിതത്തിലെ നിത്യസാന്നിദ്ധ്യമായി ജാതിയെ പുനരുൽപ്പാദിപ്പിക്കുകയാണ് ചെയ്തത് എന്ന് കൂടി അരുൺ വിമർശിക്കുന്നു. പശുവിനെ ഗോമാതാവായി കണ്ടുകൊണ്ട് പശുവധം തീവ്രഹിംസയായി കാണുന്ന ഗാന്ധിയുടെ വ്യഖ്യാനം ഹിംസയുടെ ശ്രേണീഘടന ഉൽപ്പാദിപ്പിക്കുകയും പശുവിനെ കൊല്ലുന്നത് കൊടും ഹിംസയും ആടിനേയോ കോഴിയേയോ കൊല്ലുന്നത് കുറഞ്ഞഹിംസയായും മാറുന്ന കപട ജനകീയ ഭക്ഷണബോധമാണ് സൃഷ്ടിച്ചത്. ഹിംസയുടെ ഈ ഘടനാക്രമത്തിൽ ദളിതുകൾ അപരവൽക്കരിക്കപ്പെടുകയും ദളിത ഭക്ഷണങ്ങൾ വിലകുറഞ്ഞതാക്കുകയും ബ്രാഹ്മണിക്കൽ വെജിറ്റേറിയനിസത്തെ ഇന്ത്യൻ ഭക്ഷണബോധത്തിന്റെ അമരത്ത് കൊണ്ടുവരികയും ചെയ്തു.

കേരളാധുനികതയിൽ ഇതിന്റെ മറ്റൊരു വശമാണ് പ്രയോഗിക്കപ്പെട്ടത്. ഉപജാതികളുടെ ലയനവും കൊളോണിയൽ നാടുവാഴ്ചയും ബ്രാഹ്മണ സ്വഭാവമുള്ള പ്രഭുക്കളും നമ്പൂതിരി വാഴ്ച

MESMAC International Conferences 2023
ISBN 978-81-956895-5-2


യും എല്ലാം ചേർന്നപ്പോൾ കേരളഭക്ഷണവ്യവസ്ഥ മാറ്റത്തിനു വിധേയമാവാൻ തുടങ്ങി. ഈ ചരിത്രഘട്ടത്തിൽ വച്ചാണ് കേരള ഭക്ഷണത്തിന്റെ പൊതുമാതൃക വാർക്കപ്പെട്ടത്.

മലയാളികളിൽ മഹാഭൂരിപക്ഷവും മത്സ്യമാംസഭുക്കുക ളാണെന്ന് വില്യം ലോഗൻ ഇക്കാലത്തെക്കുറിച്ച് എഴുതുന്നു ണ്ട്.(ലോഗൻ വിലം, 1985 (1857). സവിശേഷമായി കേരളത്തിൽ വലിയ തീരപ്രദേശം ഉണ്ടായിരുന്നതുകൊണ്ടും വിദേശികളുടെ സമ്പർക്കംകൊണ്ടും മത്സ്യ-മാംസ ഭക്ഷണത്തിന് മറ്റുള്ള ഇട ങ്ങളിൽ ഉള്ളതിനേക്കാൾ സാമൂഹ്യപദവി ലഭിച്ചിരുന്നു. ബ്രാഹ്മ ണരും നമ്പൂതിരികളും ഒഴികെയുള്ള സമൂഹമത്രയും മിശ്രഭോ ജികളായിരുന്നിട്ടും ജാതിനിർമാർജനത്തിനായി സംഘടിപ്പിക്ക പ്പെട്ട മിശ്രഭോജനത്തിന് സസ്യാഹാരം ഉപയോഗിക്കുന്നതുമുതൽ ആരംഭിക്കപ്പെടുന്ന ഭൂരിപക്ഷരുചി വിരുദ്ധത ഇന്ന് തിരിച്ചറിയ പ്പെടുന്നുണ്ട്. ദേശീയ സന്ദർഭത്തിൽ ഗാന്ധി വിമർശിക്കപ്പെട്ടതു പോലെ കേരളാധുനികതയുടെ നിർമിതിയിൽ ശ്രീനാരായണഗുരു വിമർശനവിധേയമാവുന്നു. 1888-നോടടുപ്പിച്ച് നാരായണഗുരു അരു വിപ്പുറത്ത് വാവൂട്ടുയോഗം നടത്തുന്നത് അതുവരെ ഈഴവർ ഉപ യോഗിച്ചിരുന്ന മത്സ്യമാംസക്കറിക്കുപകരമായി പച്ചക്കറി ശീലി പ്പിക്കാനാണ് എന്നുവരികയും എസ്.എൻ.ഡി.പി യുടെ പരിഷ്ക രണ പരിപാടിയിലൊന്നായി ഭക്ഷണനവീകരണം, സസ്യാഹാര പ്രോത്സാഹനം നടപ്പാക്കാൻ തീരുമാനിച്ചിരുന്നു എന്ന് മനസ്സി ലാക്കുമ്പോൾ ബ്രാഹ്മണിക്കൽഭക്ഷണത്തിന്റെ വാർപ്പു മാതൃക എങ്ങനെ രൂപപ്പെട്ടുവെന്നതിനു സൂചന ലഭിക്കുന്നു.

**ഭാഗം രണ്ട്**

കേരളാധുനികതയുടേയും ഇന്ത്യനാധുനികതയുടേയും വെളിച്ചത്തിൽ കേരളഭക്ഷണത്തിന്റെ ചരിത്രം സാമാന്യമായി പരിശോധിക്കുകയായിരുന്നു,ഇതുവരെ. നവോത്ഥാനകാലത്ത് ഭക്ഷണം ജാതിവിരുദ്ധപ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനത്ത് കടന്നു വരുന്നു.

തൈക്കാട് അയ്യാവിന്റെ (1814-1909) പന്തിഭോജനം, വൈകു ണ്ഠസ്വാമിയുടെ (1809-1851) സമപന്തിഭോജനം, സഹോദരൻ അയ്യ പ്പന്റെ (1889-1968) മിശ്രഭോജനം, വാഗ്ഭടാനന്ദന്റെ (1885-1939) പ്രീതി ഭോജനം എന്നിവ ഭക്ഷണത്തെ സമരപ്രതീകമായി വളർത്തുക യായിരുന്നു.

MESMAC International Conferences 2023
ISBN 978-81-956895-5-2

തിരുവനന്തപുരത്തെ തൈക്കാട് വച്ചാണ് തൈക്കാട് അയ്യാവ് തൈപ്പൂയസദ്യ നടത്തിയത്. ബ്രാഹ്മണരേയും പുലയ രേയും ഒരുപോലെ ക്ഷണിച്ച് തൈപ്പൂയദിനത്തിൽ നടത്തിയ സദ്യ പുലയസമുദായത്തിലുള്ളവർക്ക് വലിയ പ്രതീക്ഷ നൽകി. അയ്യങ്കാളിയെ പ്രത്യേകമായി സദ്യക്ക് ക്ഷണിച്ചിരുന്നു. ഇതിനു ശേഷം നിരവധിയിടങ്ങളിൽ പന്തിഭോജനം നടത്തുകയും ചെയ്തു. വൈകുണ്ഠസ്വാമികളുടെ സമപന്തിഭോജനത്തിന്റെയും ലക്ഷ്യം ഇതുതന്നെ ആയിരുന്നു. 'അയ്യാവ് വഴി' എന്ന സന്ദേശ മാർഗം വഴിയാണ് സമപന്തിഭോജനത്തിന് നേതൃത്വം നൽകിയ ത്. ചെറായിയിൽ 1917 മെയ് 29ന് വിവിധ ജാതിസമുദായത്തിലെ അംഗങ്ങളെ പങ്കെടുപ്പിച്ച് സഹോദരൻ അയ്യപ്പൻ നടത്തിയ 'ഭക്ഷ ണസമര'മായി വേണം മിശ്രഭോജനത്തെ കണക്കാക്കാൻ. ഈഴ വരും പുലയരും ഉൾപ്പെടെ 12 പേർ ഒപ്പുവെച്ച ഒരു നോട്ടീസ് ഇതിന്റെ ഭാഗമായി പുറത്തിറക്കിയിരുന്നു. ദളിതരുടെ പ്രീതിയാണ് സാമൂഹികാഹ്ലാദത്തിന്റെ അടിസ്ഥാനമെന്നും ഒരുമക്കായുള്ള സാമൂഹ്യപ്രവർത്തനം പ്രീതിഭോജനത്തിലൂടെ സാധ്യമാവു മെന്നും വാഗ്ഭടാനന്ദനും വിശ്വസിച്ചു.

**മിശ്രഭോജനം**

മിശ്രഭോജനം എന്നത് വെല്ലുവിളി നിറഞ്ഞ സമരമാർഗ മായിരുന്നുവെന്ന് എം.കെ.സാനു രേഖപ്പെടുത്തുന്നു. അക്കാലത്ത് നാരായണഗുരു പുലയ സമുദായാംഗങ്ങളെ പാചകത്തിനു നിർ ത്തിയിരുന്നു. എന്നാൽ അത് ഗുരുവിലുള്ള വിശ്വാസവും ആത്മീ യപ്രഭയും കൊണ്ട് അംഗീകരിക്കപ്പെടുകയായിരുന്നു. എന്നാൽ അതുപോലെയല്ല 'അയ്യപ്പൻ മാസ്റ്ററുടെ കഥ' എന്ന് സഹോദരൻ അയ്യപ്പന്റെ നാട്ടുകാർ മുന്നറിയിപ്പ് നൽകുന്നുണ്ട്. 'നാം ചെയ്യുന്ന കൃത്യം ആദർശപരമാണെങ്കിൽ ഇന്നല്ലെങ്കിൽ നാളെ അതിന് പിൻതുണ കിട്ടാതിരിക്കില്ല. അതുവരെ സകല എതിർപ്പുകളേയും അഭിമുഖീകരിക്കുക തന്നെ വേണം. സമചിത്തതയോടുകൂടി പ്രവർ ത്തിച്ച് എതിരാളികളേയും അനുകൂലികളാക്കി മാറ്റണം' ഇതായി രുന്നു സഹോദരൻ അയ്യപ്പന്റെ പ്രതികരണം. (സാനു എം.കെ: 2018(1989)

പുലയസമുദായത്തിൽ നിന്ന് ആരെ ക്ഷണിക്കുമെന്നായി അടുത്ത ചോദ്യം. ഈഴവരോടൊപ്പമിരുന്ന് ആഹാരം കഴിക്കാൻ പുലയരാരും ഒരുക്കമായിരുന്നില്ല. ആചാരത്തിന്റെ അതിരു ലംഘി ക്കാൻ അവർക്കും മടിയുണ്ടായിരുന്നു. അപ്പോഴാണ് കെ.കെ.അ

ച്ച്യുതൻമാസ്റ്റർ വീടിനടുത്ത് വള്ളോൻ, ചാത്തൻ എന്നീ പുലയ വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെന്ന കാര്യം പറഞ്ഞത്. മാഷ് അന്നു വൈകീട്ടുതന്നെ അവരുമായി ബന്ധപ്പെട്ടു.

അടുത്ത പടി നോട്ടീസ് അറിയിപ്പായിരുന്നു. മിശ്രഭോജനം സമരമാർഗം മാത്രമല്ല, ആശയപ്രചരണം കൂടിയായതിനാൽ പ്രചരണപരിപാടി അനിവാര്യമായി സഹോദരൻ അയ്യപ്പൻ കരുതി. നാരായണഗുരുവിന്റെ അതിപ്രധാനമായ ഒരു സന്ദേശം നാട്ടുകാരെ അറിയിക്കുന്നതിനായി ഒരു സമ്മേളനം കൂടുന്നുവെന്നും അതിലേക്ക് ഏവരേയും ക്ഷണിക്കുന്നു എന്നുമായിരുന്നു നോട്ടീസിന്റെ ഉള്ളടക്കം. കെ.കെ.അച്യുതൻ, പി.എൻ.അച്യുതൻ, കെ.സി.കേശവൻ, കെ.കുമാരൻ, എ.സി.കാർത്തികേയൻ, എ.ടി.എ.ആണ്ടി, കെ.എ.കൃഷ്ണൻ, എ.രാമൻപിള്ള, ടി.കെ.കിട്ടൻ, കൂനി രാഘവൻ മാസ്റ്റർ, കൃഷ്ണസ്വീരി വൈദ്യർ, കെ.അയ്യപ്പൻ എന്നിവർ അറിയിയിപ്പിനു താഴെ ഒപ്പുവച്ചു. ചെറായിയിൽ തുണ്ടിടപറമ്പ് എന്ന സ്ഥലമാണ് സമ്മേളനത്തിനായി നിശ്ചയിച്ചിരുന്നത്.

കെ.കുമാരന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. സഹോദരൻ അയ്യപ്പൻ ജാതിസമ്പ്രദായത്തിന്റെ ദൂഷ്യത്തെക്കുറിച്ചും അത് പൊട്ടിച്ചെറിയേണ്ട ആവശ്യകതയെക്കുറിച്ചുമായി പ്രസംഗിച്ചു. നാരായണഗുരു അദ്ദേഹത്തിന്റെ അനുയായികളിൽ നിന്ന് പ്രതീക്ഷിക്കുന്നത് ആ ചുമതല നിശ്ചയദാർഢ്യത്തോടെ നിർവഹിക്കുക എന്നതാണ്. നമ്മോടൊപ്പമുള്ള രണ്ടു സഹോദരൻമാർക്കൊപ്പമിരുന്ന് ഭക്ഷണം കഴിക്കുക എന്നതാണ് ഇവിടത്തെ പ്രധാന ചടങ്ങെന്നും അയ്യപ്പൻ പ്രസംഗത്തിൽ പറയുന്നു. ജാതിനശീകരണം പ്രായോഗികമാക്കണമെന്നാഗ്രഹിക്കുന്നവർ ആദ്യമായി തങ്ങളേക്കാൾ താണവരായി ഗണിക്കപ്പെടുന്ന സമുദായങ്ങൾക്ക് തുല്യപദവി നൽകുകയാണു വേണ്ടതെന്നും എല്ലാവരും ഈ സംരംഭത്തോട് സഹകരിക്കുകതന്നെ വേണമെന്നും സഹോദരൻ അയ്യപ്പൻ പറഞ്ഞു. പ്രസംഗത്തിനുശേഷം അദ്ദേഹം എല്ലാവരേയും ഒരു ‘സത്യവാചകം’ വായിച്ചു കേൾപ്പിച്ചു. ‘ജാതിവ്യത്യാസം ശാസ്ത്രവിരുദ്ധവും ദോഷകരവും അനാവശ്യവുമായതുകൊണ്ട് അതിനെ ഇല്ലാതാക്കുവാൻ നിയമവിരുദ്ധമല്ലാത്ത വിധം കഴിയുന്നതൊക്കെ ചെയ്യാമെന്ന് ഞാൻ പൂർണ്ണ മനസ്സാലെ സമ്മതിച്ച് സത്യം ചെയ്തുകൊള്ളുന്നു.’

തുടർന്ന് സത്യവാചക പത്രിക സദസ്യർക്ക് വിതരണം ചെയ്യുകയും എല്ലാവരും അതിൽ ഒപ്പ് വെയ്ക്കുകയും ചെയ്തു.

MESMAC International Conferences 2023
ISBN 978-81-956895-5-2

അഞ്ചാറുപേർക്കു മാത്രമാണ് ആഹാരം പാകംചെയ്തിരുന്നത്. അത് എല്ലാവർക്കുമായി ഇലകളിൽ പുലയ ബാലൻമാരെക്കൊണ്ട് വിളമ്പിച്ചു. അവരോടൊപ്പമിരുന്ന് എല്ലാവരും അത് കഴിക്കുകയും ചെയ്തു. ഇതായിരുന്നു മിശ്രഭോജനം.

**മിശ്രഭോജനാനന്തരം**

വിപ്ലവാത്മക പ്രവർത്തനമായി മിശ്രഭോജനം വിശേഷിപ്പിക്കപ്പെട്ടെങ്കിലും അതിനുശേഷം നടന്ന സംഭവവികാസങ്ങൾ എത്രയും വലിയ ജാതിക്കൊടുമയ്ക്കെതിരെയാണ് സഹോദരൻ അയ്യപ്പനും മറ്റും നടത്തിയ സമരമെന്ന് വിളിച്ചറിയിക്കുന്നു. നൂറ്റാണ്ടുകളായി നിലനിന്ന ആചാരത്തെയാണ് എണ്ണിപ്പറയാവുന്ന പന്ത്രണ്ടുപേർ ചേർന്ന് പൊട്ടിച്ചെറിഞ്ഞത്.

മിശ്രഭോജനത്തെ ആദ്യത്തെ ആഘാതമായി തിരിച്ചറിഞ്ഞത് ചെറായിയിലെ ഈഴവരുടെ സംഘടനയായ വിജ്ഞാനവർദ്ധിനിസഭയാണ്. മിശ്രഭോജന വാർത്ത അറിഞ്ഞതോടെ സഭയുടെ ഭാരവാഹികൾ അടിയന്തിരയോഗം ചേർന്നു. മിശ്രഭോജനത്തിൽ പങ്കെടുത്തവരെ ഭ്രഷ്ട് കൽപ്പിക്കുക എന്ന തീരുമാനത്തിൽ അവരെത്തി. നേരിട്ടു പങ്കെടുത്തവരും സദസ്യരും പിന്തുണക്കാരുമായി 22 വീട്ടുകാരെ കണ്ടെത്തി. എല്ലാ അർത്ഥത്തിലും അവരെ സഭയിൽ നിന്ന് പുറത്താക്കാനായിരുന്നു തീരുമാനം. സമൂഹത്തിൽനിന്ന് പരിപൂർണമായും ഒറ്റപ്പെടുത്തുക എന്നതായിരുന്നു രീതി. ആ വീട്ടുകാരുമായി ഒരു കാര്യത്തിലും സമുദായാംഗങ്ങൾ സഹകരിച്ചുപോവരുതെന്ന് പ്രഖ്യാപിച്ചു. അടിയന്തിരങ്ങളിലോ ആഘോഷങ്ങളിലോ ഒന്നിലും അവരെ പങ്കെടുപ്പിക്കരുത്. സമുദായത്തിന്റെ അലക്കുകാരായ വേലത്തികൾ അവർക്ക് മാറ്റ് കൊടുക്കരുതെന്നും ക്ഷുരകർ അവർക്ക് ക്ഷൗരം ചെയ്തുകൊടുക്കാൻ പാടില്ലെന്നും വിലക്ക് വ്യക്തമാക്കി.

മിശ്രഭോജനത്തിൽ പങ്കെടുത്തവർ സമൂഹത്തിൽനിന്നും പരിപൂർണമായും ഒറ്റപ്പെട്ടു. കൊടുംകുറ്റവാളികളെപ്പോലെ അവർ പാത്തും പതുങ്ങിയും വന്നാണ് കുടുംബത്തിൽ നിന്നുപോലും പിന്നീട് ആഹാരം സ്വീകരിച്ചത്. ചില വ്യക്തികളെ കുടുംബക്കാർ തന്നെ ഒഴിവാക്കി. വീട്ടുകാരിൽ ബാക്കിയുള്ളവർ തങ്ങളെ ഭ്രഷ്ടിൽ നിന്നും ഒഴിവാക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ ചിലർ പഞ്ചഗവ്യം കഴിച്ച് ശുദ്ധിവരുത്തി സാമുദായിക ജീവിതത്തിലേക് മടങ്ങി.

MESMAC International Conferences 2023
ISBN 978-81-956895-5-2


മറ്റു ചിലർ ഭ്രഷ്ടിനെ നേരിട്ടു. അത്തരം യുവാക്കൾക്ക് സമൂഹത്തിൽനിന്ന് പിൻതുണ ലഭിച്ചു. മിശ്രഭോജനത്തിൽ പങ്കെടുത്തവരെ 'പുലച്ചോൻമാർ' എന്നാണ് വിളിച്ചിരുന്നത്. മിശ്രഭോജനത്തെ അനുകൂലിച്ചുകൊണ്ട് മിതവാദിയിൽ സി.കൃഷ്ണൻ എഴുതിയ മുഖപ്രസംഗം സമരഭടൻമാർക്ക് ഭ്രഷ്ടിനിടയിലും ആവേശമായി. കുമാരനാശാൻ മിശ്രഭോജനത്തോട് സമ്മിശ്രമായാണ് പ്രതികരിച്ചത്. ആദർശാത്മകതയുടെ കൊടുമുടിയിൽ കയറിയുള്ള കിഴുക്കാംതൂക്കായ ചാട്ടമായാണ് കുമാരനാശാൻ മിശ്രഭോജനത്തെ കണ്ടത്. എന്നാൽ വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരെ പുറത്താക്കിയിട്ട് സഭയ്ക്ക് എന്തു നേട്ടമാണുണ്ടായതെന്നും അദ്ദേഹം ചോദിച്ചു.

ചെറായിയിലെ ജനങ്ങൾ മിശ്രഭോജനത്തിനുശേഷം അനുകൂലികളും പ്രതികൂലികളും എന്ന തരത്തിൽ രണ്ടായി തിരിഞ്ഞ് അഭിപ്രായ പ്രകടനം നടത്താൻ തുടങ്ങി. അനുകൂലിച്ചവർ ഒരു പുതിയ പ്രസ്ഥാനമായിമാറി. ആ പ്രസ്ഥാനമാണ് സഹോദര പ്രസ്ഥാനം.

കുമാരനാശാന്റെ 'കിഴുക്കാം തൂക്ക് ചാട്ട'മെന്ന പ്രതികരണത്തിനു മറുപടിയെന്നോണം സഹോദരൻപത്രത്തിൽ സഹോദരൻഅയ്യപ്പൻ മറുപടിയെഴുതുകയുണ്ടായി. സഹോദരൻ അയ്യപ്പന്റെ മറുപടിയിൽ നിന്ന്:

'മിശ്രഭോജനംകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് ചിലർ വാദിക്കുന്നു. പുലയരും നമ്പൂതിരിയും കൂടിയിരുന്നു പന്തിഭോജനം ചെയ്താൽ പുലയൻ ഉയരുകയില്ലെന്നു മാത്രമല്ല, നമ്പൂതിരി താഴുകകൂടി ചെയ്യുമെന്നാണ് അവരുടെ അഭിപ്രായം... മിശ്രഭോജനം ചെയ്യുന്നത് അതുകൊണ്ടുമാത്രം ഏതെങ്കിലും വർഗക്കാർക്കു വിദ്യാഭ്യാസവും ധനവും വർദ്ധിപ്പിച്ചു കളയാമെന്നു വച്ചിട്ടല്ല. ഉയർന്നവരെ താഴ്ത്തി താണവരുടെ സ്ഥിതിയിൽ കൊണ്ടുവരാനും മിശ്രഭോജനക്കാർക്ക് ഉദ്ദേശ്യമില്ല. പൊതുവിൽ രാജ്യത്തിന്റെ ക്ഷേമത്തിനുവേണ്ടി, ആർക്കും ഉപദ്രവം ഉണ്ടാകാത്ത വിധത്തിൽ ജാതിവ്യത്യാസം ഇല്ലാതാക്കണമെന്നു മാത്രമേ അവർക്ക് ആഗ്രഹമുള്ളൂ.'(സാനു എം കെ 2018 (1989)

യഥാർത്ഥത്തിൽ ജാതിവ്യവസ്ഥയുടെ ശ്രേണീബന്ധത്തിനു പോറലേൽക്കാത്തവിധമാണ് മിശ്രഭോജനം നടത്തുകയെന്ന സാക്ഷ്യപ്പെടുത്തൽ ഇതിലുണ്ട്. സമൂഹം മിശ്രഭോജനക്കാർക്കെതിരെ ഉയർത്തിയ വെല്ലുവിളിയുടെ ആഴവും ഇതിൽ വായിക്കാം.

MESMAC International Conferences 2023
ISBN 978-81-956895-5-2

## ഉപസംഹാരം

കേരളത്തിലെ ജാതിശ്രേണീകരണത്തിന്റെ പ്രത്യക്ഷ ചിഹ്നമായിരുന്നു ഭക്ഷണം. അതിനാൽ നവോത്ഥാനകാലത്ത് ജാതിവിരുദ്ധപ്രവർത്തനത്തിന്റെ പ്രതീകമായി ഭക്ഷണം മാറി. നവോത്ഥാന ഭോജനസമരങ്ങൾ ജാതിയുടെ ശ്രേണീകരണത്തിനു പോറലേൽക്കാത്ത വിധമാണ് നടന്നതെന്ന് ഇന്നു വിലയിരുത്തുവാൻ കഴിയും.

## ഗ്രന്ഥസൂചി

അരുൺ എ., 2008, ആഖ്യാനത്തിലെ അപരസ്ഥലികൾ, സബ്ജക്റ്റ് അൻഡ് ലാംഗ്വേജ്
ഗണേഷ്, സി,2019, കേരളഭക്ഷണത്തിന്റെ സംസ്കാരചരിത്രം, മലയാളസർവകലാശാല.
ഭാസ്കരനുണ്ണി, 2000, പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളം, തൃശൂർ: കേരള സാഹിത്യ അക്കാദമി.
ലോഗൻ വില്യം, 1985 (1857), മലബാർ മാന്വൽ, കോഴിക്കോട്: മാതൃഭൂമി.
സാനു എം.കെ, 2018(1989) സഹോദരൻ കെ അയ്യപ്പൻ, നാസ്തിക്

MESMAC International Conferences 2023
ISBN 978-81-956895-5-2


# 2.
# ഭക്ഷണവും രാഷ്ട്രീയവും:
## ഹൈന്ദവ ദേശീയതയും ബ്രിട്ടീഷ് അധിനിവേശവും ഗോമാംസരാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ
## (1911 ലെ ഗോരക്ഷക ഉപദേശത്തെ മുൻനിർത്തിയുള്ള പഠനം)

**സഞ്ചന കെ.**

ഗവേഷക, മലയാള വിഭാഗം
എസ്.എൻ.ജി.എസ്.കോളേജ് പട്ടാമ്പി
sanchanakptb@gmail.com

**പ്രബന്ധസംഗ്രഹം**

1911–ൽ ആലപ്പുഴയിലെ മലയാള മയൂഖം പ്രസ്സിൽനിന്നും ഗോരക്ഷക സഭ പ്രസിഡന്റ് ഗേലാരായസി വിവർത്തനം ചെയ്ത് പുറത്തിറക്കിയ ഗോരക്ഷക ഉപദേശം എന്ന പുസ്തകത്തിന്റെ വിമർശനാത്മക പഠനമാണ് ഈ പ്രബന്ധത്തിലൂടെ നടത്തുന്നത്. ബ്രിട്ടീഷ് കൊളോണിയൽ കാലഘട്ടത്തിൽ വിവിധ നാട്ടുരാജ്യങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട ഗോവധ നിരോധനത്തെ സംബന്ധിച്ച ഉത്തരവുകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. മുസ്ലീം, ദളിത് ജനതയെ ലക്ഷ്യമാക്കിക്കൊണ്ട് അവരുടെ ഭക്ഷണസംസ്കാരത്തിലും അവകാശങ്ങളിലും കൈകടത്തിക്കൊണ്ടുള്ള ഇത്തരം നിയമങ്ങൾ ഹൈന്ദവ രാഷ്ട്രീയത്തിന്റെ ഒരു പ്രചാരണോപാധിയായാണ് പ്രവർത്തിച്ചത്. കേരളത്തിലും ഇത്തരം ശ്രമങ്ങൾ ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ നടന്നിട്ടുണ്ട് എന്ന് 'ഗോരക്ഷക ഉപദേശം' എന്ന പുസ്തകത്തിലൂടെ മനസ്സിലാക്കാം. ഹൈന്ദവ ദേശീയതയുടെ വക്താക്കളും ബ്രിട്ടീഷ് കൊളോണിയൽ ശക്തികളും തമ്മിൽ ഉണ്ടായിട്ടുള്ള ബാന്ധവത്തിന്റെ ഫലമായിട്ടു കൂടിയാണ് ഇവിടെ ഗോമാംസ നിരോധനവും അതിനെ ചൊല്ലിയുള്ള വിഭാഗീയതകളും കടന്നുവരുന്നത്.

**താക്കോൽവാക്കുകൾ:** ഗോരക്ഷക ഉപദേശം, ഗോമാംസ രാഷ്ട്രീയം, ഗോവധ നിരോധനനിയമം, ബ്രാഹ്മണിക്കൽ ആധിപത്യം, ഹൈന്ദവ രാഷ്ട്രീയം, സവർണ ദേശീയത, ബ്രിട്ടീഷ് അധിനിവേശ ശക്തികൾ

MESMAC International Conferences 2023
ISBN 978-81-956895-5-2

**ആമുഖം**

ഇന്ത്യയുടെ രാഷ്ട്രീയമണ്ഡലത്തിൽ നിരന്തരം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ഗോമാംസഭക്ഷണവും അതിനെ തുടർന്നുണ്ടാകുന്ന അക്രമണങ്ങളും വിവാദങ്ങളും. ആധുനിക ഇന്ത്യ രൂപപ്പെടുന്ന കാലത്തുതന്നെ ഹൈന്ദവരാഷ്ട്രീയം പശുവിനെ ഒരു ആദ്ധ്യാത്മിക ചിഹ്നമായി ഉയർത്തിക്കൊണ്ടു വന്നിട്ടുണ്ട്. മുസ്ലിം-ദളിത് വിഭാഗങ്ങളെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഉന്മൂലനത്തിന്റെ തത്വശാസ്ത്രമാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്.

സ്വാതന്ത്ര്യാനന്തരം എട്ട് സംസ്ഥാനങ്ങളിലൊഴികെ ബാക്കി എല്ലായിടത്തും സംസ്ഥാന സർക്കാറുകൾ ഗോവധനിരോധനനിയമം നടപ്പാക്കിയിട്ടുണ്ട്. ഗോമാംസം ഭക്ഷിക്കുകയും പശുവിന്റെ തോലെടുത്തു വിറ്റ് ജീവിതോപാധി കണ്ടെത്തുകയും ചെയ്തിരുന്ന ദളിത് വിഭാഗങ്ങളിലെ ജനതയുടെ ജീവിതത്തിനു മേൽ നടത്തിയ അടിച്ചേൽപ്പിക്കലാണ് ഗോവധനിരോധന നിയമങ്ങൾ. എന്നാൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഏറെ വ്യത്യാസപ്പെട്ടു നിൽക്കുന്ന രാഷ്ട്രീയ സാമൂഹ്യ സാഹചര്യമാണ് കേരളത്തിലുള്ളത്. പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ നവോത്ഥാന മുന്നേറ്റം കേരളത്തിന്റെ സാംസ്കാരികാവബോധ വികാസത്തിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഗോവധ നിരോധനം ഇതുവരെ നടപ്പിലാകാത്ത ഒരു സംസ്ഥാനമാണ് കേരളം. സജീവമായ പശുരാഷ്ട്രീയം കേരളത്തിലുണ്ടായിട്ടില്ല എന്നു പറയാം. എങ്കിലും ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ ഗോവധനിരോധനവും ഗോസംരക്ഷണവും പൊതുജന ശ്രദ്ധയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഇവിടെയും ഉണ്ടായിട്ടുണ്ട്. എന്നാൽ അക്കാര്യം നമ്മുടെ സാമൂഹ്യ ചിന്തകളിൽ കാര്യമായി പ്രത്യക്ഷപ്പെട്ടു കാണുന്നില്ല.

**ഗോരക്ഷക ഉപദേശം**

1911-ൽ ഗോരക്ഷകസഭ അച്ചടിച്ച് പ്രസിദ്ധീകരിച്ച 'ഗോരക്ഷക ഉപദേശം' എന്ന പുസ്തകം ഇത്തരമൊരു ശ്രമത്തിന്റെ ഭാഗമായി കേരളത്തിലുണ്ടായതാണ്. ആലപ്പുഴയിലെ മലയാള മയൂഖം പ്രസ്സിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ച ഗോരക്ഷക ഉപദേശത്തിൽ കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ നിലനിന്നിരുന്ന ഗോവധ നിരോധന ഉത്തരവുകളെ പറ്റിയാണ് പ്രതിപാദിക്കുന്നത്. ഗോരക്ഷകസഭ പ്രസിഡന്റായിരുന്ന ഗേലാരായസി തർജ്ജമ ചെയ്യിപ്പിച്ച, കേരളത്തിന്റെ

MESMAC International Conferences 2023
ISBN 978-81-956895-5-2


പൊതു രാഷ്ട്രീയപാരമ്പര്യത്തിൽ നിന്നു വിഭിന്നമായി നിൽക്കുന്ന ഈ പുസ്തകത്തിന് സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ വളരെയധികം പ്രാധാന്യമുണ്ട്. ഹിന്ദുമത പ്രചരണത്തിന്റെ ഉപാധിയെന്ന നിലയിൽ പശുവും പശു സംരക്ഷണവും സസ്യാഹാരവും പരിവർത്തനം ചെയ്യപ്പെടുന്നതിന്റെ രാഷ്ട്രീയവും അതിനെ സ്വാധീനിച്ച സാമൂഹിക സാംസ്കാരിക രാഷ്ട്രീയഘടകങ്ങളും 'ഗോരക്ഷക ഉപദേശ'മെന്ന പുസ്തകത്തെ മുൻനിർത്തി അപഗ്രഥിക്കുകയാണിനിടെ. സമകാലിക സാമൂഹ്യാന്തരീക്ഷത്തിൽ സവർണ പ്രത്യയശാസ്ത്രം പൗരന്റെ മൗലികാവകാശങ്ങളെപോലും വകവെക്കാതെ ഹൈന്ദവ രാഷ്ട്രീയ സിദ്ധാന്തം പ്രാവർത്തികമാക്കുകയാണ്. ഒരുനൂറ്റാണ്ട് മുമ്പുതന്നെ കേരളത്തിൽ ഗോരക്ഷാസഭ രൂപീകരിക്കപ്പെടുകയും ഗോമാംസ നിരോധനശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് 1911-ൽ ഇറങ്ങിയ 'ഗോരക്ഷക ഉപദേശം' സാക്ഷ്യപ്പെടുത്തുന്നു. അതിന്റെ പ്രത്യയശാസ്ത്രപരമായ വ്യാപനം 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിനു ശേഷം പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ തന്നെ ആരംഭിച്ചിരുന്നു.

### ഗോരക്ഷിണി സഭ: ഉത്ഭവവും പ്രവർത്തനങ്ങളും

ആധുനിക ഇന്ത്യയിലെ പശുരാഷ്ട്രീയം തുടങ്ങുന്നത് പഞ്ചാബിലാണ്. 1870-ൽ പഞ്ചാബിലെ സിഖ് കുക്ക (നാംധാരി) വിഭാഗമാണ് ഗോസംരക്ഷണ ശ്രമങ്ങൾക്ക് തുടക്കമിടുന്നത്. പിന്നീട് 1882-ൽ പഞ്ചാബിൽ ദയാനന്ദ സരസ്വതി 'ഗോരക്ഷിണിസഭ' സ്ഥാപിച്ചതോടെയാണ് ഗോവധ നിരോധനമെന്ന മുന്നേറ്റം പ്രബലമാവുന്നത്. ഇതോടെ ഇന്ത്യയിൽ മുസ്ലീങ്ങൾ നടത്തിയിരുന്ന ഗോവധം ചോദ്യം ചെയ്യപ്പെട്ടു. 1880 കളോടെ ഇന്ത്യയിൽ വിവിധപ്രദേശങ്ങളിൽ വർഗീയലഹളയുടെ പരമ്പരയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. 1717-നും 1977-നും ഇടയ്ക്ക് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് 163 ഹിന്ദു-മുസ്ലീം സംഘർഷങ്ങളുണ്ടായിട്ടുണ്ട്. അതിൽ 22 എണ്ണത്തിന്റെയും കാരണം പ്രത്യക്ഷമായും ഗോവധമാണ് (Banu Zenab.Appendix 4 politics of communalism, page 175-193). ഹിന്ദു ഐക്യചിഹ്നമായി ഗോരക്ഷിണിസഭ പശുവിനെ ഉയർത്തിക്കാട്ടി. ഇത് പശുസംരക്ഷണത്തിനായി രൂപംകൊടുത്ത പ്രസ്ഥാനമായിരുന്നു. തുടക്കം ഗോശാലകൾ സ്ഥാപിച്ചുകൊണ്ടായിരുന്നു. മുസ്ലീങ്ങളിൽ നിന്നും പശുവെന്ന വിശുദ്ധമൃഗത്തെ സംരക്ഷിക്കാൻ ഹിന്ദുക്കൾക്ക് ബാധ്യതയുണ്ട് എന്ന നിലപാടിലേക്ക്

MESMAC International Conferences 2023
ISBN 978-81-956895-5-2

ക്രമേണ സഭ മാറി. ഗോരക്ഷിണിസഭയെ ഒരു ദേശീയപ്രസ്ഥാന മായി മാറ്റുന്നതിൽ ആര്യസമാജം നിർണായക പങ്കുവഹിച്ചിട്ടുണ്ട്. ഉത്തരേന്ത്യയിൽ ഗോസംരക്ഷണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത് വിജയ് പാൽ ബാഗലായിരുന്നു.

തീവണ്ടിയുടെ ആവിർഭാവവും അച്ചടിവിദ്യയുടെ പ്രചാരവും ഗോരക്ഷിണിസഭയുടെ പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിച്ചു. 1888-ൽ അലഹബാദ് നോർത്ത് വെസ്റ്റേൺ പ്രൊവിൻസസ് ഹൈ ക്കോർട്ട് പുറപ്പെടുവിച്ച 'പശു ഒരു പുണ്യവസ്തുവല്ല' (Sandria B. Freitag,Sacred Symbol as Mobilizing Ideology:The North Indian search for a "Hindu"community) എന്ന ഉത്തരവ് സംഘാർഷാന്തരീക്ഷം രൂക്ഷമാക്കി. ഇന്ത്യൻ പീനൽകോഡിന്റെ 295ാം സെക്ഷനിൽ വിശ ദീകരിച്ചിരിക്കുന്ന വിശുദ്ധമൃഗങ്ങളുടെ പട്ടികയിൽ പശു ഉൾപ്പെ ടുന്നില്ലെന്നും പശുമാംസം ഭക്ഷിക്കുന്നതിന്റെ പേരിൽ മുസ്ലീങ്ങളെ കുറ്റക്കാരായി കാണാനാവില്ലെന്നുമായിരുന്നു വിധിയിൽ പറ ഞ്ഞത്. ബ്രിട്ടീഷുകാരും കോടതിയും ഹിന്ദുക്കൾക്കെതിരെയാണ് എന്ന പ്രചരണത്തിലൂടെ വിധിയെ പ്രതിരോധിക്കാനാണ് ഗോര ക്ഷിണിസഭ ശ്രമിച്ചത്. 1893 ആയപ്പോഴേക്കും പശുലഹളകൾ അതിന്റെ മൂർദ്ധന്യത്തിലായിരുന്നു.

'നാഗ്പൂർ, ഹരിദ്വാർ, ബനാറസ് എന്നിവിടങ്ങളിൽ വമ്പൻ ഗോവധ വിരുദ്ധ സമ്മേളനങ്ങൾ നടന്നു. പശുവിന്റെ ദുരവസ്ഥ ചിത്രീകരിക്കുന്ന തെരുവുനാടകങ്ങളും കലാരൂപങ്ങളും അവത രിപ്പിക്കപ്പെട്ടു. പശുസംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച ലഘുലേഖകൾ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യപ്പെടുകയും ആളുകൾക്ക് കത്തുകൾ അയച്ച് പശു സംരക്ഷണത്തിൽ വിഘ്നം വരുത്തിയാലുണ്ടാവുന്ന വിപത്തുകളെ കുറിച്ച് ഭീഷണിപ്പെടു ത്തുകയും ചെയ്തു. എല്ലാ ഹിന്ദുവിഭാഗങ്ങളും ഒരുമിച്ച് പശു വിനെ അറുക്കുന്നത് നോക്കി കരയുന്ന ചിത്രങ്ങൾ പ്രദർശിപ്പി ക്കപ്പെട്ടു. മുസ്ലീങ്ങൾ ബലിപെരുന്നാളിന് കന്നുകാലികളെ കശാ പ്പുചെയ്യുന്നത് ഹിന്ദുക്കളെ അപമാനിക്കുന്നതിന് തുല്യമാ ണെന്നും, ഇത് തടയണമെന്നും ആവശ്യമുയർന്നു' (ബീഫും ബിലീഫും, സി.രവിചന്ദ്രൻ, പേജ് 50).

കേരളത്തിൽ ഗോവധനിരോധന നിയമങ്ങൾ അത്ര കർശ നമായിരുന്നില്ല. എങ്കിൽകൂടിയും ഗോരക്ഷിണിസഭ ആ കാലത്ത് തന്നെ കേരളത്തിലും പ്രവർത്തിച്ചിരുന്നു. ഇവിടുത്തെ ജനങ്ങ ളിലേക്ക് ഗോരക്ഷയുടെ പ്രാധാന്യത്തെ എത്തിക്കാൻവേണ്ടി സഭ

MESMAC International Conferences 2023
ISBN 978-81-956895-5-2


പ്രവർത്തിച്ചു. ആലപ്പുഴ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ഗോരക്ഷകസഭ പ്രസിഡന്റ് ഗേലാരായസി അവർകൾ തർജ്ജമ ചെയ്ത് അച്ചടിച്ച് പുറത്തിറക്കിയതാണ് ഗോരക്ഷക ഉപദേശം എന്ന പുസ്തകം. മറ്റുനാട്ടുരാജ്യങ്ങളിൽ നിലനിന്നിരുന്ന ഗോവധ നിരോധന നിയമങ്ങളും ശിക്ഷാരീതികളും പ്രചരിപ്പിക്കുന്നതിലൂടെ ഇന്ത്യയിൽ എല്ലായിടത്തും ഗോരക്ഷ ശക്തമാക്കേണ്ടുന്നത് അത്യാവശ്യമാണ് എന്ന അവബോധം സൃഷ്ടിക്കാനാണ് ഗോരക്ഷകസഭ ശ്രമിച്ചത്.

ഹിന്ദുമതത്തിൽ പശുവിന്റെ സ്ഥാനം എത്രത്തോളം പൂജനീയമാണെന്നും അതിനെ സംരക്ഷിക്കേണ്ടത് ഹിന്ദുമതവിശ്വാസിയുടെ ധർമമാണെന്നും ഗോരക്ഷക ഉപദേശത്തിലൂടെ പ്രസ്താവിക്കുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഇന്ത്യയിൽ ഹിന്ദുമത പ്രചാരണത്തിന്റെയും ഹൈന്ദവവത്ക്കരണത്തിന്റെയും ഭാഗമായി നിന്നാണ് ഗോരക്ഷിണിസഭ പ്രവർത്തിച്ചത്. അതിനാൽ തന്നെ പശു സംരക്ഷണം എന്നതിലുപരി മുസ്ലിം വിരുദ്ധതയിൽ ഊന്നിയ പ്രവർത്തനമായിരുന്നു സഭയുടേത്. 2012-ൽ ആരംഭിച്ച 'ഗോരക്ഷാദൾ' എന്ന മറ്റൊരു സംഘടന ഇന്നും ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചാബ്, ഹരിയാന, തെലുങ്കാന, ഉത്തർപ്രദേശ്, ബീഹാർ, ഒഡീഷ, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലായി ആറായിരത്തോളം അംഗങ്ങൾ അടങ്ങുന്ന ഈ സംഘടനയുടെ ചെയർമാൻ പവൻ പണ്ഡിറ്റാണ്.

### ഹൈന്ദവ ദേശീയതയും ബ്രിട്ടീഷ് അധിനിവേശവും

ബ്രിട്ടീഷുകാർ ഇന്ത്യയിൽ അധിനിവേശം സ്ഥാപിച്ചതോടെയാണ് ഇന്ത്യ എന്ന ദേശസങ്കൽപ്പവും ഇന്ത്യൻ ദേശീയത എന്ന കാഴ്ച്ചപ്പാടുമുണ്ടാവുന്നത്. അതുവരെ വിവിധ നാട്ടുരാജ്യങ്ങളായി ചിതറിക്കിടന്നിരുന്ന പ്രദേശങ്ങളിലെ ജനങ്ങൾ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുള്ള മോചനത്തിനായി പ്രവർത്തിക്കാൻ ആരംഭിച്ചപ്പോൾ, അവരെ ഒന്നിച്ചുനിർത്താൻ ചില ഘടകങ്ങൾ ആവശ്യമായിവന്നു. അത്തരം പ്രതീകങ്ങളാണ് പിന്നീട് ദേശീയ ചിഹ്നങ്ങളായി മാറിയത്. ഇതേസമയം അപക്ഷയം സംഭവിച്ചുകൊണ്ടിരുന്ന ഭൂവുടമസ്ഥർ, ജന്മിമാർ, രാജാധികാരവാഴ്ത്തിപ്പുകാർ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നും മറ്റൊരു ദേശീയതാസങ്കല്പവും ഉയർന്നുവന്നു. അത് കൃത്യമായി മതത്തിന്റെ പരിരക്ഷയ്ക്കുള്ളിൽ നിലനിൽക്കുന്നതായിരുന്നു. ഇതാണ് ഹൈന്ദവ ദേശീയത. ജവഹർലാൽ നെഹ്റു, ബാബാ സഹേബ് അംബേ

MESMAC International Conferences 2023
ISBN 978-81-956895-5-2

ദ്ക്കർ, ഭഗത്സിംഗ് തുടങ്ങിയവരുടെ നേതൃത്വത്തിൽ മതേതരത്വത്തിൽ അധിഷ്ഠിതമായ'ഇന്ത്യൻ ദേശീയത' എന്ന മറ്റൊരു വിശാലസങ്കൽപ്പം രൂപപ്പെടുകയും ശക്തിപ്രാപിക്കുകയും ചെയ്തു. എന്നാൽ വേദങ്ങളുടേയും മനുസ്മൃതിയുടേയും കാലഘട്ടത്തിൽ നിന്നുൾക്കൊണ്ട മൂല്യങ്ങളായിരുന്നു ഹൈന്ദവദേശീയതയുടെ അടിസ്ഥാനം. സമകാലികസമൂഹത്തിലടക്കം വളരെ തന്ത്രപൂർവ്വം ദേശീയതയുടെ സങ്കൽപ്പങ്ങളിൽ മാറ്റംവരുത്താൻ ഈ പക്ഷക്കാർ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു.

**പശുവും ബ്രാഹ്മണാചാരങ്ങളും കേരളത്തിൽ**

ബ്രാഹ്മണികാചാരങ്ങളും അധികാരങ്ങളും ശക്തിപ്രാപിക്കുന്നതോടെയാണ് കേരളത്തിൽ പശുകേന്ദ്രിതമായ ആചാരങ്ങൾ രൂപപ്പെടുന്നത്. ഒമ്പതാം നൂറ്റാണ്ടോടെ കേരളത്തിന്റെ രാഷ്ട്രീയ-രാജ്യകാര്യങ്ങളിൽ വരെ സ്വാധീനമുള്ള സമൂഹമായി വളർന്ന ബ്രാഹ്മണരുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും പശുവിന് കേന്ദ്രസ്ഥാനം നൽകിയതോടെ ബ്രാഹ്മണ്യതയുടെ ചിഹ്നമായി പശു മാറി. പ്രാചീന മധ്യകാലഘട്ടത്തിൽ ഗോമാംസം, ഗോരക്ഷ തുടങ്ങിയ വ്യവഹാരങ്ങൾ പല ബ്രാഹ്മണ സാഹിത്യങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ മനുസ്മൃതി എന്നു വിളിക്കാവുന്ന ശാങ്കരസ്മൃതിയിൽ പശുവിനെ പറ്റിയുള്ള നിരവധി പരാമർശങ്ങളുണ്ട്. ഒരു നല്ല രാജാവ് എങ്ങനെയായിരിക്കണം എന്നു പറയുന്നിടത്ത് പശുക്കളെയും ബ്രാഹ്മണരെയും സംരക്ഷിക്കുന്ന രാജാവ് ഒരുവനാലും നിന്ദിക്കപ്പെടുകയില്ല എന്നാണ് പറയുന്നത്. അതുപോലെതന്നെ രാജധാനി പണിയേണ്ടത് പശുക്കൾക്ക് മേയാൻ പറ്റുന്നിടത്തായിരിക്കണമെന്നും പറയുന്നു. ഭസ്മനിർമാണത്തെ കുറിച്ച് വിശദമായ വിവരണവും ശങ്കരസ്മൃതിയിലുണ്ട്.

ഗോരസങ്ങളിൽ ഏതെങ്കിലും ഒന്ന് ഭക്ഷണത്തിന്റെ കൂടെ ഉണ്ടാവണമെന്ന നിർബന്ധം മലയാളിക്ക് ഉണ്ടായിരുന്നുവെന്ന് പറയുമ്പോൾ അതു മൊത്തം കേരളീയർക്കല്ല, സവർണ്ണർക്ക് മാത്രമായിരുന്നുവെന്ന് മനസ്സിലാക്കണം. അവർണ്ണർക്ക് പശുവിനെ തീറ്റാനല്ലാതെ പശുവിനെ പോറ്റാനോ കറക്കാനോ പാലുപയോഗിക്കാനോ അവകാശമുണ്ടായിരുന്നില്ല. പശുവിനെ ലക്ഷ്മിയായാണ് കണക്കാക്കിയിരുന്ന്. പശു പെറ്റാൽ അന്തർജ്ജനം പെറ്റപുലയാണ്- പത്തുദിവസത്തെ പുല. ആ പുല കഴിഞ്ഞാൽ പശുവിനെ കറക്കുന്നതും പാലും മറ്റുൽപന്നങ്ങളും കൈകാര്യം

MESMAC International Conferences 2023
ISBN 978-81-956895-5-2


ചെയ്യുന്നതും സവർണ്ണരായ ഉടമകൾ തന്നെയായിരുന്നു. പാലും പാലുത്പന്നങ്ങളും സമൃദ്ധമായി ഉപയോഗിക്കേണ്ടത് സവർണ്ണ പ്രഭുക്കളും തമ്പുരാക്കന്മാരുമാണെന്ന ബോധം അന്നത്തെ സമൂഹത്തിൽ ഉറച്ചിരുന്നു.

കാണിപ്പയ്യൂരിന്റെ ആത്മകഥയിൽ കൊച്ചിയിൽ നിലനിന്നിരുന്ന വ്യവസ്ഥയെ കുറിച്ച് പറയുന്നുണ്ട്. പണ്ടുകാലത്ത് കേരളത്തിൽ പശുക്കളെ കറന്നു പാല് ഉപയോഗിക്കാൻ സവർണ്ണ ഹിന്ദുക്കൾക്ക് മാത്രമെ അർഹതയുള്ളു എന്ന വിശ്വാസം നിലനിന്നിരുന്നു.,'ഈഴവരുടെ പശു പെറ്റാൽ പതിനൊന്നാം ദിവസത്തെ പാല് മനയ്ക്കലേക്കു കൊടുക്കാനുള്ളതാണ്. അതിനാൽ പതിനൊന്നാം ദിവസം കാലത്ത് ആളെ അയച്ച് പശുവിനെ കറപ്പിച്ചു പാൽ കൊണ്ടുപോകണമെന്ന് അതിന്റെ ഉടമസ്ഥൻ പത്താം ദിവസം ഇല്ലത്തുവന്ന് അപേക്ഷിക്കുകയും അപ്രകാരം പാൽ കൊണ്ടുവരികയും ചെയ്യുന്നത് പലതവണ ഞാൻ കണ്ടിട്ടുണ്ട്. പശുക്കളുടെ ഓരോ പ്രസവത്തിലും ആദ്യം കറക്കുന്ന പാല് ദേവനു വഴിപാടായി കൊടുക്കണമെന്നു നിർബന്ധമായിരുന്നു. ഈഴവൻ കറന്നെടുത്ത പാൽ - അവർ തൊട്ടെന്നർത്ഥം - വഴിപാടിനു മാത്രമല്ല ബ്രാഹ്മണർക്കുപോലും ഉപയോഗിക്കാൻ പാടില്ലായിരുന്നു. ആ കാലത്തെല്ലാം ഗവ്യം കാര്യമായി ഉപയോഗിച്ചിരുന്നത് കേരളത്തിൽ നമ്പൂതിരിമാർ മാത്രമായിരുന്നു' (കാണിപ്പയൂർ ശങ്കരൻ നമ്പൂതിരിപ്പാട്, എന്റെ സ്മരണകൾ ). 1911ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് തിരുവിതാംകൂറിലുണ്ടായിരുന്ന 314889 പശുക്കളും സവർണരുടെ ഉടമസ്ഥതയിൽ ഉള്ളവയായിരുന്നു. പാലോ പാലുത്പന്നങ്ങളോ അവർണന് അവകാശപ്പെട്ടതായിരുന്നില്ല. ഇക്കാരണത്താലും കൂടിയാണ് മോരും തൈരും മറ്റു ഗോരസങ്ങളുപയോഗിച്ചുണ്ടാക്കുന്ന വിഭവങ്ങളും കൂട്ടി ഭക്ഷണം കഴിക്കാൻ അവർണന് അറിയില്ലായിരുന്നു എന്നു നമ്പൂതിരിപ്പാട് ആരോപിക്കുന്നത്.

ബ്രാഹ്മണർ തങ്ങളുടെ ആചാരങ്ങളുടെ ഭാഗമാക്കി വിശുദ്ധിയിലേക്കുയർത്തിയ പശുവിനെ സംരക്ഷിക്കാൻ അവർ തന്നെ നിയമങ്ങളും വിധികളും പുറപ്പെടുവിച്ചു. എന്നാൽ മാംസ ഭക്ഷണത്തെ കുറിച്ച് ശങ്കരസ്മൃതിയിൽ പറയുന്നുമുണ്ട്.

ഇന്ത്യയിലാകമാനം, കേരളത്തിൽ വിശേഷിച്ചും ഹിന്ദു രാജാക്കന്മാർ ശിക്ഷാവിധികൾക്ക് ആധികാരിക ഗ്രന്ഥങ്ങളായി സ്വീകരിച്ചത് മനുവിന്റെയും യാജ്ഞ്യവത്ക്യന്റെയും പരാശ

MESMAC International Conferences 2023
ISBN 978-81-956895-5-2

രണ്ടെയും സ്മൃതി ഗ്രന്ഥങ്ങളായിരുന്നു. കേരളത്തിൽ പശുക്കളെ സംരക്ഷിക്കുന്നതിനായും ഇത്തരം നിയമങ്ങളും ശിക്ഷാ രീതികളും നിലനിന്നിരുന്നു. വണ്ടിക്കാരനു നേരെ മറ്റൊരു വണ്ടി യോ പശുവോ വരുമ്പോൾ നിർത്താതെ ഓടിച്ച് വണ്ടിക്കും പശു വിനും നാശം വരുത്തിയവനെ ശിക്ഷിക്കാതിരുന്നാൽ പാപമാണ്. ബ്രാഹ്മണന്റെ പശുക്കളെ മോഷ്ടിച്ചാലും മച്ചിപ്പശുവിനെ മൂക്കു കയറിട്ട് ചുമടെടുപ്പിച്ചാലും അതു ചെയ്തവന്റെ കാൽ പകുതി വെച്ചു മുറിച്ചുകളയും (പി.ഭാസ്കരനുണ്ണി,പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം). പശുവിനെ വിശുദ്ധമൃഗമായി ആരാധിക്കാൻ തുടങ്ങിയതോടെ പശു കേന്ദ്രിതമായ ധാരാളം വിശ്വാസങ്ങളും ഉടലെടുത്തു.

ബുദ്ധിസത്തിന്റെ ശക്തിപ്പെടലോടെ, അല്ലെങ്കിൽ ബുദ്ധിസത്തിനെതിരായ ബ്രാഹ്മണീയതയുടെ കടന്നുകയറ്റത്തിന്റെ അനുബന്ധമായാണ് വിശ്വാസത്തിന്റെയും ആരാധനയുടെയും പ്രതീകമായി പശു മാറുന്നത്. കാർഷിക സമ്പദ്ഘടനയ്ക്ക് അത്യാവശ്യമായ കന്നുകാലി സമ്പത്തിന്റെ സംരക്ഷണമായിരുന്നു ബുദ്ധിസത്തിന്റെ പ്രചാരണത്തിന് കാരണം. തങ്ങളുടെ സൈദ്ധാന്തിക പ്രയാണത്തിന്- ബുദ്ധമതത്തിനുമേൽ ആധിപത്യം സ്ഥാപിച്ച് ബ്രാഹ്മണമതം ശക്തിപ്രാപിക്കുന്നതിന്- പശു എന്ന ചിഹ്നത്തെ വിദഗ്ധമായി അവർ ഉപയോഗിക്കുന്നത് ഈ ഘട്ടത്തിലായിരുന്നു.

**ഗോമാംസവും ദളിതരും**

ഒരു ജനവിഭാഗത്തെ തൊട്ടുകൂടാത്തവരായി മാറ്റിനിർത്താനുള്ള കാരണങ്ങളിലൊന്നായി ഗോമാംസം ഭക്ഷിക്കുന്നതും ഗോക്കളോടുള്ള അനാദരവും മാറി. ബുദ്ധമത രീതികളെ പിന്തുടർന്ന് ബ്രാഹ്മണരും/ഹൈന്ദവരും ഗോമാംസ ഭക്ഷണം ത്യജിച്ചപ്പോൾ കീഴാളരായ ജനവിഭാഗം അതുതുടർന്നുപോന്നു. ബ്രാഹ്മണർ പശുക്കളെ ദൈവതുല്യമായി ആരാധിക്കാൻ തുടങ്ങിയിട്ടും ദളിത് ജനവിഭാഗങ്ങൾ ഗോമാംസം കഴിക്കുന്നത് തുടർന്നുപോന്നത് തൊട്ടുകൂടായ്മയ്ക്ക് കാരണമായി. ഒരുവിഭാഗം ജനങ്ങൾ അയിത്ത ജാതിക്കാരായി പ്രഖ്യാപിക്കപ്പെട്ടു.

1911ലെ കാനേഷുമാരി തയ്യാറാക്കുന്നതിനായി സെൻസസ് കമ്മീഷണർ ഹൈന്ദവരെ തന്നെ ഹിന്ദുക്കൾ, ഗോത്രവർഗ്ഗം, തൊട്ടുകൂടാത്തവർ എന്നിങ്ങനെ വിഭജിക്കുക എന്ന മാർഗ്ഗമാണ്

MESMAC International Conferences 2023
ISBN 978-81-956895-5-2


അവലംബിച്ചത്. ഹൈന്ദവരെ മൂന്നായി വേർപ്പെടുത്താൻ സ്വീകരിക്കപ്പെട്ട അടിസ്ഥാന തത്ത്വങ്ങൾ ജനസംഖ്യാപട്ടികയിൽ തന്നെ സെൻസ്സസ് കമ്മീഷണർ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിഭജനത്തിന്റെ ഒരു മാനദണ്ഡം ഗോക്കളെ ആദരിക്കാത്തവരും ഗോമാംസം ഭക്ഷിക്കുന്നവരും എന്നതാണ്. സെൻസസ്സ് കമ്മീഷണറുടെ പരീക്ഷണങ്ങളുടെ ഫലമായി, 1911-ലെ കാനേഷുമാരിയിൽ ഒന്നാം ഭാഗം 117-ആം പുറത്ത് കാണപ്പെടുന്ന ജാതികളും ഗോത്രവർഗ്ഗങ്ങളും ആയി ജനങ്ങൾ വേർതിരിക്കപ്പെട്ടു(ഡോ. ബി.ആർ.അംബേദ്ക്കർ, അസ്പൃശ്യർ പുറം 60,61). സെൻസസ്സ് കമ്മീഷണറുടെ പത്താമിനമായ പരീക്ഷണ പ്രകാരം, ചത്തമൃഗങ്ങളുടെ മാംസം കഴിക്കുന്ന വർഗ്ഗങ്ങളെ തൊട്ടുകൂടാത്തവരായി വേർതിരിച്ചു. അതേസമയം ഹൈന്ദവർ എന്ന വിഭാഗം ഗോമാംസഭക്ഷണം ഉപേക്ഷിച്ചവരായിരുന്നു.

തൊട്ടുകൂടായ്മയും ഗോമാംസഭക്ഷണവും തമ്മിൽ അഭേദ്യമായിത്തന്നെ ബന്ധപ്പെട്ടിരിക്കുന്നു. സവർണനെയും ദളിതനെയും വേർതിരിക്കുന്ന ഒരു പ്രധാനഘടകം ഗോമാംസഭക്ഷണമായിരുന്നു. ഗോമാംസഭക്ഷണം എതിർത്തവരിൽ തന്നെ മറ്റു മാംസങ്ങൾ ഭക്ഷിക്കുന്നവരുണ്ടായിരുന്നു. പല സവർണരും ഇത്തരത്തിൽ മാംസം കഴിച്ചിരുന്നവരും ഗോമാംസഭക്ഷണത്തെ എതിർത്തവരുമായിരുന്നു. ഗോമാംസം കഴിക്കുന്നവരും കഴിക്കാത്തവരും തമ്മിലുള്ള അകൽച്ച വർദ്ധിച്ച് ഒരു വിഭാഗം ജനത തീർത്തും തൊട്ടുകൂടാത്തവരും അയിത്തക്കാരും നികൃഷ്ടരുമായി മാറി. ദളിത് വിഭാഗങ്ങളുടെ വേർതിരിവിനും തൊട്ടുകൂടായ്മക്കും ഉള്ള ഒരു കാരണം, ജനങ്ങൾ ബുദ്ധമത്തിൽ സ്വാധീനിക്കപ്പെട്ട് ബുദ്ധമതം സ്വീകരിച്ചിരുന്നതാണ്. ശിഥിലവർഗ്ഗത്തിലുൾപ്പെടാത്തവർ ബുദ്ധമതം സ്വീകരിച്ച്, ഗോമാംസഭക്ഷണം ഉപേക്ഷിച്ച് ഗോവിനെ ആരാധിക്കാൻ തുടങ്ങി. എന്നാൽ ശിഥിലവർഗ്ഗക്കാർ ബുദ്ധമതം സ്വീകരിച്ചെങ്കിലും ഗോമാംസം ഭക്ഷിക്കുന്ന രീതി ഉപേക്ഷിക്കുകയുണ്ടായില്ല. പശുവിനോടുള്ള ഈ അനാദരവ് മറ്റുവർഗ്ഗങ്ങൾക്ക് ദളിതരോട് എതിർപ്പുണ്ടാവാൻ കാരണമായി.

## സ്വാതന്ത്ര്യാനന്തര കേരളീയരാഷ്ട്രീയത്തിലെ ഗോസാന്നിധ്യം

പശുകേന്ദ്രിത പ്രചാരണങ്ങൾ സ്വാതന്ത്ര്യാനന്തരം രാജ്യത്ത് എല്ലായിടത്തുമെന്ന പോലെ കേരളത്തിലും തലപൊക്കുന്നുണ്ട്. 1952-ൽ ആർ.എസ്.എസ് ആഹ്വാനം ചെയ്ത ഗോസംരക്ഷണ ദിനം പാലക്കാട്, ചാവക്കാട്, ഷൊർണൂർ, പയ്യോളി

MESMAC International Conferences 2023
ISBN 978-81-956895-5-2

തുടങ്ങിയ സ്ഥലങ്ങളിൽ ആചരിക്കുകയുണ്ടായി. പയ്യോളിയിൽ നടന്ന ഗോസംരക്ഷണ ദിനം സംഘർഷാവസ്ഥയിലേക്ക് നീങ്ങി. ഗോവധത്തിനെതിരെ പയ്യോളിയിൽ നടന്ന യോഗത്തിനു നേരെ പ്രതിഷേധങ്ങളുണ്ടായി. ഗോവധ നിരോധനത്തെ ചിലർ തങ്ങളുടെ ആചാരങ്ങൾക്കെതിരെയുള്ള ആക്രമണമായാണ് കണ്ടത്. അവർ പ്രതിഷേധ സൂചകമായി പയ്യോളിയിൽ വെച്ച് ഒരു കാളക്കുട്ടിയെ പരസ്യമായി കൊല്ലുകയും മാംസം വിതരണം ചെയ്യുകയുമുണ്ടായി. ഒരാളുടെ കൊലപാതകത്തിലാണ് ഈ സംഘർഷം അവസാനിച്ചത്. പിറ്റേന്നുതന്നെ സംഘപരിവാർ സംഘടനകൾ ഒരു പ്രതിഷേധയോഗം സംഘടിപ്പിച്ചു. യോഗത്തിൽ കെ.കേളപ്പന്റെ സാന്നിധ്യമുണ്ടായിരുന്നു.

കേരളഗാന്ധി എന്നറിയപ്പെടുന്ന കെ. കേളപ്പൻ സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം രണ്ടു ഹിന്ദുത്വപ്രശ്നങ്ങളിലാണ് പ്രധാനമായും പങ്കെടുക്കുന്നത്. ഒന്ന് അങ്ങാടിപ്പുറം തളിക്ഷേത്രവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ. മറ്റൊന്ന് പയ്യോളിയിലെ ഗോസംരക്ഷകരുടെ പ്രതിഷേധയോഗത്തിൽ. കേളപ്പനെ പോലെ പൊതുസ്വീകാര്യനായ രാഷ്ട്രീയക്കാരന്റെ ഇത്തരം നിലപാടുകൾ പശുരാഷ്ട്രീയ ചിന്തകൾക്ക് കേരളത്തിലും ചെറിയ തോതിലെങ്കിലും വേരോട്ടം കിട്ടാൻ കാരണമായി. ഗാന്ധി ഉൾപ്പെടെയുള്ള പല ദേശീയനേതാക്കളും ഗോവധത്തെ നിരുത്സാഹപ്പെടുത്തിയത് കേരളത്തിലും ഹിന്ദുത്വശക്തികൾക്ക് ഊർജ്ജമായി. കന്നുകാലികളെ കൊല്ലുന്നതിന് കേന്ദ്ര സർക്കാർ നിരോധനമേർപ്പെടുത്തിയത് ആർ.എസ്.എസ്. അജണ്ടയുടെ ഭാഗമല്ല, മറിച്ച് മഹാത്മാ ഗാന്ധിയുടെ അജണ്ട നടപ്പാക്കുന്നതിന്റെ ഭാഗമായാണെന്ന് ബി.ജെ.പി. എം.പി സാക്ഷി മഹാജന്റെ പ്രസ്താവന ഇതിനോട് ബന്ധപ്പെടുത്താം.

1953ഒക്ടോബറിൽ ആര്യ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഗോവധത്തിനെതിരെ ഒരു പൊതുയോഗം സംഘടിപ്പിക്കുന്നുണ്ട്. ആർ.എസ്സ്.എസ്സും ഇതേ ആവശ്യം ഉന്നയിച്ച് പ്രചാരണം നടത്തുകയുണ്ടായി. അതേവർഷം തന്നെ നവംബർ ഒന്നാം തിയ്യതി ടി.എൻ. തിരുമുമ്പിന്റെ നേതൃത്വത്തിൽ കോഴിക്കോട് ചാലപ്പുറത്തു വെച്ച് മലബാർ ഗോസംരക്ഷണസമിതി രൂപീകരിച്ചു. നവംബർ മാസത്തിൽ തന്നെ കോഴിക്കോട് വെച്ച് ഗോസംരക്ഷണ മുദ്രാവാക്യങ്ങളുയർത്തി ഒരു പൊതുയോഗവും സംഘടിപ്പിക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങളൊന്നും കാര്യമായ രീതിയിൽ

MESMAC International Conferences 2023
ISBN 978-81-956895-5-2


പിന്നീട് തുടർന്നു പോന്നിട്ടില്ല. പശുവിനെ കൊല്ലാതിരിക്കുക എന്ന സാമുഹ്യബോധം മതപരം എന്നതിലുപരി കാർഷിക സമ്പദ് വ്യവസ്ഥയിലധിഷ്ഠിതമായ സമൂഹത്തിന്റെ നിലനിൽപ്പിന്റെ ഭാഗമായിരുന്നു ആദ്യകാലത്ത്. എന്നാൽ പിന്നീടത് ഹിന്ദു മതത്തിന്റെ ചിഹ്നവും നിലപാടുമായി പ്രചരിക്കപ്പെടുകയാണുണ്ടായത്.

കേരളത്തിലെ ഭൂരിഭാഗം വരുന്ന ജനത മിശ്രഭുക്കുകളാണ്. വളരെ ചെറിയശതമാനം മാത്രമാണ് സസ്യഭുക്കുകൾ. കേരളത്തിലെ പ്രബലമായ രണ്ട് സമുദായങ്ങളായ ക്രിസ്ത്യാനികളും മുസ്ലീങ്ങളും മാട്ടിറച്ചി കഴിക്കുന്നവരാണ്. പെട്ടെന്നൊരു ഗോവധ നിരോധനനിയമം കൊണ്ടുവരാൻ കേരളത്തിന്റെ രാഷ്ട്രീയാവസ്ഥയിൽ സാധ്യമല്ല. കൂടാതെ ഉത്തരേന്ത്യയിലൊക്കെ ഇന്നും നിലനിൽക്കുന്ന തരത്തിലുള്ള ജാതിവ്യവസ്ഥ കേരളത്തിലില്ല. നവോത്ഥാനചരിത്രത്തിൽ പലയിടങ്ങളിലായി ഹൈന്ദവീയത ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. അതിനെ നെടുകെ പിളർന്നുകൊണ്ടാണ് ഇവിടെ സമുദായ സംഘടനകൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ 1911ൽ ആലപ്പുഴയിൽ നിന്നും അച്ചടിക്കപ്പെട്ട ഗോരക്ഷക ഉപദേശം എന്ന പുസ്തകം കേരളത്തിലും പണ്ടു തന്നെ ഗോമാംസരാഷ്ട്രീയം കൊണ്ടുവരാൻ ആസൂത്രിതമായ ശ്രമങ്ങൾ നടന്നിട്ടുണ്ട് എന്നതിന് തെളിവാണ്.

## ഗോരക്ഷക ഉപദേശവും സമകാലിക രാഷ്ട്രീയവും

1911-ൽ'ഗോരക്ഷക ഉപദേശം പുസ്തകരൂപത്തിൽ ആലപ്പുഴയിൽ നിന്നും 1 അണ വിലയിൽ 4000 പ്രതികൾ അച്ചടിക്കപ്പെട്ടു. കേരളത്തിൽ ഗോസംരക്ഷണം നടപ്പാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായിരുന്നു ഇതെന്ന് വ്യക്തം. ബ്രിട്ടിഷ് ഇന്ത്യയിലെ വിവിധ നാട്ടുരാജ്യങ്ങളിൽ ഗോവധത്തിന്റെ പേരിൽ നിലനിന്നിരുന്ന നിയമങ്ങളും ഉത്തരവുകളും ശിക്ഷാരീതികളുമാണ് പുസ്തകത്തിന്റെ ഉള്ളടക്കം. നവാനഗർ, ഗോണ്ടോൾ, പാലൻപൂർ, പോർബന്തർ, ജുനഗാദ് എന്നീ സ്ഥലങ്ങളിൽ ഇറക്കപ്പെട്ട ഉത്തരവുകളാണ് ഗോരക്ഷക ഉപദേശത്തിലുള്ളത്.

ഷിജു അലക്സിന്റെ ഗ്രന്ഥപ്പുര എന്ന ഓൺലൈൻ പൊതുസഞ്ചികയിൽ ഈ പുസ്തകത്തിന്റെ സോഫ്റ്റ് കോപ്പി ലഭ്യമാണ്. തിരുവനന്തപുരം എഞ്ചിനിയറിങ്ങ് കോളേജിലെ അസിസിസ്റ്റന്റ് പ്രൊഫസർ ശരത്ത്സുന്ദർ രാജീവിന്റെ സ്വകാര്യ

MESMAC International Conferences 2023
ISBN 978-81-956895-5-2

ശേഖരത്തിൽ നിന്നാണ് ഈ പുസ്തകം കണ്ടെടുക്കുന്നത്. ഈ പുസ്തകം തർജ്ജമ ചെയ്യിച്ച ഗേലാരായസി ഉത്തരേന്ത്യയിൽ നിന്നും വ്യാപരസംബന്ധമായി വന്ന് കേരളത്തിലെ ആലപ്പുഴയിൽ കുടിയേറിപ്പാർത്തിരുന്ന ആളാവാം. 1911-ൽ ആലപ്പുഴയിൽ ഒരു ഗോരക്ഷകസഭ പ്രവർത്തിച്ചിരുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. മാത്രമല്ല ഈ പുസ്തകത്തിന്റെ നാലായിരം പ്രതികൾ അച്ചടിക്കപ്പെട്ട മലയാളമയൂഖം പ്രസ്സ് അത്ര പരിചിതമായ ഒന്നല്ല. മലയാളമയൂഖം പ്രസ്സില് അച്ചടിച്ച മറ്റ് പുസ്തകങ്ങളൊന്നും ഇതുവരെ കണ്ടു കിട്ടിയിട്ടില്ല.

"ഈ ലോകത്തിൽ പശുവെന്നു പറയുന്നത് ഹിന്ദുക്കൾക്ക് മുഖ്യദൈവമാകുന്നു. ഹിന്ദുക്കൾക്ക് ജനനം മുതല് മരണം വരെ വൈദികങ്ങളായും ലൗകികങ്ങളായും ദൈവികങ്ങളായുമിരിക്കുന്ന സകലകർമ്മങ്ങൾക്കും ഗോരസം കൂടിയേ തീരൂ. ഭക്ഷണത്തിന് ഗോരസമില്ലെങ്കില് ദുഃഖം തന്നെ ദീനം പിടിച്ചാല് ചികിത്സക്കു ഗോരസമത്യാവശ്യമാണ്"- ഗോരക്ഷക ഉപദേശത്തിന്റെ ആദ്യഭാഗം തുടങ്ങുന്നതിങ്ങനെയാണ്. ഹിന്ദുക്കൾക്ക് എന്ന പ്രയോഗത്തിൽ സവർണഹിന്ദുക്കൾ മാത്രമാണ് ഉൾപ്പെട്ടിരുന്നതെന്ന് ഈ ലഘുപുസ്തകത്തിന്റെ തുടർന്നുവരുന്ന ഭാഗങ്ങളിൽ നിന്നും വ്യക്തമാണ്. ഒരു സവർണഹിന്ദു മാത്രമെ വൈദികങ്ങളും ദൈവികങ്ങളുമായ കർമ്മങ്ങൾക്ക് ഗോരസം ഉപയോഗിക്കുന്നുള്ളൂ മാത്രമല്ല ജാതിയിൽ താഴ്ന്നവരായ കീഴാളർക്ക് ഒരിക്കലും പശു ഒരു ദൈവമായിരുന്നില്ല.

ഈ ലോകത്തിൽ പശുവെന്നു പറയുന്നത് ഹിന്ദുക്കൾക്ക് മുഖ്യദൈവമാകുന്നു. ഇന്ത്യൻ ജനത ചിന്നിച്ചിതറി കിടന്നിരുന്ന കാലത്ത് ഹിന്ദുമതത്തിന്റെ ഏകോപനം സാധ്യമാക്കുന്നതിനുള്ള ആദ്യത്തെ ശ്രമമായിതന്നെ ഈ പുസ്കത്തെ കാണാം. ആദ്യത്തെ വാചകത്തിൽ തന്നെ അവരുടെ ലക്ഷ്യം സുവ്യക്തമാണ്. തുടർന്നും പശുവിന്റെ മഹത്വം വിസ്തരിക്കുന്നു. ദേവന്മാര് പാല്ക്കടൽ കടഞ്ഞപ്പോൾ കാമധേനു എന്ന ഉത്തമപശു ഉത്ഭവിച്ചു. അതിൽ നിന്നും നന്ദിനിയെന്ന ഒരു ഗോരത്നം ജനിച്ചു. പിന്നീട് നന്ദിനിയുടെ മഹത്വം വാഴ്ത്തുന്നു. ശ്രീകൃഷ്ണൻ പാലനം ചെയ്തുവെന്ന് പറയുമ്പോൾ അവയുടെ മഹത്വം കൂടുന്നു. വേദവ്യാസന് ഗോവിന്റെ മാഹാത്മ്യത്തെ വർണിച്ചു കൊടുക്കുന്നു. ഈവിധം പ്രപഞ്ച ശക്തികളെല്ലാം ഒരു പശുവിൽ കൊടുന്ന് ഉപമിച്ച് അതിന്റെ മഹത്വത്തെ ഉച്ചസ്ഥായിയിലെത്തിക്കാൻവേണ്ടിയാണ്

MESMAC International Conferences 2023
ISBN 978-81-956895-5-2


ഗോരക്ഷക ഉപദേശത്തിന്റെ ആമുഖത്തിൽ തന്നെ ശ്രമം നടത്തുന്നത്.

'ഇപ്രകാരം സർവ ദേവതാദ്യധിഷ്ഠാന ഭൂതനായ ധേനുവിനെ കൊല്ലുന്നത് അത്യന്ത വിഹിതമെന്ന് ഹിന്ദുക്കളായ മഹാജനങ്ങളറിഞ്ഞു ഗോഹത്യയെ ഇല്ലായ്മ ചെയ്യാൻ ഉത്സാഹിക്കുകയും സാധുക്കളെ ഉത്സാഹിപ്പിക്കുകയും ചെയ്താൽ കൊള്ളാമെന്ന് അപേക്ഷയോടുകൂടി ഓരോഹിന്ദു രാജാക്കന്മാരും മുഹമ്മദീയ രാജാക്കന്മാരും നിരോധിച്ച് പ്രസിദ്ധപ്പെടുത്തിയ ചട്ടങ്ങളെ മഹാജനങ്ങളുടെ പരിപൂർണ ബോധ്യത്തിനായി ഇതിൽ ചേർത്തിരിക്കുന്നു. എന്നു മഹാജനങ്ങളുടെ പരിതോഷത്തെ സദാകാംക്ഷിച്ചു കൊണ്ടുതന്നെ ഇരിക്കുന്ന ഗോരക്ഷാ സമാജികന്മാർ'.

ഗോരക്ഷക ഉപദേശത്തിന്റെ ആമുഖത്തിൽതന്നെ ഗോരക്ഷകസഭ പ്രവർത്തകർ ഹിന്ദുമത പ്രചാരകരുടെ നയം പ്രഖ്യാപിച്ചിരിക്കുന്നു. ബുദ്ധമതത്തിന്റെ പ്രതാപകാലത്ത് ബ്രാഹ്മണാധിപത്യവും വേദങ്ങൾക്കുള്ള ആധികാരികതയും നഷ്ടപ്പെട്ടിരുന്നു. അവിടുന്നുതൊട്ട് ബ്രാഹ്മണകൗശലങ്ങൾ ചരിത്രത്തിൽ പ്രാവർത്തികമായിത്തുടങ്ങി. ബ്രാഹ്മണമതം സമ്പൂർണ മൃഗഹത്യനിരോധനവും അഹിംസയും സമ്പൂർണസസ്യഭോജനവും പ്രഖ്യാപിക്കുന്നത് ഈ ചരിത്ര പശ്ചാത്തലത്തിലാണ്. ബ്രാഹ്മണിക പുനരുത്ഥാനത്തെ പുനർനാമകരണം ചെയ്തതാണ് ഹിന്ദുമത പുനരുത്ഥാനമെന്നു പറയാം. ഈ നവഹിന്ദുത്വം ബദൽ ജീവിതങ്ങളെയെല്ലാം നിരാകരിക്കുന്നു. അവിടെ ചരിത്രത്തിനും ബഹുസ്വരതകൾക്കും സ്ഥാനമില്ല. കീഴാള വിരുദ്ധവും മുസ്ലീം ന്യൂനപക്ഷ വിരുദ്ധവുമായ നയമാണ് നവഹിന്ദുത്വത്തിന്റെ സാമൂഹികക്രമം. അതിന്റെ തുടർച്ചയായാണ് ഇന്നവർ ജനാധിപത്യ സ്ഥാപനങ്ങളെ കൈയ്യടക്കാൻ ശ്രമിക്കുന്നത്. അതിനാൽ തന്നെ ഗോവധനിരോധനം എന്നത് ജനാധിപത്യപ്രശ്നമാണ്.

ഗോരക്ഷക ഉപദേശത്തിൽ നേർതർജമ എന്ന ശീർഷകത്തിനു കീഴിൽ നവാനഗർ ദർബാർ ഗസറ്റു തുടർച്ചക്കടലാസ് ബി -ഉപയോഗിച്ചുള്ള മൃഗങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ദർബാറിൽ നിന്നും പാസ്സാക്കിയ നിയമം (നമ്പർ 13) വിശദമാക്കുന്നു. കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്ന രാജ്യത്ത് ജനങ്ങൾ നിത്യവൃത്തിക്ക് പശുവിനെയാണ് ആശ്രയിച്ചിരിക്കുന്നത്. ഇക്കാരണത്താൽ തന്നെ പശുസംരക്ഷണം രാജ്യത്ത് എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണെന്ന് ഈ നിയമത്തിൽ

MESMAC International Conferences 2023
ISBN 978-81-956895-5-2

പ്രതിപാദിക്കുന്നു. 'ഈ മൃഗങ്ങളെ സംരക്ഷിച്ചുവരേണ്ടത് അത്യാവശ്യസംഗതികളിൽ പ്രഥമമാകുന്നു. എന്നാലിവയെ ആഹാരത്തിനൊ തോലിന്റെ ആവശ്യത്തിനൊ കൊല്ലുന്നത് ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്ക് ഹാനികരമായ ഒന്നാകുന്നു. എങ്കിലും അനേകം സ്ഥലങ്ങളിൽ ചക്കിലയന്മാർ, ചെമ്മാന്മാർ മുതലായ ഹീന ജാതിക്കാർ സ്വല്പം പോലും ആലോചനയില്ലാതെ വിഷം കൊടുത്തോ മറ്റുവിധമോ ഈ മൃഗങ്ങളെ കൊല്ലുന്നത് സാധാരണമായിരിക്കുന്നു. പശുക്കൾ ഹിന്ദുരാജ്യങ്ങളിൽ കൃഷിക്കു നേരെ ഉപയോഗിക്കുന്നില്ലെങ്കിലും അവ ഹിന്ദു മതപ്രകാരം പൂജ്യമൃഗങ്ങളാകുന്നതിനാൽ ഹിന്ദു മതത്തെ അവലംബിച്ചിരിക്കുന്ന രാജ്യങ്ങളിൽ ഗോഹത്യ തീരെ നിർത്തൽ ചെയ്യേണ്ടത് ഹിന്ദുമതസ്ഥരായ നമ്മുടെ മുഖ്യധർമ്മമാകുന്നു'(ഗോരക്ഷക ഉപദേശം, പേജ് 1).

പശുവിനെ സംരക്ഷിക്കേണ്ടത് ഹിന്ദുധർമമാണെന്ന് പറഞ്ഞുറപ്പിച്ചതിനു ശേഷം രാജ്യത്ത് മൃഗഹത്യ നിർത്തൽ ചെയ്യാനായി നടപ്പിലാക്കുന്ന നിയമങ്ങളാണ് ഉത്തരവിൽ പറയുന്നത്. പശുക്കൾ, കാളകൾ, മൂരികൾ, പോത്തുകൾ, എരുമകൾ ഇവയുടെ കുട്ടികൾ എന്നിവയെ കൊല്ലാൻ പാടില്ല, അതിനു പ്രേരിപ്പിക്കാനൊ സഹായിക്കാനോ പാടില്ല. കുറ്റം ചെയ്തവർക്ക് 2 കൊല്ലത്തെ തടവും 1000 രൂപ പിഴയുമാണ് ശിക്ഷ. ഗ്രാമാധികാരിയ്ക്ക് കുറ്റകൃത്യത്തെപ്പറ്റി അറിവു കൊടുക്കാത്തവർക്ക് തടവും പിഴയും ചുമത്തിയിരിക്കുന്നു. നവാനഗറിലെ മഹാരാജാസാഹിബ് പുറത്തിറക്കിയ ഉത്തരവാണിത്.

ഇതിൽ ദളിതരെപ്പറ്റി പറയുന്നിടത്ത് 'ഹീനജാതിക്കാർ' എന്നാണ് പ്രയോഗിക്കുന്നത്. ജാതിയിൽ താഴ്ന്നവരെ വളരെ മോശക്കാരായി കാണുകയും അവർ ഹിന്ദുമതധർമങ്ങൾക്ക് എതിരെ പ്രവർത്തിക്കുന്നവരും ശിക്ഷാർഹരുമാണെന്നും പ്രസ്താവിക്കുന്നു. ഹിന്ദുമതപ്രകാരം പൂജ്യമാകുന്ന പശുവിനെ സംരക്ഷിക്കാൻ ചുമതലപ്പെട്ടവർ ഹിന്ദുമതത്തിൽപ്പെട്ട സവർണവിഭാഗമാണ്, കാരണം പശു അവർക്ക് മാത്രം വിശുദ്ധയാണ്. അവിശുദ്ധനായ ദളിതനൊ മുസ്ലീമിനൊ അതിൽ പങ്കില്ല. ദളിതൻ ഹിന്ദുമതത്തിന്റെ കീഴിൽ വന്നത് ഒരിക്കലും യാദൃശ്ചികമായിട്ടല്ല. കൊളോണിയൽ ഇന്ത്യയിലെ ജനസംഖ്യാനിർണയത്തിന്റെ ഭാഗമായി 1872-ൽ ബ്രിട്ടീഷുകാർ, ജനങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചപ്പോഴാണ് ജാതി ഹിന്ദുക്കൾക്ക്

MESMAC International Conferences 2023
ISBN 978-81-956895-5-2


സ്വന്തംനില അപകടത്തിലാണെന്ന് മനസ്സിലായത്. രാജ്യത്തിന്റെ രാഷ്ട്രീയാധിപത്യം ഭൂരിപക്ഷം നിർണയിക്കുമെന്നതിനാലാണ് അസ്പൃശരും അവർണരുമായ ദളിതരെയും ആദിവാസികളേയും ഹിന്ദുമതത്തിലേക്ക് ചേർത്തത്. കൊളോണിയൽകാലഘട്ടം വരെ ബ്രാന്മണരുടേതെന്ന് മാത്രം കരുതിയിരുന്ന വേദങ്ങളും ഉപനിഷത്തുകളും ഇന്ത്യയുടെ പൈതൃകസ്വത്തായി അവരോധിക്കപ്പെടുകയും ചെയ്തു. ഇങ്ങനെയൊരു വ്യാജ ഹിന്ദുഭൂരിപക്ഷമുണ്ടാക്കി ആ ചിന്താപദ്ധതി ദേശീയവാദപ്രത്യയശാസ്ത്രത്തിലേക്ക് ചേർത്തുവെക്കാനും ഹിന്ദുത്വ ശക്തികൾക്ക് കഴിഞ്ഞു. രാഷ്ട്രീയാവശ്യങ്ങൾക്കും നിലനിൽപ്പിനും വേണ്ടി പലതിനെയും ഉൾക്കൊള്ളാനും പരുവപ്പെടടുത്താനും ഹൈന്ദവീയത തയ്യാറായി. ബുദ്ധമതത്തിന്റെ അഹിംസാസിദ്ധാന്തം സ്വാംശീകരിച്ച് സസ്യാഹാരികളുടെ മതമായി ഇവർ പരിവർത്തനം നടത്തി.

'വിഷം കൊടുത്തു കൊല്ലപ്പെട്ടതോ തനിയെ ചത്തതോ ആയ മൃഗപ്രേതത്തെ ചക്കിലിയന്മാർക്കൊ മറ്റോ വിൽക്കാൻ പാടുള്ളതല്ല. എന്നാൽ സ്ഥലത്തെ പോലീസുദ്യോഗസ്ഥൻ അതിനെ ചക്കിലിയരുടെ സഹായത്തോടു കൂടി ദഹിപ്പിക്കുകയോ എട്ടടി ആഴത്തിൽ കുഴിച്ചുമൂടുകയൊ ചെയ്യേണ്ടതാണ്'(ഗോരക്ഷക ഉപദേശം, പേജ്2). പശുക്കളുടെമേൽ ഹീനജാതിക്കാരെന്ന് വിശേഷിപ്പിക്കുന്നവർക്ക് യാതൊരുവിധ അവകാശങ്ങളുമുണ്ടായിരുന്നില്ലെങ്കിലും ഒരു പശു ചത്താൽ അതിന്റെ ശവം കുഴിച്ചിടുകയൊ ദഹിപ്പിക്കുകയൊ ചെയ്യേണ്ടത് ഉത്തരവാദിത്വം അവരുടേതായിരുന്നു.

നൂറുകോടിയിലേറെ വരുന്ന ഇന്ത്യൻ ജനതയിൽ പതിനാററ കോടിയോളം പേർ ദളിതരാണ്. രാജ്യത്തെ പശുക്കളുടെ എണ്ണം ഏകദേശം 20.6 കോടി വരും. ഇന്ത്യയിൽ ദളിതരേക്കാൾ കൂടുതൽ പശുക്കളാണുള്ളത്. അതുകൊണ്ടു തന്നെ പശുക്കൾക്ക് ഇന്ത്യയിൽ ദളിതരേക്കാൾ അവകാശങ്ങളുമുണ്ട്. കൂടാതെ ഒരു ദളിതന്റെ കൊലപാതകത്തേക്കാൾ പ്രാധാന്യവും ചർച്ചയും ഒരു പശുവിന്റെ കൊലയിൽ നടക്കുന്നുമുണ്ട്. ഇന്ന് ഗോമൂത്രത്തിന്റെയും ചാണകത്തിന്റെയും ഉപയോഗം ഭരണകൂടം നിരന്തരം പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതേസമയം ഇന്ത്യയിൽ സവർണ ഹിന്ദുക്കളുടെ മലമൂത്രാദികൾ ദളിതനെ നിർബന്ധിപ്പിച്ച് തീറ്റിപ്പിക്കുന്ന കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. സ്വന്തമായി ഭൂമിയൊ കന്നുകാലികളൊ മറ്റുസമ്പത്തുകളൊ

MESMAC International Conferences 2023
ISBN 978-81-956895-5-2

ഇല്ലാത്ത ദളിതർ ചത്തപശുവിന്റെ മാംസം ഭക്ഷിച്ചു. അന്നവർക്ക് മാംസത്തിനായി സവർണന്റെ പശുവിനെ കൊല്ലുക എന്നത സാധ്യമായിരുന്നു. പട്ടിണിയെ തരണം ചെയ്യാൻ ചത്തപശുവിനെ ദളിതർ ഭക്ഷണമാക്കി. ഇന്ന് സമൂഹത്തിൽ ദളിതരുടെ സ്ഥിതി യിൽ താരതമ്യേന മാറ്റങ്ങൾ വന്നിട്ടും ഇന്ത്യയിൽ പലയിടങ്ങ ളിലും ചത്തപശുവിനെ വലിച്ചുകൊണ്ടു പോവുന്നതും അതിന്റെ ശവം മറവുചെയ്യുന്നതും തൊട്ടുകൂടാത്തവരായ ദളിതരുടെ മാത്രം കർത്തവ്യമായി തുടരുന്നു.

പോർബന്തർ ഗസറ്റ് വാള്യം 16-ൽ നൽകിയിരിക്കുന്ന പരസ്യത്തിൽ കത്തിയവാഡ് റസിഡൻസിൽ നടപ്പിൽവരുത്തുന്ന ഗോവധനിരോധന നിയമത്തെ പ്രതിപാദിക്കുന്നു. 'ഒരുത്തനും ഈ രാജ്യാതിർത്തിക്കുള്ളിൽ പശു മുതലായ മൃഗങ്ങളെ ഭക്ഷണ ത്തിനൊ വേറെ ആവശ്യത്തിനൊ കൊന്നു കൂടാത്തതാണ് '(ഗോര ക്ഷക ഉപദേശം, പേജ് 11 ) എന്ന് ഉത്തരവിൽ പ്രഖ്യാപിക്കുന്നു. കുറ്റം ചെയ്യുന്നവർക്ക് തടവും പിഴയും പോർബന്തറിലെ ഭവ സിംജി റാണാ സാഹിബ് വിധിച്ചിരിക്കുന്നു.

ഗോക്കളെ കൊല്ലരുത് എന്ന ആശയം അഥർവവേദത്തി ലാണ് ആദ്യമായി പരാമർശിക്കപ്പെടുന്നത്. പക്ഷേ, പശുവിനെ കൊല്ലരുത് എന്നല്ല അതിലുള്ളത്; ബ്രാഹ്മണന് ദാനമായി കൊടു ക്കുന്ന പശുവിനെ കൊല്ലരുത് എന്നാണ്. പ്രശസ്തമായ 'ലോകാ സ്തമസ്താ സുഖിനോ ഭവന്തു:' എന്ന ശ്ലോകത്തിൽ യഥാർത്ഥ ത്തിൽ പറയുന്നത്, രാജാവ് പ്രജകളുടെ കാര്യംനോക്കി ഭരിക്കു കയും, ഗോക്കൾക്കും ബ്രാഹ്മണർക്കും സൗഖ്യം കൊടുക്കുകയും ചെയ്താൽ ലോകം സുഖമായിരിക്കുമെന്നാണ്. ഗോക്കളുടെ സംരക്ഷണം, ബ്രാഹ്മണരുടെ സൗഖ്യത്തോട് ബന്ധിപ്പിച്ചു വായി ക്കുന്ന വളരെ കൃത്യമായ പുതിയൊരു തന്ത്രമായാണ് ഗോവധ നിരോധനം വരുന്നത്. അല്ലാതെ മൃഗങ്ങളെ കൊല്ലരുത് എന്ന അഹിംസാസിദ്ധാന്തമല്ല. ബ്രാഹ്മണിക് സാമൂഹ്യക്രമത്തെ തിരിച്ചു കൊണ്ടുവരാൻ ശ്രമിക്കുന്ന കാലത്താണ് ഈ ശ്ലോകമുണ്ടാ വുന്നത്.

മേൽ വിവരിച്ചിട്ടുള്ള ഗോരക്ഷക ഉപദേശത്തിലെ ഉത്ത രവുകളെല്ലാം ബ്രിട്ടീഷ് അധികാരത്തിനു കീഴിൽ നിലനിന്നിരുന്ന നാട്ടുരാജ്യങ്ങളിൽ പ്രഖ്യാപിക്കപ്പെട്ടവയാണ്. അതിനാൽതന്നെ നാട്ടുരാജ്യങ്ങളുടെ പൂർണമായുള്ള അധികാരം അവിടുത്തെ നാട്ടുരാജാക്കന്മാരിലൊ ദിവാന്മാരിലൊ ഒന്നുമായിരുന്നില്ല.

MESMAC International Conferences 2023
ISBN 978-81-956895-5-2


അവിടങ്ങളിൽ നിലനിന്നിരുന്ന നിയമങ്ങളിലും ബ്രിട്ടീഷുകാരുടെ സ്വാധീനമുണ്ടായിരുന്നു. ബ്രിട്ടീഷ് നിയമങ്ങളാണ് വാസ്തവത്തിൽ നാട്ടുരാജ്യങ്ങളിൽ അധികാരികൾ നടപ്പാക്കിയിരുന്നത്. ബ്രിട്ടീഷുകാരുടെ നികുതിനയത്തിലും സെമിന്ദാരി സമ്പ്രദായത്തിലും പ്രതിഷേധിച്ചാണ് ഭോജ്പൂരി പ്രദേശത്തെ ജനങ്ങൾ വലിയ കർഷകപ്രക്ഷോഭങ്ങൾ ആരംഭിച്ചത്. ബീഹാർ, മധ്യപ്രദേശ്, ഝാർഖണ്ഡ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിൽ നടന്ന കർഷക സമരങ്ങളെ ഇല്ലാതാക്കാൻ വേണ്ടിയാണ് ഗോവധത്തെ ഒരു വർഗീയ പ്രശ്നമായി ഉയർത്തിക്കൊണ്ടുവരുന്നത്. 1951-ലാണ് ഇന്ത്യയിൽ സെമിന്ദാരിസമ്പ്രദായം അവസാനിക്കുന്നത്. ബ്രാഹ്മണമേധാവികളും ബ്രിട്ടീഷുകാരും തമ്മിൽ കർഷകർക്കിടയിൽ ഹിന്ദു-മുസ്ലീം വർഗീയത രൂപപ്പെടുത്താൻ ഒത്തുതീർപ്പുണ്ടായിട്ടുണ്ട്. അതിനവർ സ്വീകരിച്ച ഉപാധിയായിരുന്നു ഗോവധനിരോധനം.

വായ്മൊഴി പ്രചരണങ്ങളിലൂടെയും ലഘുലേഖകളിലൂടെയുമുള്ള സംഘടിത പ്രവർത്തനങ്ങളിലൂടെ ഹിന്ദുക്കൾക്ക് പശു വിശുദ്ധമൃഗമാണ്, മാട്ടിറച്ചി കഴിക്കുന്നതിനാലാണ് മുസ്ലീങ്ങൾ അക്രമകാരികളാവുന്നത് തുടങ്ങിയ മിഥ്യാധാരണകൾ സമൂഹത്തിൽ വേരോടിയിരുന്നു. 1996-ൽ കേവലം 13 ദിവസത്തേക്ക് ബി.ജെ.പി അധികാരത്തിൽ വന്നപ്പോൾ തന്നെ ഗോവധനിരോധന നിയമം പാസ്സാക്കിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തി. 2012 ഏപ്രിലിൽ ഉസ്മാനിയ സർവ്വകലാശാല മാട്ടിറച്ചി പ്രശ്നത്തിന് വേദിയായി. സർവ്വകലാശാല ഹോസ്റ്റലിലെ ഭക്ഷണമെനുവിൽ മാട്ടിറച്ചി ഉൾപ്പെടുത്തണമെന്ന ഒരു വിഭാഗം ദളിത് വിദ്യാർത്ഥികളുടെ ആവശ്യത്തെ സംബന്ധിച്ചായിരുന്നു ചർച്ച. പ്രതിഷേധത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ ബീഫ് ഫെസ്റ്റും സംഘടിപ്പിച്ചു. എന്നാൽ ഹൈന്ദവ വിദ്യാർത്ഥിസംഘം പ്രവർത്തകർ ഇതിനെതിരെ അക്രമം അഴിച്ചുവിട്ടു. സർവ്വകലാശാല വൈസ് ചാൻസിലർക്ക് അവസാനം ഹോസ്റ്റൽ മെനുവിൽ ഒരു കാരണവശാലും ഗോമാംസം ഉൾപ്പെടുത്തില്ല എന്ന ഉറപ്പു നൽകേണ്ടി വന്നു. ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വീടുകളിലെ അടുക്കളയിൽ അനുവാദമില്ലാതെ കയറി വന്ന് മാംസാഹാരം പാകം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള അവകാശം വരെ ഗോസംരക്ഷകർക്കുണ്ട്. വർഗീയ അജണ്ട നടപ്പിലാക്കപ്പെടുന്ന സ്ഥലങ്ങളിൽ സമൂഹത്തിലെ അവശവിഭാഗങ്ങളുടെ പോഷണവും അവരുടെ സാമ്പത്തിക നിലയും അവഗണിക്ക

MESMAC International Conferences 2023
ISBN 978-81-956895-5-2

പ്പെടുകയാണ് ചെയ്യുന്നത്. ഇന്ത്യയിൽ കന്നുകാലി വളർത്തൽ, മാംസവ്യാപാരം, തുകൽ നിർമാണം തുടങ്ങിയ ഇതര മേഖലകൾ കൂടി ഉൾപ്പെടുന്നതാണ്.

ഇന്ത്യൻ പാരമ്പര്യമെന്നത് ബ്രഹ്മണിക്കലായ പാരമ്പര്യല്ല, അത് ബഹുജനങ്ങളടങ്ങുന്ന വിശാലമായ പാരമ്പര്യത്തി ലധഷ്ഠിതമാണ്. പുരാണങ്ങളിലും ഇതിഹാസങ്ങളിലും മാംസം കഴിച്ചിരുന്നതിന്റെ തെളിവുകളുണ്ടെന്ന് വാദിക്കുന്നവർ ബ്രാഹ്മണി ക്കൽ പാരമ്പര്യത്തിന്റെ യുക്തിയിലേക്കാണ് തിരിച്ചു പോകുന്നത്. ഇന്ത്യയിലെ കീഴാളവിഭാഗം കാലങ്ങളായി വ്യാപകമായ രീതി യിൽ മാംസം ഭക്ഷിക്കുന്നു എന്നതിനേക്കാൾ പുരാണങ്ങൾക്കും ഉപനിഷത്തുക്കൾക്കുമാണ് മേൽക്കൈ നല്കുന്നത്.അതിനാൽ ഗോവധനിരോധനത്തെ ഒരു കേവല ഭക്ഷണ സ്വാതന്ത്ര്യത്തിനു മേലുള്ള ഫാസിസം എന്നതിലുപരിയായി സാംസ്കാരിക ഹിംസ യായി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഈ അവ്യക്തത നിലനിൽ ക്കുന്നത്, ഇന്ത്യൻ സംസ്കാരം വരേണ്യമായ ബ്രാഹ്മണ പാരമ്പ ര്യത്തിലധിഷ്ഠിതമാണ് എന്ന ബോധത്തിലാണ്. എന്നാൽ അംബേദ്കർ ഈ വിഷയത്തെ മുമ്പെ തന്നെ പ്രശ്നവല്ക്കരിച്ചി ട്ടുണ്ട്. ഇന്ത്യൻ ചരിത്രത്തിൽ ഗോവധനിരോധനം കടന്നുവരുന്നത് ബ്രഹ്മാണിക അധികാരത്തിന്റെ പുനസ്ഥാപനവുമായി ബന്ധ പ്പെട്ടാണ്. കീഴാളജനങ്ങൾ ഹിന്ദുക്കളാണെന്ന് സ്ഥാപിക്കുന്ന തിലൂടെ മാത്രമെ ഹിന്ദുക്കൾക്ക് ഭൂരിപക്ഷ ശക്തിയാവാനാകൂ. ഇന്ത്യയിലെ ജനാധിപത്യപ്രകിയ ആംഭിക്കുമ്പോൾ തന്നെ ഹിന്ദു ഭൂരിപക്ഷത്തിനായുള്ള ഈ ശ്രമങ്ങൾ തുടങ്ങുന്നു. ഇന്ത്യൻ സംസ ്കാരത്തെ ഹിന്ദുവിന്റെതായി പ്രഖ്യാപിക്കാൻ പരിശ്രമിക്കുന്നു. ഈ ഒരു പശ്ചാത്തലത്തിലല്ലാതെ ഹിന്ദു-മുസ്ലിം ദ്വന്ദ്വത്തിൽ ഒതുങ്ങി നിലക്കുന്നതാണ് ഇന്നത്തെ ഗോവധത്തെ സംബന്ധിച്ച ചർച്ചകൾ. അത് ബ്രാഹ്മണിക്കൽ അധികാരത്തെ ചോദ്യം ചെയ്യു ന്നതിനും വിഘാതം സൃഷ്ടിക്കുന്നു.

പലയിടങ്ങളിലായി പുറപ്പെടുവിച്ച ഗോവധനിരോധന നിയമങ്ങൾക്കു ശേഷം 'ഗോരക്ഷക ഉപദേശ'മെന്ന പുസ്തക ത്തിൽ മറ്റുരാജ്യങ്ങളിലെ മാംസഭക്ഷണവുമായി ബന്ധപ്പെട്ട ചിലകാര്യങ്ങൾ പ്രസ്താവിക്കുന്നു. 'മാംക്രോൾ, തുർക്കരാജ്യം, റാന്തൻപൂർ, റാജകോട്ടു, കച്ച്, ത്രിയോംഗസ്റ്റ്, ഉദയപൂർ, ജോർദപൂർ ഇതുകൂടാതെ അനേകം രാജ്യങ്ങളിൽ ഗോവധം നിർത്തൽ ചെയ്തിരിക്കുന്നു'(പേജ്14 ). പിന്നീട് ആഹാരം, ദേഹസൗഖ്യം,

MESMAC International Conferences 2023
ISBN 978-81-956895-5-2


ശക്തി എന്നിവയെ കുറിച്ച് ലണ്ടൻ ഗ്രാമസഭയിലെ പരിശോധനാ വിവരങ്ങൾ നല്കിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട ആരോഗ്യത്തിന് സസ്യഹാരവും പാലുൽപന്നങ്ങളുമാണ് അനുയോജ്യമെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു.

പശുവിന്റെ മഹത്വം ശാസ്ത്രയുക്തിയുടെ സഹായത്തോടെ പ്രാബല്യത്തിൽ വരുത്താനുള്ള ശ്രമമാണിതെന്ന് വളരെ വ്യക്തമാണ്. പാശ്ചാത്യരാജ്യങ്ങളിൽ കാർഷിക സംസ്കാരത്തിലെ ധനതത്വശാസ്ത്രവുമായി ബന്ധപ്പെട്ടതാണെങ്കിൽ ഇന്ത്യയിലേത് ആത്മീയതയിൽ അധിഷ്ഠിതമാണ്. 1911-ൽ പുറത്തിറങ്ങിയ ഗോരക്ഷക ഉപദേശത്തിന്റെ അവസാനഭാഗത്ത് അന്ധവിശ്വാസങ്ങളെയും മതതാത്പര്യങ്ങളെയും ശാസ്ത്രയുക്തിയുടെ സഹായത്തോടെ സ്ഥാപിച്ചെടുക്കാനാണ് ശ്രമിക്കുന്നത്. കൊളോണിയൽ കാലഘട്ടത്തിലാണ് ഇവിടെ ശാസ്ത്രത്തിന്റെ വിപുലമായ പ്രചാരമുണ്ടാവുന്നത്. എല്ലാത്തിനെയും വസ്തുനിഷ്ഠമായും യുക്തിഭദ്രമായും മാത്രം പരിഗണിക്കുന്നതാണ് ശാസ്ത്രം. ആധുനിക ശാസ്ത്രപ്രകാരം തെളിയിച്ചതാണെന്ന് പറഞ്ഞ് സമൂഹത്തിൽ ഒരു കാര്യം അവതരിപ്പിക്കുമ്പോൾ അതിന് കൂടുതൽ സ്വീകാര്യത കിട്ടുന്നു. ശാസ്ത്രവും സാങ്കേതികവിദ്യയും വളരുകയും സമൂഹത്തിലവയുടെ പ്രചാരവും ഉപയോഗവും കൂടുകയും ചെയ്തപ്പോൾ ഹിന്ദുമത വർഗ്ഗീയവാദികൾ അവയെ വളരെ തന്ത്രപൂർവ്വം തങ്ങളുടെ ആശയങ്ങളെ സമൂഹത്തിലേക്ക് പ്രചരിപ്പിക്കാനുള്ള ഉപാധിയാക്കി മാറ്റുകയാണ് ചെയ്യുന്നത്. ബ്രിട്ടീഷുകാരും ഹൈന്ദവമേധാവികളും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ ഫലമായിട്ടാണ് ഇത്തരം ശാസ്ത്രജ്ഞാനങ്ങൾ വർഗ്ഗീയ അജണ്ട നടപ്പാക്കാൻ ഉപയോഗിക്കുന്നത്. പത്തൊമ്പതാംനൂറ്റാണ്ടിൽ തന്നെ ശാസ്ത്രത്തെ പിൻപറ്റി അന്ധവിശ്വാസങ്ങളും വളർച്ച പ്രാപിക്കുന്നുണ്ട്. ഇത് സമകാലിക സമൂഹത്തിലും തുടർന്നുകൊണ്ടിരിക്കുന്നു.

**ഉപസംഹാരം**

ഇന്ത്യയിൽ കൊളോണിയൽ അധിനിവേശ കാലത്ത് ഹൈന്ദവ ദേശീയതയുടെ വക്താക്കളും ബ്രിട്ടീഷ് പൊളിറ്റിക്കൽ ഇന്റലിജൻസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരും തമ്മിലുള്ള സമവായത്തിന്റെ ഫലമായാണ് ഗോവധത്തെ ഒരു ഹിന്ദു-മുസ്ലീം വർഗീയ പ്രശ്നമായി കൊണ്ടുവരുന്നത്. പത്തൊമ്പതാംനൂറ്റാണ്ട് മുതൽ തന്നെ ഹിന്ദുത്വശക്തികൾ കേരളത്തിലും അവരുടെ

MESMAC International Conferences 2023
ISBN 978-81-956895-5-2

രാഷ്ട്രീയ അജണ്ട നടപ്പാക്കാൻ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട് എന്നതിന് തെളിവാണ് ഗോരക്ഷക ഉപദേശം. ആ നിലയിൽ ഈ പുസ്തകത്തിന് കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ ചരിത്രത്തിൽ വലിയ പ്രസക്തിയുണ്ട്.

ബ്രിട്ടീഷ് ഭൂനയങ്ങൾക്കെതിരെ സമരംചെയ്ത കർഷകർക്കിടയിൽ വിഭാഗീയത സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബ്രിട്ടീഷുകാർ ഗോവധത്തെ പ്രശ്നവൽകരിക്കുന്നത്. ബ്രിട്ടീഷുകാരുടെയും സവർണ ജന്മിത്ത മേധാവികളുടെയും ലക്ഷ്യം ഒന്നായിരുന്നതിനാൽ, ഗോവധത്തെ വർഗീയ ലഹളയാക്കി മാറ്റേണ്ടത് ഈ സഖ്യത്തിന്റെ ആവശ്യകതയായിരുന്നു. കൊളോണിയൽ കാലഘട്ടത്തിൽ ഹൈന്ദവ ദേശീയതയുടെ വക്താക്കളും ബ്രിട്ടീഷ് അധിനിവേശ ശക്തികളും തമ്മിൽ സജീവമായ ഒരന്തർധാര നിലനിന്നിരുന്നു. ബ്രിട്ടീഷ് നാട്ടുരാജ്യങ്ങൾ നടപ്പാക്കിയ നിയമങ്ങളാണ് സവർണ്ണഹിന്ദുക്കൾ ഹൈന്ദവരാഷ്ട്രീയ പ്രചരണത്തിന് ഉപയോഗിക്കുന്നത്. ഇന്ത്യയിലുടനീളം ഈ നിയമങ്ങൾ കൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഗോരക്ഷക ഉപദേശം എന്ന പുസ്തകം കേരളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

ഗോവധവുമായി ബന്ധപ്പെട്ട ഇന്ത്യയിലെ പൗരാണിക ചരിത്രത്തിന് ആധുനിക ഇന്ത്യയിലെ ഗോവധനിരോധനത്തിന്റെ ചർച്ചകൾക്കിടയിൽ പ്രസക്തിയില്ല. ഹൈന്ദവ ദേശീയതാവാദികളുടെ ബ്രിട്ടീഷ് സേവയിലാണ് ഗോവധ നിരോധന പ്രസ്ഥാനത്തിന്റെ വേരുകൾ ആഴ്ന്നു കിടക്കുന്നത്. ഗോരക്ഷക ഉപദേശത്തിൽ നിന്നും വ്യക്തമാകുന്ന മറ്റൊരുകാര്യം, കൊളോണിയൽ കാലത്ത് ഇന്ത്യയിൽ പ്രചരിച്ച ശാസ്ത്രമെന്ന ആധുനിക പഠന ശാഖയെ അതിവിദഗ്ദ്ധമായി ഹൈന്ദവപ്രചരണത്തിനുള്ള ഒരുപാധിയായി പരിവർത്തനം ചെയ്യുന്നു എന്നതാണ്. ആധുനിക വിജ്ഞാനത്തെ ഹൈന്ദവദേശീയതയുടെ വക്താക്കളിലെത്തിച്ചത് ബ്രിട്ടീഷുകാരാണ്.

കൊളോണിയൽകാലത്ത് ഇന്ത്യയിലുണ്ടായിവന്ന ദേശീയത രണ്ടു തരത്തിലുള്ളതാണ്. ഹൈന്ദവ ദേശീയതയും ഇന്ത്യൻ ദേശീയതയും. ഇതിൽ ഹൈന്ദവ ദേശീയതയുടെ വക്താക്കൾ പശുവിനെ ഹിന്ദു മതത്തിന്റെ പ്രതീകമായി ആരോപിച്ച് ചിന്നിചിതറി കിടന്നിരുന്ന ജനങ്ങളെ മതത്തിന്റെ പേരിൽ ഏകോപിപ്പിക്കാൻ ശ്രമിച്ചു. അതേസമയം ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ വക്താക്കൾ മതേതരത്വത്തിലൂന്നി ബ്രിട്ടീഷ് അധിനിവേശ

ശക്തികൾക്കെതിരെ പോരാടാനായി ജനങ്ങളിൽ ദേശീയ ബോധ മുണ്ടാക്കാണാണ് ശ്രമിച്ചത്. ആധുനിക ഇന്ത്യയിൽ ഉന്നയിക്ക പ്പെടുന്ന ഗോവധനിരോധനം കേവലം ഹിന്ദു-മുസ്ലീം പ്രശ്നമല്ല. ബ്രാഹ്മണ മേൽക്കോയ്മക്ക് വേണ്ടി പ്രവർത്തിക്കുന്നവരും ജനാധിപത്യ ഇന്ത്യയ്ക്കുവേണ്ടി നിലകൊള്ളുന്നവരും തമ്മിലു ള്ള വിശാലമായ ഒരു തർക്കമായി അതിനെ കണക്കാക്കണം. ബ്രാഹ്മണിക്കൽ അധികാരത്തിന്റെ പുനസ്ഥാപനവുമായി ബന്ധ പ്പെട്ടാണ് ഗോമാംസനിരോധനം ഇന്ത്യയിൽ സക്രിയമാവുന്നത്.

### സഹായക ഗ്രന്ഥങ്ങൾ

1) അംബേദ്ക്കർ ബി. ആർ- അസ്പൃശർ, 2017, മൈത്രി ബുക്ക്സ്, തിരുവനന്തപുരം

2) കൊസാംബി ഡി.ഡി- ഇന്ത്യാ പഠനത്തിനൊരു മുഖവുര, 2006, മൈത്രി ബുക്സ്

3) ഗോപാലകൃഷ്ണൻ പി.കെ. -കേരളത്തിന്റെ സാംസ്കാരിക ചരിത്രം, 1974, കേരള ഭാഷാ ഇൻസ്റ്റ്യൂട്ട്, തിരുവനന്തപുരം

4) ജമാൽ കൊച്ചങ്ങാടി- കൊളംബസും മറ്റ് യാത്രികരും, 2014, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്

5) ജോൺ വിൽസൺ- ഇന്ത്യൻ ജാതിവ്യവസ്ഥ, 2006, അരോ ബുക്ക്സ്, തിരുവനന്തപുരം

6) ദാമോദരൻ.കെ. - ഭാരതീയ ചിന്ത, 2015, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

7) നാരായണൻ നമ്പൂതിരിപ്പാട് ഒ.എം.സി - ഋഗ്വേദം ഭാഷാ ഭാഷ്യം, 4-ാം വോള്യം, വടക്കേ മഠം ബ്രഹ്മസ്വം, തൃശൂർ

8) ഭാസ്കരനുണ്ണി പി. - പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, 1988, കേരള സാഹിത്യ അക്കാദമി, തൃശൂർ

9) രാമചന്ദ്രൻ പുതുശ്ശേരി-കേരള ചരിത്രത്തിന്റെ അടിസ്ഥാന രേഖകൾ, 2011, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

10) രാംപുരിയാനി- വിശുദ്ധ പശു; ഇന്ത്യൻ രാഷ്ട്രീയ ചതുരംഗം, 2017, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്

11) രവിചന്ദ്രൻ.സി- ബീഫും ബിലീഫും, 2016, ഡി സി ബുക്ക്സ്, കോട്ടയം

12) രാജൻ ഗുരുക്കൾ- മിത്ത് ചരിത്രം സമൂഹം, 2017, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം

13) ലക്ഷ്മണപ്പണിക്കർ കെ.എസ്- അർത്ഥശാസ്ത്രം മഹാത്മാഗാന്ധി, 1962, ഗാന്ധി സ്മാരക നിധി, കേരള ശാഖ, തിരുവനന്തപുരം

MESMAC International Conferences 2023
ISBN 978-81-956895-5-2

14) വില്യം ലോഗൻ- മലബാർ മാന്വൽ, 2014, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്

15) വൈദ്യനാഥ അയ്യർ- പതിറ്റുപത്ത്, 1961, കേരള സാഹിത്യ അക്കാദമി, തൃശൂർ

16) ഷഫീഖ് എച്ച് -കാവിയിൽ പൊതിഞ്ഞ വിശുദ്ധ പശു, 2015, ബ്ലാക്ക് പെപ്പേഴ്സ് ബുക്ക്സ്, കോഴിക്കോട്

17) സിദ്ധിനാഥാനന്ദ സ്വാമി- മനുസ്മൃതി(വ്യാഖ്യാനം), ശ്രീരാമകൃഷ്ണമഠം, തൃശൂർ

18) സാമുവൽ മെറ്റീർ- ഞാൻ കണ്ട കേരളം, 2010, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

19) സ്വാമി ധർമ്മ തീർത്ഥ മഹാരാജ് - ഹൈന്ദവ ദുഷ്പ്രഭുത്വചരിത്രം, 2015, മൈത്രി ബുക്ക്സ്, തിരുവനന്തപുരം

1) Gyan Pandey- Rallying round the cow, sectarian strife in the Bhojpuri Region, c.1888-1917(sabalton studies)

2) Sandria B. Freitag- Sacred symbol as mobilizing Ideology: The North Indian search for a 'Hindu'community, Cambridge university

MESMAC International Conferences 2023
ISBN 978-81-956895-5-2 

## അനുബന്ധം



### ഗോരക്ഷക ഉപദേശം



ആലപ്പുഴ,

ഗോരക്ഷക സഭ പ്രസിഡൻറ്
ഗേലാരായസിങ്അവർകളാൽതർജ്ജിമചെയ്യിച്ച്
അച്ചടിപ്പിക്കപ്പെട്ടത്

"മലയാള മയൂഖം, പ്രസ്സ്
ആലപ്പുഴ

1911) (കോപ്പി 4000,

വില. അണ —൧.

MESMAC International Conferences 2023
ISBN 978-81-956895-5-2

# 3.
# മലബാർ കലാപത്തിന്റെ നാനാർത്ഥങ്ങളും വിശപ്പിന്റെ രാഷ്ട്രീയവും

**ആയിസത്ത് ഹസൂറ ബി. എ**

ഗവേഷക, മലയാളവിഭാഗം
കേരള-കേന്ദ്ര സർവകലാശാല,
കാസർഗോഡ്
aysathhassuraba@gmail.com

**കേ**രളചരിത്രത്തിൽ ഏറ്റവുമധികം സംവാദങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വിഷയീഭവിച്ച ചരിത്ര സംഭവമാണ് മലബാർ കലാപം. അത് ഒരേസമയം ബ്രിട്ടീഷ് വിരുദ്ധ സ്വാതന്ത്ര്യസമരമായും ജന്മിവിരുദ്ധ കാർഷിക കലാപമായും ഹിന്ദുവിരുദ്ധ വർഗീയതയുമായൊക്കെ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ഇതിലെ എല്ലാ അംശങ്ങളും പലയളവിൽ മലബാർ കലാപത്തിൽ ഉൾചേർന്നിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഏത് കോണിൽ നിന്നു നോക്കിക്കാണുന്നു എന്നതിനനുസരിച്ച് വ്യാഖ്യാനങ്ങളുടെ രീതികളും മാറിമാറി വരുന്നു. മലബാർ കലാപത്തിന്റെ തുടക്കവും തുടർച്ചയും ഭക്ഷണവുമായി ബന്ധിപ്പിച്ചുകൊണ്ട് എങ്ങനെ മനസ്സിലാക്കാം എന്ന അന്വേഷണമാണ് ഈ പ്രബന്ധം. മലബാർ കലാപത്തിന്റെ രാഷ്ട്രീയമെന്നത് വിശപ്പിന്റെ രാഷ്ട്രീയം കൂടിയാണെന്ന് പ്രബന്ധത്തിലൂടെ പറയാൻ ശ്രമിക്കുന്നു. ഈ വിശപ്പിന്റെ രാഷ്ട്രീയം തന്നെയായിരുന്നു ലഹളയുടെ മൂർദ്ധന്യാവസ്ഥയിൽ വർഗീയതയായും ചിത്രീകരിക്കപ്പെട്ടത്. ഇത്തരത്തിൽ മലബാർ കലാപവും ഭക്ഷണവും തമ്മിലുള്ള ബന്ധം അന്വേഷണ വിധേയമാക്കുന്നു.

മലബാർ കലാപം രൂപപ്പെട്ടുവന്ന വഴികളറിയാൻ കേരളത്തിന്റെ നൂറ്റാണ്ടുകൾ മുമ്പുള്ള ചരിത്രത്തിലേക്ക് കണ്ണോടിക്കേണ്ടി വരും. ആദ്യകാലങ്ങളിൽ വൈദേശിക ശക്തികളോടുള്ള നമ്മുടെ ബന്ധം വളരെ സൗഹാർദ്ദപരമായിരുന്നു. പോർച്ചുഗീസ്

MESMAC International Conferences 2023
ISBN 978-81-956895-5-2


കാലം തൊട്ടുണ്ടായ ബന്ധങ്ങൾ നമ്മുടെ സാമ്പത്തിക സ്ഥിതിക്ക് പുരോഗതി നൽകുന്നതുമായിരുന്നു. കറുത്ത സ്വർണം എന്നറിയപ്പെട്ടിരുന്ന കുരുമുളക് ഉൾപ്പെടെയുള്ള കാർഷിക വിളകളെല്ലാം ലോകത്തിനു മുന്നിൽ അവതരിച്ച സുവർണകാലമായിരുന്നു അത്. കേരളത്തിൽ കാലുറപ്പിക്കാനും അതുവഴി അധികാര സംസ്ഥാപനത്തിനും വേണ്ടിയുള്ള വൈദേശികശക്തികളുടെ പോരാട്ടങ്ങളാണ് കേരളത്തിന്റെ ചരിത്രത്തെ തന്നെ മാറ്റിമറിച്ചത്. മലബാർ കലാപത്തിന്റെ പ്രാഥമികമായ കാരണം മലബാറിന്റെ സുസ്ഥിരമായിരുന്ന കാർഷിക സാമ്പത്തിക വ്യവസ്ഥിതിയിലുണ്ടായ വ്യതിചലനമായിരുന്നു എന്ന് ചുരുക്കി പറയാവുന്നതാണ്. ടിപ്പുസുൽത്താന്റെ കാലം വരെ വലിയ കുഴപ്പങ്ങളൊന്നുമില്ലാതെ മുന്നോട്ടുപോയിരുന്ന മലബാറിൽ സംഘർഷങ്ങൾ ഉണ്ടാകുന്നത് ടിപ്പുവിന്റെ തോൽവിയോട് കൂടിയാണ്. 1792-ലെ യുദ്ധത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനി മലബാറിന്റെ നിയന്ത്രണം ഏറ്റെടുത്തതോടു കൂടിയാണ് പലതരത്തിലുള്ള പ്രശ്നങ്ങളുടെയും തുടക്കം. അന്നുതൊട്ട് തുടങ്ങിയ മാപ്പിളമാരുടെ ചെറിയ ചെറിയ പ്രതിഷേധങ്ങളുടെയും പോരാട്ടങ്ങളുടെയുമെല്ലാം ആകെ തുകയായി 1921ലെ മലബാർ കലാപത്തെ കണ്ടെത്താൻ സാധിക്കും. പെട്ടെന്നൊരു സുപ്രഭാതത്തിൽ പതിനായിരക്കണക്കിന് ജനങ്ങളിൽ ശക്തമായ ബ്രിട്ടീഷ് ജന്മിത്വവിരുദ്ധ വികാരം ഉടലെടുക്കാൻ തരമില്ല. അതിന് പിന്നിലുണ്ടായിരുന്നത് അത്രയും കാലം അവരനുഭവിച്ച മാനസികവും ശാരീരികവും സാമ്പത്തികവുമായ അടിച്ചമർത്തലുകളാണ് എന്നതിൽ സംശയമില്ല.

പോരാട്ടങ്ങളുടെയെല്ലാം അടിസ്ഥാന കാരണമായി പറയാൻ കഴിയുന്നത് കാർഷിക സമ്പദ് വ്യവസ്ഥിതിയുടെ തകിടം മറിച്ചിലാണ്. ഒരു പ്രത്യേക വിഭാഗം ജനങ്ങൾക്കു മാത്രമായി അഥവാ സമുദായത്തിനു മാത്രമായി നികുതികളിൽ വലിയ രീതിയിലുള്ള മാറ്റം നിലവിൽ കൊണ്ടുവരാൻ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി ശ്രമിച്ചു. മലബാറിന്റെ സാംസ്കാരിക ചരിത്രം പരിശോധിച്ചാൽ നികുതി വർദ്ധനയിലൂടെയുണ്ടായ ഈ അസന്തുലിതാവസ്ഥ പ്രധാനമായും ബാധിച്ചിരുന്നത് മലബാറിലെ കർഷകരായ മാപ്പിളമാരെയായിരുന്നു. മലബാറിലെ കർഷകരിൽ ഭൂരിഭാഗവും മാപ്പിളമാരായിരുന്നു, അഥവാ ഭൂമി കൈവശമുള്ള മാപ്പിളമാർ വളരെ ചുരുക്കം മാത്രമായിരുന്നു. രാപകൽ കഷ്ടപ്പെട്ടിട്ടും കൃത്യമായി ഭക്ഷണം പോലും ലഭിക്കാത്ത സാഹചര്യ

MESMAC International Conferences 2023
ISBN 978-81-956895-5-2

ത്തോട് പ്രതികരിക്കാതിരിക്കാൻ കർഷകർക്ക് കഴിയുമായിരുന്നില്ല. മനുഷ്യരുടെ അടിസ്ഥാന പ്രശ്നം അന്നും ഇന്നും എന്നും ഭക്ഷണ മാണ്. കാർഷികവൃത്തിയിലേർപ്പെടുമ്പോൾ പോലും തങ്ങൾ ഉണ്ടാക്കിയ ആഹാരം നികുതി ഇനത്തിലും മറ്റുമായി വേർതിരി ക്കപ്പെട്ടു പോവുകയും കഴിക്കാൻ ഒന്നുമില്ലാതായി പോവുകയും ചെയ്യുന്ന അവസ്ഥ വളരെ പരിതാപകരമായിരുന്നു. സ്വാതന്ത്ര്യ ത്തേക്കാൾ മനുഷ്യനു വേണ്ടത് അടിസ്ഥാന ആവശ്യമായ ഭക്ഷണ മാണ് എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെയാണ് സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തേക്കാൾ പ്രധാന മായി ഭക്ഷണത്തിനുള്ള പോരാട്ടം മാറുന്നത്.

നികുതി വ്യവസ്ഥയാണ് കലാപകാരണമെന്ന് പറയാൻ തെളിവുകൾ ഒരുപാടുണ്ട്. മലബാറിലെ കാർഷിക ബന്ധത്തെപ്പറ്റി പഠിച്ച ഡോ.കെ എൻ പണിക്കർ കലാപത്തിന്റെ സ്വഭാവവും അത് വ്യാപിച്ചിരുന്ന സ്ഥലങ്ങളെയും പറ്റി സൂചിപ്പിക്കുന്നുണ്ട്. "ഉൾ നാടൻ മേഖലകളിലെ മാപ്പിളമാർ കൃഷിയും തീരമേഖല കളിലുള്ളവർ മത്സ്യബന്ധനവും പ്രധാന തൊഴിലായി സ്വീകരി ച്ചിരുന്നതായി തൊഴിൽഘടനയെ പറ്റിയുള്ള പഠനം വ്യക്തമാ ക്കുന്നു. കലാപം തീവ്രമായിരുന്ന ഉൾനാടൻ താലൂക്കുകളിൽ മാപ്പിളമാർ ഉപജീവനമാർഗമായി കൃഷിയെ മാത്രം ആശ്രയിച്ചിരു ന്നവരാണ്. മത്സ്യബന്ധനം മുതലായ മറ്റു തൊഴിൽ സാധ്യതകൾ ഉണ്ടായിരുന്ന തീരദേശ താലൂക്കുകളിൽ കലാപം താരതമ്യേന ദുർബലമായിരുന്നു. പലയിടത്തും കലാപം ഉണ്ടായിട്ടില്ലെന്ന് തന്നെ പറയാം".[1]

മലബാറിലെ കാർഷിക ബന്ധങ്ങളെ പുതിയ കുടിയാ യ്മാവ്യവസ്ഥകളും നികുതി സമ്പ്രദായങ്ങളും എങ്ങനെയാണ് ബാധിച്ചതെന്ന് അന്വേഷിക്കേണ്ടതുണ്ട്. അതുവരെ നിലനിന്നി രുന്നതിൽ നിന്ന് വ്യത്യസ്തമായി ജന്മിമാരെ ഭൂമിയുടെ സർവ്വാ ധികാരികളായി നിയമിക്കുന്ന തരത്തിലുള്ളതായിരുന്നു ബ്രിട്ടീഷു കാരുടെ പുതിയ കുടിയായ്മാവ്യവസ്ഥ. അതിലൂടെ കാണക്കാ രനും കർഷകനും വെറും കുടിയാൻ മാത്രമായി മാറി. പുതിയ ന്യായപ്രകാരം പാട്ടം വർദ്ധിപ്പിക്കൽ, കുടിയൊഴിപ്പിക്കൽ, പാട്ട കാലാവധി പുതുക്കുന്നതിന് ഫീസ് ഈടാക്കൽ തുടങ്ങിയ തര ത്തിൽ കീഴ്കുടിയാന്മാരെ ചൂഷണം ചെയ്യാൻ ജന്മികൾക്ക് സാധി ച്ചു. ചുരുക്കത്തിൽ കൊളോണിയൽ ചൂഷണത്തിനു പറ്റുന്ന രൂപ ത്തിൽ പാരമ്പര്യ അധികാരബന്ധങ്ങളെയും രാഷ്ട്രീയക്രമ

MESMAC International Conferences 2023
ISBN 978-81-956895-5-2


ത്തെയും പുനക്രമീകരിക്കുകയാണ് ടിപ്പുവിന്റെ പതനത്തിനു ശേഷം ബ്രിട്ടീഷുകാർ മലബാറിൽ ചെയ്തത്.അതിനായി അവർ ഉപയോഗിച്ച മാർഗ്ഗം പാരമ്പര്യ അധികാരികളായ ജന്മിമാരെയും മറ്റും തങ്ങളുടെ അധികാരത്തിന്റെ പങ്കുകാരാക്കി മാറ്റുക എന്ന തായിരുന്നു. ആ പങ്കുചേരലിലൂടെ ബ്രിട്ടീഷുകാർക്ക് ചൂഷണം ചെയ്യാനുള്ള വഴി പെട്ടെന്ന് തുറന്നു കിട്ടി.

അധികാരികളുടെ ഭാഗത്തുനിന്നുണ്ടായിവരുന്ന ഇത്തരം അതിക്രമങ്ങളെ അക്രമത്തിന്റെ വഴിയിൽ നേരിടാൻ ശ്രമിക്കുന്ന മലബാറിലെ കർഷകരുടെ പോരാട്ട ചരിത്രമാണ് പിന്നീടുള്ളത്. ചെറുതും വലുതുമായ ഒരുപാട് സംഘർഷങ്ങൾ 1921 വരെ മല ബാറിൽ ഉണ്ടായിട്ടുണ്ട്. ഇവയിലെല്ലാംതന്നെ മാപ്പിളമാർ ഹിന്ദു ക്കളെ കൊന്നതായാണ് ഉള്ളത്. കൊലചെയ്യപ്പെട്ടത് ഹിന്ദുക്കൾ ആയതുകൊണ്ട്തന്നെ അതൊക്കെയും അധികാരികളുടെ കാഴ്ചപ്പാടിൽ കടുത്ത മതാന്ധതയിൽ നിന്നുണ്ടായ ജിഹാദ് വിളികളായി മാത്രം ഗണിക്കപ്പെട്ടു. കലാപങ്ങളുടെ കാരണം അറി യാനായി ബ്രിട്ടീഷ് ഗവൺമെൻറ് നിയമിച്ച ഉദ്യോഗസ്ഥരെല്ലാം യഥാർത്ഥ സത്യത്തെ മറച്ചു പിടിക്കുകയാണ് ചെയ്തത്.

മലബാർ മാനുവൽ അടക്കമുള്ള ചരിത്രങ്ങളെല്ലാം തന്നെ പോരാളികളെ വിശേഷിപ്പിച്ചത് അക്രമികൾ, ലഹളക്കാർ, ജിഹാദികൾ എന്നൊക്കെയായിരുന്നു. കൊളോണിയൽ ഭരണ കൂടം ഉപയോഗിച്ചിരുന്ന ഇത്തരം വിശേഷണങ്ങൾ തന്നെയാണ് ഇന്നും നമ്മൾ തുടർന്നുപോരുന്നത് എന്നത് വലിയ നാണ ക്കേടാണ്. മലബാർകലാപത്തെ പറ്റിയുള്ള പി. ഗീതയുടെ പഠന ത്തിൽ ഇത് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. "മാപ്പിളമാർ അക്രമികളാണ് എന്ന യൂറോപ്യൻ ബോധം ഇന്ത്യൻ മനസ്സിനെ ആഴത്തിൽ സ്വാധീനിക്കുക തന്നെ ചെയ്തു. ഇന്ത്യ ആക്രമിച്ച മുസ്ലിം ഭരണാധികാരികളെയല്ല ബ്രിട്ടീഷ് ധിക്കാരികൾ ചൂണ്ടി ക്കാണിച്ച നിസ്വരായ മാപ്പിളമാരെയാണ് അക്രമികൾ എന്ന് നാം ധരിച്ചത് എന്നത് ചരിത്രത്തിൽ സംഭവിച്ച വിരോധാഭാസമാണ്."[2]

മലബാർ കലാപത്തെ ഭക്ഷണവുമായി ബന്ധിപ്പിച്ച് പഠി ക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട മറ്റൊരു കാര്യം കലാപ കാലത്ത് നടന്ന കൊള്ളകളാണ്. തങ്ങളെ ചൂഷണം ചെയ്യുന്ന ജന്മിമാരെ ശാരീരികമായി കയ്യേറ്റം ചെയ്യുന്നതിനേക്കാൾ അവ രുടെ മുതലുകൾ കൊള്ളയടിക്കുന്നതിലും രേഖകൾ നശിപ്പി ക്കുന്നതിലുമായിരുന്നു കലാപകാരികൾ ശ്രദ്ധ ചെലുത്തിയി

MESMAC International Conferences 2023
ISBN 978-81-956895-5-2

രുന്നത്. തങ്ങളെ അടിച്ചമർത്താൻ ഉപയോഗിച്ച രേഖകൾ ഇല്ലാതാക്കുന്നതിലൂടെ ലഭിക്കുമെന്ന് വിശ്വസിക്കുന്ന സ്വാതന്ത്ര്യം അവരുടെ സ്വപ്നമായിരുന്നു. അതുപോലെ കൊള്ളയിലൂടെ ലഭിക്കുന്ന മുതലുകൾ കലാപകാലത്തെ ഉപജീവനത്തിന് ഉപയോഗിക്കുക എന്നതായിരുന്നു  രീതി. യുദ്ധസമാനമായ സാഹചര്യത്തിൽ ഭക്ഷണം കിട്ടാക്കനിയായി മാറിയിരുന്നു. കൃഷിക്ക് അനുയോജ്യമല്ലാത്ത സാഹചര്യമായതുകൊണ്ട് തന്നെ ഏകമാർഗ്ഗം ജന്മിഗൃഹങ്ങളിലെ പത്തായങ്ങൾ ആയിരുന്നു. തങ്ങളുടെ അധ്വാനം അത്യാവശ്യഘട്ടത്തിൽ ഉപയോഗിക്കുന്നതിൽ പോരാളികളായ കർഷകർ വലിയ തെറ്റൊന്നും കണ്ടില്ല. പക്ഷേ ചില ഇടങ്ങളിൽ ഇത്തരം കയ്യേറ്റങ്ങൾ പരിധി ലംഘിക്കുകയുണ്ടായിട്ടുണ്ട്. ഭക്ഷണം എന്ന പ്രാഥമിക ആവശ്യത്തിനുവേണ്ടി ജന്മിഗൃഹങ്ങൾ കൊള്ളയടിച്ചതിൽ നിന്ന് വ്യത്യസ്തമായി ചിലയിടങ്ങളിൽ വീട്ടുകാരെ ആക്രമിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ മാറി. അതുകൊണ്ട് തന്നെ കലാപത്തെ സംബന്ധിച്ച പിന്നീടുള്ള ആഖ്യാനങ്ങളിലെല്ലാം ഇടം പിടിച്ചത് ഇത്തരം അക്രമണങ്ങൾ ആയിരുന്നു എന്നതാണ് യാഥാർത്ഥ്യം. നിലമ്പൂർ കോവിലകത്തെ ആക്രമണത്തെ സംബന്ധിച്ച് ചരിത്രകാരനായ കെ. എൻ പണിക്കർ പറയുന്നത് ഇങ്ങനെയാണ്; “കുടുംബാംഗങ്ങളിൽ ഒരാളെ പോലും ദേഹോപദ്രവം ഏൽപ്പിച്ചില്ല എന്നുതന്നെയല്ല തറവാട്ടിലെ ഒരു ചെറുപ്പക്കാരനോട് സൗഹാർദ്ദപൂർവ്വം പെരുമാറുകയും ചെയ്തുവത്രെ! ജന്മിമാരുടെ പെരുമാറ്റം കർഷകരുടെ സമീപനം രൂപപ്പെടുത്തുന്നതിനെ സ്വാധീനിക്കാറുണ്ട് എന്നാണിത് കാണിക്കുന്നത്. ദയാലുക്കളായ ജന്മിമാർ ഉപദ്രവിക്കപ്പെട്ടില്ല എന്ന് മാത്രമല്ല സംരക്ഷിക്കപ്പെടുകയും ചെയ്തു. എന്നാൽ ചൂഷകരായ ജന്മിമാർ ആക്രമിക്കപ്പെട്ടു.”[3]

മലബാർകലാപം  ബഹുവിധ വ്യാഖ്യാനങ്ങൾ സാധ്യമായ ഒരു അസാധാരണ ചരിത്ര സംഭവമായിരുന്നു എന്നതിൽ സംശയമില്ല. ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും ഇന്നും സജീവമായി ചർച്ച ചെയ്യപ്പെടുന്നതും ഈ കാരണം കൊണ്ട് തന്നെയാണ്. ഭക്ഷണം എത്തരത്തിലാണ് മലബാർകലാപത്തിന്റെ തുടക്കത്തെയും തുടർച്ചയെയും സ്വാധീനിച്ചത് എന്നത് വ്യത്യസ്തമായ ഒരു വീക്ഷണമാണ്. കലാപത്തിന്റെ രാഷ്ട്രീയം ചർച്ച ചെയ്യുന്നവർ തീർച്ചയായും മനസ്സിലാക്കേണ്ടത് അന്നത്തെ സമൂഹമനുഭവിച്ച വിശപ്പിന്റെ രാഷ്ട്രീയം കൂടിയാണ്. ആ രാഷ്ട്രീയത്തിൽ മതഭ്രാന്ത്

 MESMAC International Conferences 2023
ISBN 978-81-956895-5-2 

കലർത്താൻ സാധിക്കില്ല. തങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടി ഒരുമിച്ചുനിന്ന് പോരാടാൻ ഒരു സമുദായത്തിന് മാത്രം കഴിഞ്ഞു എന്നതുകൊണ്ട് അതൊരു സാമുദായിക ലഹളയായി ഒതുക്കാനുള്ള ശ്രമം നടന്നിട്ടുണ്ട്. ജാതീയമായ വേർതിരിവുകളിൽ ജീവിക്കുന്ന ഇന്ത്യൻ മനസ്സിൽ ഒറ്റക്കെട്ടായുള്ള പോരാട്ടം അസാധ്യമാണെന്ന ബ്രിട്ടീഷുകാരുടെ അമിതമായ ആത്മവിശ്വാസത്തെയാണ് ഇതൊന്നും ബാധകമല്ലാത്ത ഒരു കൂട്ടം ജനങ്ങൾ തങ്ങളുടെ ശക്തമായ പോരാട്ടത്തിലൂടെ ചോദ്യം ചെയ്തത്. ആ ചെറുത്തുനിൽപ്പുകൾ നിശേഷം ചരിത്രത്തിൽ നിന്നും വർത്തമാനത്തിൽ നിന്നും ഇല്ലാതാക്കാൻ ഇന്നും കൊളോണിയൽ ഭരണകൂട സമാനമായ സാഹചര്യങ്ങൾ ശ്രമിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ എക്കാലവും നമ്മുടെ ചിന്തകൾ നന്മയിലേക്കുള്ളതായിരിക്കണം. വായിക്കുന്ന, നിർമ്മിച്ചെടുക്കുന്ന പാഠങ്ങൾ എല്ലാവരെയും ഒരുമിപ്പിക്കുന്നതായിരിക്കണം. നമ്മുടെ ചരിത്ര വായനകളും അത്തരത്തിൽ മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## കുറിപ്പുകൾ

1. പണിക്കർ കെ. എൻ-മലബാറിലെ കർഷകരുടെ ചെറുത്തുനിൽപ്പും കലാപങ്ങളും-പുറം 29
2. ഗീത .പി-1921 ചരിത്രവർത്തമാനങ്ങൾ-പുറം 21
3. പണിക്കർ കെ. എൻ-മലബാർ കലാപം പ്രഭുത്വത്തിനും രാജവാഴ്ചയ്ക്കുമെതിരെ -പുറം 222

MESMAC International Conferences 2023
ISBN 978-81-956895-5-2

# 4.
# സമകാലിക മലയാളഭക്ഷണവ്ളോഗുകളിലെ (Vlog) ദേശനിർമ്മിതികൾ

**ദേവി എൻ.**

ഗവേഷക
മലയാളസർവകലാശാല
വാക്കാട്, തിരൂർ

"Food is a Central Activity of Man kind and one of the single most significant trade marks of a culture"
- Mark Kurlansky (2013)

**പ്രബന്ധസംഗ്രഹം**
പുതിയ രുചികൾ തേടിയുള്ള മനുഷ്യയാത്രകൾക്ക് മാനവരാശിയോളം പഴക്കമുണ്ട്. സോഷ്യൽ മീഡിയ വഴി വിവരസഞ്ചയങ്ങളെ വീഡിയോ രൂപത്തിൽ പങ്കുവെയ്ക്കുന്ന ഇടങ്ങളിലൊന്നാണ് വ്ളോഗുകൾ (Vlogs). യാത്രാ വ്ളോഗുകൾ അടക്കം ഒട്ടനവധി വ്ളോഗുകൾ ഇന്ന് പ്രചാരത്തിലുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് 'ഭക്ഷണവ്ളോഗുകൾ'. നാക്കിലൂടെ മാത്രം അറിയാൻ കഴിയുന്ന, ആഹാരത്തിലെ രാസഘടകങ്ങളെ തിരിച്ചറിയുന്നതിനുള്ള ഉപാധിയായ രുചിയെപ്പോലും വ്ളോഗുകൾ കീഴടക്കിക്കഴിഞ്ഞു. ആധുനികവൽക്കരണത്തിന് നിർണ്ണായകമായ പങ്ക് വഹിച്ചതിൽ ഒന്ന്, ഭക്ഷണശാലകളായിരുന്നു. കേവലം ഭക്ഷണശാലകൾ എന്നതിലുപരിയായി ആധുനിക സംസ്കാര രൂപീകരണത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കിയിരുന്ന പൊതുയിടങ്ങളായിരുന്നു ഭക്ഷണശാലകൾ. ഇത്തരം ഭക്ഷണശാലകളുടെ ആഗോളസഞ്ചാര രൂപങ്ങളാണ് ഭക്ഷണയാത്രാ വ്ളോഗുകൾ. സമകാലിക മലയാളഭക്ഷണവ്ളോഗുകളായ ഫുഡ് ആന്റ് ട്രാവൽ ബൈ എബിൻ ജോസ് (എബിൻ ജോസ്), വാണ്ടറിങ്ങ് ഫുഡ്ഡി (ഷെയ്ൻ), വേവാർഡ് ഗോർമെറ്റ് (അഫ്ലഹ്), ഈമാൻ ഈറ്റ്സ് (അർഷിയ), മൃണാൾസ്വ്ളോഗ് (മൃണാൾ) തുടങ്ങിയ വ്ളോഗുകളാണ് ദത്തശേഖരണത്തിനായി

ഉപയോഗിക്കുന്നത്. കട്ടച്ചാൽക്കുഴി ചിക്കൻ, രാമശ്ശേരി ഇഡ്ഡലി, തലശ്ശേരി ബിരിയാണി, തിരുവനന്തപുരം ബോളി, തൃശ്ശൂർ കുഴലപ്പം, കോഴിക്കോട് ഹൽവ, മാഞ്ഞാലി ബിരിയാണി, ഗുരുവായൂർ പപ്പടം തുടങ്ങിയവ വഴിയുള്ള ദേശനിർമ്മിതകൾ അന്വേഷിക്കുന്നു. നീട്ടുകയും ചുരുക്കുകയും ചെയ്യാവുന്ന ദേശാതിരിനുള്ളിലെ നിർണ്ണീതമായ രുചികൾക്കൊപ്പം അതിരുകൾ നിർണ്ണീതമല്ലാത്ത രുചികളെയും വരച്ചിടുകയാണ് പുതിയ കാലത്തെ ഭക്ഷണവ്ളോഗ് സംസ്കാരം. ദേശാതിർത്തികൾക്കപ്പുറത്തുള്ള ഭക്ഷ്യവിഭവങ്ങൾ കൊണ്ട് മനുഷ്യനുണ്ടാക്കുന്ന പുതിയ രുചിബോധങ്ങൾ വ്ളോഗുകൾ വഴി ദേശാതിർത്തികൾക്കപ്പുറത്തേക്ക് എത്തുമ്പോഴുള്ള സമകാലിക മലയാളഭക്ഷണ വ്ളോഗുകളുടെ ദേശനിർമ്മിതിയും സാംസ്കാരിക-സാമ്പത്തിക ബലതന്ത്രങ്ങളും വിശകലനം ചെയ്യുന്ന പഠനമാണിത്.

**താക്കോൽവാക്കുകൾ:** കേരളാധുനികത, ഇന്ത്യനാധുനികത, ജാതി, ഭോജനസമരം, നവോത്ഥാനം.

## ആമുഖം

നിമിഷനേരങ്ങൾകൊണ്ട് പ്രേക്ഷകരുടെ മനസ്സും വയറും നിറച്ചുകൊണ്ടുള്ള ഫുഡ്വ്ളോഗുകൾ ഇന്ന് സോഷ്യൽമീഡിയയിൽ തരംഗമാണ്. എളുപ്പം തയ്യാറാക്കാവുന്ന തനിനാടൻ വിഭവങ്ങൾ മുതൽ രുചിവൈവിധ്യങ്ങളുടെ ഒരു കലവറതന്നെ ഭക്ഷണവ്ളോഗുകൾ ഒരുക്കുന്നുണ്ട്. ഭക്ഷണവ്ളോഗുകളുടെ തുടക്ക കാലങ്ങളിൽ ഭക്ഷണപാചകവിധികളും ഭക്ഷണചേരുവകളുമായിരുന്നു ഉള്ളടക്കം. എന്നാൽ ഇന്ന് ഭക്ഷണങ്ങളുടെ റെസിപി മുതൽ ഭൂമിയുടെ പലകോണിലുള്ള ഭക്ഷണവൈവിധ്യങ്ങളെ സോഷ്യൽമീഡിയ നമുക്ക് പരിചയപ്പെടുത്തുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ട് ഒരു പ്രദേശത്ത് നിലനിൽക്കുന്ന സസ്യജന്തുജാലങ്ങളെയാണ് ആ പ്രദേശത്ത് അധിവസിക്കുന്ന മനുഷ്യർ ഭക്ഷണവിഭവങ്ങളായി മാറ്റുന്നത്. ഓരോ പ്രദേശത്തേയും മനുഷ്യരുടെ ജീവിതരീതികൾക്കനുസരിച്ചാണ് ആ പ്രദേശവാസികളുടെ ഭക്ഷണശീലങ്ങളും. ഓരോ ഭക്ഷണശീലങ്ങളും ഓരോ ഭക്ഷണപദാർത്ഥങ്ങളും ഉണ്ടായതിനു പിന്നിൽ ഭൂപ്രകൃതിയുടെ സംഭാവനകളുണ്ട്. കാലംമാറുന്നതിനനുസരിച്ച് ജീവിത രീതികളിലും മാറ്റങ്ങൾ സംഭവിക്കുന്നു. യാത്രാ സൗകര്യങ്ങളും കുടിയേറ്റങ്ങളും സംഭവിക്കുമ്പോൾ ഭക്ഷണവൈവിധ്യം ലോകത്തിന്റെ എല്ലാ ഭൂപ്രദേശങ്ങളിലേക്കും എത്തുന്നു. അങ്ങനെ മനുഷ്യർക്കൊപ്പം ഭക്ഷണവിഭവങ്ങളുടെ കുടിയേറ്റങ്ങളും സംഭവിക്കുന്നു.

MESMAC International Conferences 2023
ISBN 978-81-956895-5-2

ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ശ്വസിക്കാൻ വായു, കുടിക്കാൻ വെള്ളം, കഴിയ്ക്കാൻ ആഹാരം ഇവ മൂന്നും ഏറെ പ്രധാനപ്പെട്ടവയാണ്. മനുഷ്യരുടെ പ്രാരംഭ കാലംമുതൽ അവർ ഭക്ഷണം തേടി അലഞ്ഞു നടക്കാൻ തുടങ്ങിയിട്ടുണ്ട്. കാലം മുന്നോട്ടു പോകുമ്പോൾ ഭക്ഷണം തേടിയുള്ള അലച്ചി ലിൽ പുതിയ രീതികൾ കടന്നുവരുന്നതല്ലാതെ ഭക്ഷണം തേടി യുള്ള അലച്ചിലിൽ അഥവാ യാത്രയിൽ മനുഷ്യൻ മുന്നോട്ടു തന്നെ യാണ്. ഓരോ പ്രദേശത്തും ജീവിക്കുന്ന മനുഷ്യർ ആ പ്രദേശത്തെ ഭൂപ്രകൃതിക്കനുസൃതമായ ഭക്ഷണവിഭവങ്ങൾ കണ്ടെത്തുന്നു. ഏറെ നാളത്തെ പരീക്ഷണ-നിരീക്ഷണങ്ങളുടെ ഫലമാണ് ഇത്തരം ഭക്ഷണവിഭവങ്ങൾ. പിന്നീട് കുടിയേറ്റങ്ങളും യാത്രകളും മനുഷ്യവിഭവങ്ങൾക്ക് പുതിയ മാനങ്ങൾ നൽകുന്നു. പലദേശത്തുനിന്നും വരുന്ന ഭക്ഷണവിഭവങ്ങൾ പലപ്പോഴും ആ ദേശനാമത്തോട് ചേർത്താണ് ഉപയോഗിക്കപ്പെടുന്നത്. ഹൈദരാ ബാദ് ബിരിയാണി, പാക്കിസ്ഥാനി ബിരിയാണി, റഷ്യൻ പാസ്ത, അമേരിക്കൻ ചോപ്സി, ചെട്ടിനാട് ദോശകൾ ഇങ്ങനെ പോകുന്നു അതിനുള്ള ഉദാഹരണങ്ങൾ. ഒരു പ്രദേശത്തെ അടയാളപ്പെടു ത്തുന്ന തലത്തിലേക്ക് പലപ്പോഴും പലവിഭവങ്ങളും മാറുന്നു.

**ദേശനിർമ്മിതികൾ ഭക്ഷണവ്ളോഗുകളിൽ**

പഴം, നീ എന്നീ രണ്ടു വാക്കുകളിൽ നിന്നാണ് 'പഴനി' എന്ന സ്ഥലപ്പേരുണ്ടായതെന്ന് ഒരു വിശ്വാസമുണ്ട്. ജ്ഞാനപ്പഴ ത്തിനുവേണ്ടിയുള്ള തർക്കത്തിൽ മാതാപിതാക്കളോടു പിണങ്ങി പോന്ന സുബ്രഹ്മണ്യനെ ശാന്തനാക്കാൻ തമിഴ്കവിയായ അവ്വ യ്യാർ പറഞ്ഞ വാക്കുകളാണത്രെ ജ്ഞാനപ്പഴം നീ തന്നെയാണ് എന്നർത്ഥം വരുന്ന 'പഴം നീ'. 1965-ൽ പുറത്തിറങ്ങിയ 'തിരുവി ളയാടൽ' (ഠവശൃൗശഹമശ്യമറമഹ) എന്ന സിനിമയിൽ ഇതി നെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഭക്ഷണദേശ നിർമ്മിതികളെ വിശകലനം ചെയ്യുമ്പോൾ ഭക്ഷണ സംസ്കാര ങ്ങളുടെ പുതിയ തലങ്ങൾ തെളിഞ്ഞ് വരുന്നു. കാലത്തിനനുസ രിച്ച് രൂപമാറ്റങ്ങൾ വരുത്തി മുന്നേറാൻ ഭക്ഷണസംസ്കാരങ്ങൾക്ക് സാധിക്കുന്നുണ്ട്. രുചികളുടെ കലവറയായ കേരളീയ ഭക്ഷണ പാരമ്പര്യവും പുതിയ കാലത്തിനോടു ചേർന്ന് മുന്നോട്ട് സഞ്ച രിക്കുന്നു. ആവിഷ്കാരസാധ്യതാ വൈവിധ്യങ്ങളുടെ വിപുലമായ സഞ്ചാരം നടത്തിക്കൊണ്ട് സമകാലിക മലയാളഭക്ഷണവ്ളോഗ് സംസ്കാരത്തിൽ എത്തിനിൽക്കുകയാണ് മലയാളികളും. ആഗോ

MESMAC International Conferences 2023
ISBN 978-81-956895-5-2


ളീകരണം മനുഷ്യനുമുന്നിൽ കാഴ്ചവെച്ച പുതിയ ലോകവീക്ഷണങ്ങളും ജീവിതബോധങ്ങളും സാമൂഹിക ജീവിതത്തിൽ സൃഷ്ടിച്ച മാറ്റങ്ങളും സൂക്ഷ്മഗ്രാഹികളായ കാഴ്ചകളായി ആവിഷ്കരിക്കുകയാണ് പുതിയ വ്ളോഗ് സംസ്കാരം.

രുചിക്കൂട്ടുകളോടൊപ്പം ഭക്ഷണം പാകം ചെയ്യുന്ന രീതിയും കഴിക്കുന്ന വിധവും വിളമ്പുന്ന രീതിയും എല്ലാം ഭക്ഷണ വ്ളോഗുകളിൽ അവതരിപ്പിക്കുന്നുണ്ട്. ചിഹ്നവിജ്ഞാനീയം ഉപയോഗിച്ചാണ് റൊളാങ്ബാർത്ത് ഭക്ഷണധർമ്മം വിശദീകരിക്കുന്നത്. ഭാഷപോലെ ഭക്ഷണവും അർത്ഥനിർമ്മിതിക്ക് ഉപയോഗിക്കാവുന്ന ഘടകമാണ്. ഭക്ഷണം വെറും ഉപഭോഗവസ്തുവല്ല, മറിച്ച് അതിനൊരു ഘടനയുണ്ട്. കൃത്യമായ അർത്ഥ തലങ്ങളും. ഭക്ഷണം ആളുകളുമായി പരസ്പരം ആശയസംവേദനം നടത്തുന്നു. ഭക്ഷണം സംസ്കാരത്തെയും സംസ്കാരം ഭക്ഷണത്തെയും സ്വാധീനിക്കുന്നുവെന്നാണ് ബാർത്ത് അഭിപ്രായപ്പെടുന്നത്. നാടൻ ഭക്ഷണങ്ങൾ ഒരു ദേശത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും രുചികളുടെ രൂപത്തിൽ പങ്കിടുന്നു. മലബാറുകാരുടെ ഇറച്ചിപ്പത്തിരിയും ചായക്കടികളും കോഴിക്കോടുകാരുടെ ഹൽവയും ബിരിയാണിയും ആലപ്പുഴക്കാരുടെ താറാവു കറിയും കോട്ടയംകാരുടെ കുടംപുളിയിട്ട മീനും തിരുവനന്തപുരംകാരുടെ ബോളിയും തൃശ്ശൂരുകാരുടെ വെള്ളേപ്പങ്ങാടിയും പറയുന്നത് ആ നാടിന്റെ രുചിഭേദങ്ങളെക്കുറിച്ചാണ്.

ഓരോ വർഷം കഴിയുംതോറും ഭക്ഷണരീതിയിൽ കാര്യമായി മാറ്റങ്ങൾ വരുന്നു. കോവിഡും ലോക്ഡൗണും പോലുള്ള മാറ്റങ്ങൾ മാത്രമല്ല, തിരഞ്ഞെടുപ്പുകൾ മാറുന്നതും പുതിയ പുതിയ വിഭവങ്ങൾ ഉണ്ടാക്കപ്പെടുന്നതും അടക്കം കാലത്തിന്റെ മുന്നോട്ടു പോക്കിൽ ചുറ്റുപാടുകൾ മാറുന്നു എന്നതെല്ലാം ഭക്ഷണ സംസ്കാരത്തെയും മാറ്റി മറിക്കുന്നുണ്ട്. ഇങ്ങനെ വിപണിയിൽ ഒട്ടേറെ വിഭവങ്ങൾ ഇന്ന് സുലഭമാണ്.

1. തൃശ്ശൂരിലെ വെള്ളേപ്പങ്ങാടി
2. പാലക്കാടൻ റാവുത്തർ ബിരിയാണി
3. കണ്ണൂർ ബീഫ്റോസ്റ്റ്
4. ട്രിവാൻഡ്രം ചിക്കൻഫ്രൈ
5. അഷ്ടമുടി ഹെർബൽഫിഷ്
6. മട്ടാഞ്ചേരി സ്പൈസ്കേക്ക്
7. കോഴിക്കോടൻ അവിൽമിൽക്ക്

MESMAC International Conferences 2023
ISBN 978-81-956895-5-2

8. അങ്കമാലി മാങ്ങാക്കറി
9. ആലപ്പി ഫിഷ്കറി
10. വേണാട് പാൽക്കൊഞ്ച്
11. രാമശ്ശേരി ഇഡ്ഡലി
12. വയനാടൻ പോത്തുംകാല്
13. ഇടുക്കിക്കാരുടെ ഏഷ്യാഡ്
14. കൽപ്പാത്തി തക്കാളി ഊത്തപ്പം
15. കൊച്ചിയിലെ ഇറച്ചിച്ചോറ്
16. മലബാർ സ്റ്റൈൽ കോഴിനിറച്ചത്
17. കൊച്ചിയിലെ ജെഫ്ബിരിയാണി
18. മാഞ്ഞാലി ബിരിയാണി
19. കട്ടച്ചാൽകുഴി ചിക്കൻ
20. ഗുരുവായൂർ പപ്പടം

ഇങ്ങനെ ദേശനാമങ്ങളോട് ചേർന്ന് കിടക്കുന്ന ഒട്ടനവധി കേരളീയ വിഭവങ്ങൾ കാണാം. കുടിയേറ്റങ്ങളുടെ ഭാഗമായി കടന്നുവന്ന കേരളീയമല്ലാത്ത വിഭവങ്ങളും ഇന്ന് കേരളത്തിൽ സുലഭമാണ്. ഹൈദരാബാദ് ബിരിയാണിയും ഇറ്റാലിയൻ പാസ്തയും അറേബ്യൻ ഷവർമയുമെല്ലാം ഇത്തരത്തിൽ കടന്നുവന്ന ഭക്ഷണപദാർത്ഥങ്ങളാണ്. സമകാലിക മലയാളഭക്ഷണവ്ളോഗുകൾ ഇത്തരം ഭക്ഷണപദാർത്ഥങ്ങളെ കണ്ടെത്തി പ്രേക്ഷകർക്കു മുന്നിൽ ആസ്വാദ്യകരമായി അവതരിപ്പിക്കുന്നു. വളരെ ലളിതമായി എന്നാൽ മലയാളി ശൈലിയിൽ പറഞ്ഞാൽ വായിൽ കപ്പലോടിക്കാൻ തോന്നുംവിധമുള്ള അവതരണരീതിയാണ് പൊതുവെ യൂട്യൂബ് ചാനലുകൾ കാഴ്ചവെയ്ക്കുന്നത്. ആദ്യം ചെറിയ (Shorts) വീഡിയോകളുടെ രൂപത്തിൽ അവതരിപ്പിക്കുന്നു. അതിൽ ഭക്ഷണത്തെക്കുറിച്ചുള്ള വളരെ കുറച്ചു ഭാഗങ്ങളെ ഉണ്ടാവുകയുള്ളൂ. ഉദാഹരണത്തിന് ഭക്ഷണത്തിന്റെ പേര്, അത് ലഭിക്കുന്ന സ്ഥലം, രുചിയെക്കുറിച്ചുള്ള അഭിപ്രായം എന്നിങ്ങനെ ഒരുമിനിറ്റിനുള്ളിൽ ദൈർഘ്യമുള്ള ഒരു വീഡിയോയായിരിക്കും അത്. കൂടാതെ വിശദവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മറ്റൊരു വീഡിയോ യൂട്യൂബറുടെ ചാനലിൽ ഉൾപ്പെടുത്തും. ഇത്തരം വീഡിയോകൾ സൃഷ്ടിക്കുക വഴി കച്ചവടക്കാർക്കൊപ്പം വീഡിയോ നിർമ്മിക്കുന്ന ആളുകൾക്കും വരുമാനം ലഭിക്കുന്നുവെന്നതാണ് പുതിയ കാലത്തിന്റെ മറ്റൊരു പ്രത്യേകത. യൂട്യൂബിൽ വീഡിയോകൾ നിർമ്മിക്കുമ്പോൾ പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ യൂട്യൂബിൽനിന്ന് യൂട്യൂബർക്ക് വരുമാനം ലഭിക്കും. ഓരോ ദേശരുചി

MESMAC International Conferences 2023
ISBN 978-81-956895-5-2


കളെ പരിചയപ്പെടുത്തുമ്പോഴും ആ ദേശത്തിന്റെ ഉള്ളറകളിലേക്ക് പ്രേക്ഷകരെ കൊണ്ടുപോകാൻ പലപ്പോഴും യൂട്യൂബ് വീഡിയോകൾക്ക് സാധിക്കുന്നു. ഉദാഹരണത്തിന് തലശ്ശേരി പുയ്യാപ്ല പലഹാരത്തെക്കുറിച്ച് വിശദീകരിക്കുന്നത് കല്യാണപ്പിറ്റേന്ന് വരന് പെൺവീട്ടുകാർ നൽകുന്ന പ്രാതലിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. അത് ആ നാടിന്റെ വിവാഹച്ചടങ്ങുകളുമായി ബന്ധപ്പെട്ട് കിടക്കുന്നു.

മാങ്ങ മാങ്ങ മാങ്ങാക്കറി
അങ്കമാലി കല്ല്യാണത്തിന്
ചെക്കന്മാര് ഉണ്ടാക്കണ കണ്ടോടി മോളേ
വെളഞ്ഞ മൂത്ത തേങ്ങ ഇടിച്ചു പിഴിഞ്ഞ് ഞങ്ങ
തേങ്ങാപ്പാലിൽ ഉണ്ടാക്കണ കണ്ടോടി മോളേ
ആവിനോക്കി മണംപിടിച്ച്
മാങ്ങാക്കറിക്കുപ്പു നോക്കണ കണ്ടോടി മോളേ
പുത്തൻ ചട്ടീൽ ചൂടുള്ള മാങ്ങ
ഊരുകാർക്ക് വിളമ്പണ കണ്ടോടി മോളേ
അങ്കമാലി മാങ്ങാക്കറി കണ്ടോടി മോളേ
അങ്കമാലി മാങ്ങാക്കറി കണ്ടോടി മോളേ....

പോർച്ചുഗീസുകാരുടെ കാലത്തോളം പഴക്കമുള്ള അങ്കമാലിയുടെ ക്രിസ്ത്യൻ പാരമ്പര്യത്തിനൊപ്പം നിൽക്കുന്ന സ്ഥലപ്പേരാണ് മള്ളുശ്ശേരി. അങ്കമാലിയിലെ മള്ളുശ്ശേരി ഗ്രാമത്തിൽ പൂക്കുന്ന മൂവാണ്ടൻമാവിലെ മാങ്ങയിട്ട് അങ്കമാലിക്കാർ ഉണ്ടാക്കുന്ന മാങ്ങാക്കറി ഏറെ പ്രസിദ്ധമാണ്. അങ്കമാലിയിലെ ക്രിസ്ത്യൻ കല്യാണങ്ങളുടെ തലേന്ന് ഈ കറി ഉണ്ടാകും. മാങ്ങ വലുതാക്കി മുറിച്ച് പച്ചമുളക് കീറി ഇഞ്ചിയും വേപ്പിലയും ഉപ്പും കൂട്ടി തിരുമ്മി മഞ്ഞൾപൊടിയും മല്ലിപ്പൊടിയും മുളകുപൊടിയും ചേർത്ത് തേങ്ങയുടെ മൂന്നാംപാലിൽ വേവിച്ച് വെന്തുവരുമ്പോൾ രണ്ടാംപാലൊഴിച്ച് തിളപ്പിച്ച് മൂന്നാം പാലിൽ തിളപ്പിക്കാതെ ചുവന്നുള്ളിയും വറ്റൽമുളകും കറിവേപ്പിലയും ഒരുനുള്ള് പെരിഞ്ചീരകപ്പൊടിയും താളിച്ച് ഇറക്കിവെയ്ക്കുന്നതാണ് അങ്കമാലി മാങ്ങാക്കറി. പണ്ടുകാലത്ത് തുറമുഖങ്ങൾക്ക് മാലി എന്ന പേരുണ്ടായിരുന്നു. സുഗന്ധവ്യഞ്ജനങ്ങളുടെ കേന്ദ്രമായിരുന്ന മാലി അങ്കമാലിയായി (അങ്കെമാലി) മാറിയെന്നാണ് ചരിത്രം. തൃശ്ശൂരിലെ ഒരു പ്രധാന ഭക്ഷണവിഭവമാണ് വെള്ളേപ്പം. തൃശ്ശൂർ നഗരത്തിലെ ഒരു പ്രധാന ഇടത്തിന് 'വെള്ളേപ്പങ്ങാടി' എന്ന് പേരുണ്ട്. ഇന്നും

MESMAC International Conferences 2023
ISBN 978-81-956895-5-2

ഏതു സമയവും വെള്ളേപ്പം ഉണ്ടാക്കി വിൽക്കുന്ന ആളുകളെ അവിടെ കാണാം. തൃശ്ശിവപേരൂരിന്റെ ഭക്ഷണവ്യവസായ ചരിത്രത്തോട് ചേർന്ന് നിൽക്കുന്ന പേരാണ് വെള്ളേപ്പങ്ങാടിയുടെയും. അഷ്ടമുടി ഹെർബൽഫിഷ് കറി, അഷ്ടമുടിക്കായലിൽ നിന്ന് പിടിക്കുന്ന അഴുക അല്ലെങ്കിൽ ഹമൂർ എന്നീ പേരുകളുള്ള മീനുകൾവെച്ച് ഉണ്ടാക്കുന്ന വിഭവമാണ്. നാരങ്ങയില, മാങ്ങയില തുടങ്ങി കുറച്ചധികം ഹെർബൽ പദാർത്ഥങ്ങൾ ഉപയോഗിച്ച് കൂട്ടുണ്ടാക്കി മത്സ്യത്തിൽ പുരട്ടി ഉണ്ടാക്കുന്ന വിഭവമാണിത്. എറണാകുളം ജില്ലയിലെ മാഞ്ഞാലി ഗ്രാമത്തിൽ ഉണ്ടാക്കുന്ന പതിവ് ബിരിയാണിക്കൂട്ടുകളിൽനിന്ന് അല്പം വ്യത്യസ്തമാണ് മാഞ്ഞാലി ബിരിയാണിയുടെ കൂട്ട്. അരിയും ഇറച്ചിയും മസാലയും രണ്ടായിട്ടാണ് തയ്യാറാക്കുന്നതും വിളമ്പുന്നതും. മാഞ്ഞാലി എന്ന പ്രദേശത്ത് ഉണ്ടായതിനാലാണ് ആ ബിരിയാണിക്ക് ആ പേര് ലഭിച്ചത്. പാലക്കാട് ജില്ലയിലെ രാമശ്ശേരിയിലാണ് അസ്സൽ രാമശ്ശേരി ഇഡ്ഡലി ലഭിക്കുന്നത്. കാഞ്ചീപുരത്തുനിന്നും രാമശ്ശേരിയിലേക്കു വന്ന മുതലിയാർ കുടുംബത്തിലെ ചിറ്റൂരിയെന്ന സ്ത്രീയാണ് ഇവിടെ ഇഡ്ഡലി തയ്യാറാക്കിത്തുടങ്ങിയത് എന്നാണ് ചരിത്രം. പാലക്കാട്-കോയമ്പത്തൂർ ദേശീയപാതയിൽ ഇലപ്പുള്ളിക്കടുത്തായാണ് രാമശ്ശേരി സ്ഥിതിചെയ്യുന്നത്. ഇങ്ങനെ ആ ദേശത്തേയ്ക്ക് കുടിയേറി വന്നവർ ആ ദേശത്തെ സ്വന്തം ദേശമായി കണക്കാക്കി തങ്ങളുടെ വിഭവത്തിന് ആ ദേശത്തിന്റെ പേര് നൽകി.

**ഉപസംഹാരം**

പുതിയ കാലത്തിന്റെ മാറ്റങ്ങൾ വൈദേശിക ഭക്ഷണങ്ങളേയും അന്തർസംസ്ഥാന ഭക്ഷണങ്ങളേയും (അറേബ്യൻ ഷവർമ, സിലോൺ പൊറോട്ട, ചൈനീസ് വിഭവങ്ങൾ, നോർത്ത് ഇന്ത്യൻ വിഭവങ്ങൾ, സൗത്ത് ഇന്ത്യൻ വിഭവങ്ങൾ) മലയാളികളുമായി അടുപ്പിക്കുന്നതിനൊപ്പം കേരളത്തിനകത്തുതന്നെയുള്ള രുചിവൈവിധ്യങ്ങളെക്കൂടി കൂടുതൽ സുലഭമാക്കി. കേരളത്തിനകത്ത് നിലനിൽക്കുന്ന സാംസ്കാരിക മാറ്റങ്ങളെ മനസ്സിലാക്കിത്തരുന്നുവെന്നതാണ് ഇത്തരം രുചിഭേദങ്ങളുടെ സവിശേഷത. സാംസ്കാരികവും സാമൂഹികവുമായ സാമ്യവ്യത്യാസങ്ങളെ അത് അടയാളപ്പെടുത്തുന്നു. പുതിയ വ്യവസായങ്ങൾക്കും സാമ്പത്തികമായ നേട്ടങ്ങൾക്കും ഇത്തരം മാറ്റങ്ങൾ വഴിയൊരുക്കുന്നുണ്ട്. പുതിയ ഭക്ഷണങ്ങളുടെ കടന്നുവരവുകൾക്കൊപ്പം തനതു രുചികളെക്കൂടി ചേർത്തു പിടിക്കുന്നുണ്ട് സമകാലിക മലയാളഭക്ഷ

MESMAC International Conferences 2023
ISBN 978-81-956895-5-2


ണവ്ളോഗുകൾ. കാലപ്പഴക്കം മനുഷ്യന്റെ ഭക്ഷണരീതികളിലും മറ്റും മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും ഭക്ഷണത്തിനോടുള്ള മനുഷ്യന്റെ മാനസികാവസ്ഥയിൽ മാറ്റം വരുന്നില്ല എന്ന് ഭക്ഷണവ്ളോഗ്കളിലൂടെ കാണാം. ആഗോളവൽക്കരണം വിപണിയിൽ ശക്തിപ്രാപിക്കുമ്പോഴും ഭക്ഷണം സാംസ്കാരിക അടയാളപ്പെടുത്തലായി നിലനിൽക്കുന്നു.

### സഹായകഗ്രന്ഥങ്ങൾ:-

1. ജോസഫ്, വി.കെ, 2013 'കാഴ്ചയുടെ സംസ്കാരവും പൊതുബോധ നിർമ്മിതിയും', നാഷണൽ ബുക് സ്റ്റാൾ, കോട്ടയം.
2. ബൈജു ഗോവിന്ദ്, 'കൂർക്കയിട്ട് പോർക്ക് കറി: വാഴക്ക ചേർത്ത് ബീഫ്: അങ്കമാലിക്കാരുടെ കിടിലൻ വിഭവങ്ങൾ'. വനിത, ജൂൺ 23 ബുധൻ, 2021
3. ബിനീഷ് പണിക്കർ, 'അരിയാഹാരം കഴിക്കുന്ന മലയാളി-മലയാളത്തിന്റെ സഞ്ചാരവഴികൾ', അഴിമുഖം, നവംബർ 4, തിങ്കൾ, 2019.
4. Barthes Roland, "Elements of Semiology', Newyork: Hill & Wang, 1964

### യൂട്യൂബ് ചാനലുകൾ

5. എബിൻ ജോസ്, 'ഫുഡ് ആന്റ് ട്രാവൽ ബൈ എബിൻ ജോസ്'
6. ഷെയ്ൻ, 'വാണ്ടറിങ്ങ് ഫുഡ്ഡി'
7. അഫ്ലഹ്, 'വേവാർഡ് ഗോർമെറ്റ്'
8. അർഷിയ, 'ഈമാൻ ഈറ്റ്സ്'
9. മൃണാൾ, ' മൃണാൾസ്വ്ളോഗ്'

MESMAC International Conferences 2023
ISBN 978-81-956895-5-2

# 5.
# ഭക്ഷണാധിനിവേശവും നവമാധ്യമങ്ങളും;
## ഇൻസ്റ്റാഗ്രാം വ്ളോഗുകളെ അടിസ്ഥാനമാക്കിയുള്ള പഠനം

**അമൃത വിശ്വനാഥ്**

എം.എഡ്.,
കേരള-കേന്ദ്ര സർവ്വകലാശാല,
കാസർഗോഡ്

ആധുനിക ലോകത്ത് ആളുകൾ ഏറ്റവുമധികം ഇടപഴകുന്ന ജനപ്രിയ നവമാധ്യമമാണ് ഇൻസ്റ്റഗ്രാം. ലോകത്തിന്റെ വിവിധ കോണുകളലായി കോടിക്കണക്കിന് ആളുകളാണ് അനുദിനം ഇൻസ്റ്റഗ്രാം ഉപയോഗിച്ച് വരുന്നത്. മലയാളികളും ഒട്ടും പിറകിലല്ല.ഏതൊരു നവമാധ്യമത്തിനും അതിന്റെ പ്രേക്ഷകരെ സ്വാധീനിക്കാനുള്ള ശേഷിയുണ്ട്. ഇൻസ്റ്റഗ്രാമിന്റെ സ്വാധീനം ഏറെ വേരോടിയ ഒരു ജനതയാണ് മലയാളികൾ. ഇൻസ്റ്റഗ്രാമിനകത്ത് ഹിറ്റാവുന്ന റീലുകളെ യുവാക്കൾ പിന്തുടരുകയും അനുകരിക്കുകയും ചെയ്യുന്നു. നവമാധ്യമങ്ങളിലൂടെ പൊതുജനത്തെ സ്വാധീനിക്കാൻ സാധിക്കുന്ന സോഷ്യൽ മീഡിയ ഇൻഫ്ലുവൻസറുകൾ ഇൻസ്റ്റഗ്രാമിനകത്ത് ധാരാളമായി വളർന്നു വരുന്നതായി കാണാം.ഇവർക്ക് ആളുകളുടെ അഭിരുചിയെ അപനിർമ്മിക്കുന്നതിനും പൊളിച്ചുവാർക്കുന്നതിനും പുതിയ സങ്കൽപ്പങ്ങളും ആശയമാതൃകകളും രൂപീകരിക്കുന്നതിനുമുള്ള ശേഷിയുണ്ട്. ഇത്തരത്തിലുള്ളവരെ കുറിക്കാൻ വേണ്ടിയാണ് public opinion leader എന്ന പദം ഹെബർമാസ് ഉപയോഗിക്കുന്നത്. പൊതുമണ്ഡലം എന്ന സങ്കല്പം അവതരിപ്പിക്കുന്ന വേളയിലാണ് Public opinion leader എന്ന പരികല്പന അദ്ദേഹം മുന്നോട്ട് വയ്ക്കുന്നത്. രാഷ്ട്രീയ-സാമൂഹിക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വ്യക്തിയുടെ വാക്കുകളെയും ആദർശങ്ങളെയും അവരുടെ അനുഭാവികൾ പിന്തുടരുകയും അനുകരിക്കുകയും ചെയ്യുന്നത് ഇതിന് ഉദാഹരണമായി ഹെബർ മാസ്സ് എടുത്തു

MESMAC International Conferences 2023
ISBN 978-81-956895-5-2


കാട്ടുന്നു. ഇൻസ്റ്റഗ്രാമിനകത്തെ പബ്ലിക് ഒപ്പീനിയൻ ലീഡർമാർക്ക് പൊതുജനത്തിന്റെ ഭക്ഷണാഭിരുചിയെ വലിയ രീതിയിൽ സ്വാധീനിക്കാൻ കഴിയുന്നതായി കാണാം.

ഭക്ഷണമെന്നത് മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളിലൊന്നാണ്. എല്ലാ കാലത്തും പുതിയ രുചിഭേദങ്ങളെ കണ്ടെത്തുന്നതിനും പാചകത്തിൽ പരീക്ഷണങ്ങൾ നടത്തുന്നതിനുമുള്ള പ്രവണത എല്ലാ സമൂഹത്തിലും ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി പുതിയ ഭക്ഷണവിഭവങ്ങൾ രൂപപ്പെടുകയും മറ്റൊരു സാംസ്കാരിക പരിസരത്തിനകത്ത് നിലനിൽക്കുന്ന ഭക്ഷണങ്ങൾ ഇതര ഇടങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. ഓരോ സമൂഹത്തിന്റെയും ഭക്ഷണസംസ്കാരത്തിനകത്ത് കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ ഉണ്ടാകാറുണ്ട്. ഒരു സമൂഹത്തിന്റെ ഭക്ഷണസംസ്കാരത്തിന് അപരിചിതമായ ഭക്ഷണവിഭവങ്ങളുടെ കടന്നുവരവിനെ അഥവാ കടന്നുകയറ്റത്തെയാണ് ഭക്ഷണാധിനിവേശം എന്ന സംജ്ഞ കൊണ്ട് ഉദ്ദേശിക്കുന്നത്. ഭക്ഷണാധിനിവേശം രണ്ട് തരത്തിലാണുള്ളത് - ഒന്ന്; ഒരു സമൂഹത്തിൽ പുതുതായി രൂപപ്പെടുന്ന ഭക്ഷണവിഭവം. രണ്ട്; മറ്റൊരു സാംസ ്കാരിക പരിസരത്തുനിന്ന് കടന്നുവരുന്ന ഭക്ഷണവിഭവങ്ങൾ.

ആധുനികവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഫലമായി ലോകം ഒരു വിപണിയായി തീരുകയും രാജ്യാതിർത്തികൾക്കതീതമായി ഭക്ഷണസംസ്കാരം കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്ന കാലഘട്ടമാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. തൽഫലമായി ലോകത്തിന്റെ വിവിധ കോണുകളിൽ ലഭ്യമാകുന്ന ഭക്ഷണവിഭവങ്ങൾ മലയാളിയുടെ രുചിതാൽപ്പര്യങ്ങളെ വലിയ രീതിയിൽ സ്വാധീനിച്ചിരിക്കുന്നു. പുതിയകാലത്തെ ഹോട്ടലുകളെ അടക്കി ഭരിക്കുന്ന അറബിക് വിഭവങ്ങൾ (ഷവർമ്മ, അൽഫാം, കുഴിമന്തി,), ചൈനീസ് വിഭവങ്ങൾ (സുഷി, ഹോട്ട്പോട്ട്, നൂഡിൽസ്, ഫ്രൈഡ് റൈസ്), ഇതരരാജ്യങ്ങളിൽ നിന്നുള്ള ഭക്ഷണങ്ങൾ (ബർഗർ, പിസ്സ, സാൻവിച്ച്, ഡോനട്ട്, വഫിൾസ്, കുർത്തോഷ്, ലസാഗ്ന) തുടങ്ങിയവ ജനപ്രിയമാക്കുന്നതിൽ ഇൻസ്റ്റാഗ്രാമിലെ ഫുഡ് വ്ളോഗുകൾ വഹിച്ച പങ്ക് വളരെ വലുതാണ്. ഇൻസ്റ്റാഗ്രാമിനകത്ത് ധാരാളം മലയാളം ഫുഡ് വ്ളോഗുകളുണ്ട്. പുതിയ രുചിഭേദങ്ങളെ പരിചയപ്പെടുത്തുകയും അവയെ ആളുകൾക്കിടയിലേക്ക് എത്തിക്കുകയും ചെയ്യുന്ന ദൗത്യമാണ് ഇത്തരം ഫുഡ് വ്ളോഗർമാർ പ്രധാനമായും നിർവ്വ

MESMAC International Conferences 2023
ISBN 978-81-956895-5-2

ഹിക്കുന്നത്. അത്ര പ്രചാരമില്ലാത്ത ഭക്ഷണവിഭവങ്ങളെ പൊതു സമൂഹത്തിൽ അവതരിപ്പിക്കുകയും അതിന്റെ രുചി, വില, ചേരുവ കൾ, എവിടെയാണ് രൂപപ്പെട്ടത് തുടങ്ങി ആ ഭക്ഷണത്തെ സംബ ന്ധിച്ചുള്ള സമഗ്രവിവരങ്ങളും ഒരു പരിധിവരെ ഇത്തരം വ്ളോ ഗുകൾ കൈമാറ്റം ചെയ്യാൻ ശ്രമിക്കുന്നു. നമ്മുടെ ഹോട്ടലുകളിൽ പുതുതായി കടന്നുവരുന്ന ഭക്ഷണവിഭവങ്ങൾ ഭക്ഷണപ്രിയരായ ആളുകൾ അറിയണമെന്നില്ല. വിലകൂടിയ ഭക്ഷണപദാർത്ഥമാ ണെങ്കിൽ അതിന്റെ രുചി എന്താണെന്ന് അറിയാത്തതിനാൽ അത് തിരഞ്ഞെടുക്കാനുള്ള സാധ്യതയും വളരെ കുറവാണ്. എന്നാൽ ഇൻസ്റ്റാഗ്രാം പോലുള്ള മാധ്യമങ്ങളിലെ ഫുഡ് വ്ളോ ഗുകൾ പിന്തുടരുന്ന ഭക്ഷണപ്രേമികൾക്ക്ക് പുതിയ രൂപികളെ സംബന്ധിച്ച് സാമാന്യമായ ധാരണ ആ വ്ളോഗുകളിൽ നിന്ന് സിദ്ധിയ്ക്കുകയും ഭക്ഷണം കഴിക്കാനായി പോകുമ്പോൾ ആ വിഭവം തിരഞ്ഞെടുക്കാനുള്ള പ്രേരണ ഉണ്ടാവുകയും ചെയ്യുന്നു

പുതിയകാലത്തെ ജനപ്രിയ ഭക്ഷണങ്ങളിലൊന്നാണ് കുഴിമന്തി. കുഴിമന്തി മലയാള ഭക്ഷണസംസ്കാരത്തിലേക്ക് കടന്നുവന്ന ഘട്ടത്തിൽ കേരളത്തിലെ അപൂർവ്വം ചില കടകളിൽ മാത്രം ലഭ്യമായിരുന്ന ഭക്ഷണവിഭവമായിരുന്നു. ഫുഡ് വ്ളോ ഗർമാർ കുഴിമന്തിയുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച വ്ലോഗുകൾ വലിയനിലയിൽ പ്രചാരം നേടുകയും കേരളത്തിൽ അങ്ങോള മിങ്ങോളമുള്ള ഹോട്ടലുകളിൽ കുഴിമന്തി ഒരു പ്രധാന ഭക്ഷണ വിഭവമായി തീരുകയും ചെയ്തു. കുഴിമന്തിയുടെ രുചിഭേദങ്ങൾ മലയാളികളെ വലിയരീതിയിൽ സ്വാധീനിക്കുകയും കുഴിമന്തി യുടെ വകഭേദങ്ങൾ (അൽഫാം മന്തി, കുക്കർ മന്തി) മാത്രം വിൽ ക്കുന്ന ചെറുതും വലുതുമായ ധാരാളം കടകൾ കേരളത്തിൽ എല്ലായിടത്തും വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ ആരംഭി ക്കുകയുണ്ടായി.

കുഴിമന്തി കൂടാതെ മലയാളിയുടെ രുചിഭേദങ്ങൾക്കിണ ങ്ങുന്ന ധാരാളം അറേബ്യൻ വിഭവങ്ങളും മലയാളിയുടെ ഇഷ്ട ഭക്ഷണങ്ങളിലൊന്നായി തീരുകയുണ്ടായി. മലയാളിയുടെ ജീവിതക്രമത്തിലുണ്ടായ മാറ്റവും തിരക്കേറിയ ജീവിതശൈലിയും വലിയരിതിയിൽ ഫാസ്റ്റ്ഫുഡുകളെ ആശ്രയിക്കുന്നതിന് ഇട യാക്കി. അങ്ങനെ രൂപപ്പെട്ട ഫാസ്റ്റ്ഫുസ്സ് സംസ്കാരത്തിനകത്ത് അറേബ്യൻ വിഭവങ്ങൾ ഭക്ഷണപ്രേമികളുടെ പ്രിയങ്കരമായ വിഭവമായി തീർന്നു. ഫുഡ് വ്ലോഗുകളിലൂടെ പ്രചാരം നേടിയ

MESMAC International Conferences 2023
ISBN 978-81-956895-5-2


കുനാഫ, അഫ്ഗാനി ചിക്കൻ പോലുള്ള വിഭവങ്ങളുടെ ready to eat version- കൾ വിപണിയിൽ വന്നതോടുകൂടി അത്തരം ഉൽപ്പന്നങ്ങൾ മലയാളി വൻതോതിൽ ഉപയോഗിക്കാൻ തുടങ്ങി. ഇത്തരം വിഭവങ്ങളെ ജനപ്രിയമാക്കുന്നതിൽ ഫുഡ് വ്‌ളോഗർമാരുടെ പ്രവർത്തനം എടുത്തുപറയേണ്ടതാണ്. ഫുഡ് വ്‌ളോഗുകളിൽ കാണുന്ന ഇത്തരം വിഭവങ്ങൾ കഴിക്കാൻ ആഗ്രഹിക്കുന്ന ഭക്ഷണപ്രേമിയ്ക്ക് ready to eat വിഭവങ്ങൾ ഏറെ പ്രയോജനപ്പെട്ടു.

കേരളത്തിലെ ഭക്ഷണവിപണിയിൽ ചൈനീസ് വിഭവങ്ങൾക്ക് നിർണായകമായ സ്വാധീനമുണ്ട്. സൂഷി, ഹോട്ട്പോട്ട്, നൂഡിൽസ്, ഫ്രൈഡ്റൈസ്, മോമോസ് തുടങ്ങിയവയാണ് അതിൽ പ്രധാനം. ഹോട്ട്പോട്ട്, സൂഷി പോലുള്ള വിഭവങ്ങൾ മലയാളിയുടെ രുചിബോധത്തിലേക്ക് കടന്നുവന്നിട്ട് ഏറെ നാളായിട്ടില്ല. കാലിക്കറ്റ് ഫുഡി, ഫുഡ് ഹണ്ടർ സാബു, കോഴിക്കോട് ഫുഡ് സ്റ്റോറീസ് തുടങ്ങിയവരുടെ ഇൻസ്റ്റഗ്രാം വ്‌ളോഗുകളിലൂടെയാണ് ഈ വിഭവങ്ങൾ ഏറെ പ്രചാരം നേടിയത്. ഇന്ന് കേരളത്തിലെമ്പാടുമുള്ള ഹോട്ടലുകൾ എടുത്തു നോക്കിയാൽ അവയിൽ ബഹുഭൂരിപക്ഷത്തിലും ചൈനീസ് വിഭവങ്ങൾ ലഭ്യമാണ്. ചൈനീസ് വിഭവങ്ങൾ മാത്രം വിൽക്കുന്ന വൻകിടഹോട്ടലുകളും കേരളത്തിൽ ധാരാളമുണ്ട്. ചൈനീസ് വിഭവങ്ങൾ മലയാളികൾക്ക് എത്രമാത്രം പ്രിയപ്പെട്ടതാണെന്നതിനുള്ള തെളിവാണ് ഇത്തരം ഹോട്ടലുകളുടെ വളർച്ച സൂചി പ്പിക്കുന്നത്.

പാനിപൂരി, ചാട്ടുകൾ, തുടങ്ങിയ ഉത്തരേന്ത്യൻ വിഭവങ്ങൾ ജനങ്ങളിലേക്ക് എത്തിച്ചതിൽ ഇൻസ്റ്റാഗ്രാം വ്‌ളോഗുകൾക്ക് വലിയ പങ്കുണ്ട്. ഇൻസ്റ്റാ വ്‌ളോഗർമാരുടെ പ്രധാന ലക്ഷ്യം ഫോളോവേഴ്സിന് അപരിചിതമായിട്ടുള്ള ഭക്ഷണവിഭവങ്ങൾ പരിചയപ്പെടുത്തുകയും അതിലൂടെ ഇൻസ്റ്റാഗ്രാം അക്കൗണ്ടിന്റെ റീച്ച് വർധിപ്പിക്കുകയും സാമ്പത്തികമായ നേട്ടം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്. അതിനായി കേരളത്തിലെത്തുന്ന പുതിയ ഉത്തരേന്ത്യൻ വിഭവങ്ങളെ പരിചയപ്പെടുത്തുന്നതിൽ വ്‌ളോഗർമാർ പരസ്പരം മത്സരിക്കുന്നതായി കാണാം. വൈവിധ്യമാർന്ന ഭക്ഷണവിഭവങ്ങൾ കഴിക്കാനും പുതിയ രുചിഭേദങ്ങൾ അറിയാനും ആഗ്രഹിക്കുന്ന ഭക്ഷണപ്രേമികൾ ഇത്തരം വ്‌ളോഗുകളിൽ പറയുന്ന ഭക്ഷണസാധനങ്ങൾ കഴിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഉത്തരേന്ത്യൻ വിഭവങ്ങൾ മലയാളിയുടെ പ്രിയഭക്ഷണങ്ങളിലൊന്നായി മാറുകയുണ്ടായി.

MESMAC International Conferences 2023
ISBN 978-81-956895-5-2

# 6.
# മാറുന്ന ഭാവുകത്വ പരിസരം : 'സോൾട്ട് ആന്റ് പെപ്പർ' സിനിമയെ മുൻനിർത്തിയുള്ള പഠനം

**വിഷ്ണു.പി.എസ്**

ഗവേഷകൻ
മലയാളവിഭാഗം,
കേരള-കേന്ദ്രസർവകലാശാല
കാസർഗോഡ്
vishnudasnileshwar@gmail.com

**മ**നുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണ് ഭക്ഷണം. ജീവൻ നിലനിർത്താനും ജീവിക്കാനും മനുഷ്യന് ഭക്ഷണം കൂടിയേതീരൂ. ആഹാരം കഴിക്കാൻ വേണ്ടിയല്ല മനുഷ്യൻ ജീവിക്കുന്നതെന്ന് തത്വചിന്താപരമായി അഭിപ്രായപ്പെട്ടാലും ജൈവ ശരീരത്തിന് ഭക്ഷണം അനിവാര്യമാണ്. ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ മനുഷ്യനെ സാമൂഹ്യജീവിയാക്കി മാറ്റുന്ന ഘടകമാകുമ്പോൾ അതിജീവനത്തിന് സഹായകരമാവുന്നത് ഭക്ഷണം മാത്രമാണ്.

വിശപ്പും ആഹാരവും പരസ്പരബന്ധിതങ്ങളാണ്. മനുഷ്യന്റെ എണ്ണിയാലൊടുങ്ങാത്ത ആഗ്രഹങ്ങളിൽ ലഭിച്ചു കഴിഞ്ഞാൽ മതിയെന്ന് പറയുന്നത് ഭക്ഷണം മാത്രമാണ്. മറ്റെന്തും അവന് തൃപ്തി നൽകില്ല. പണക്കാരനായാലും പാവപ്പെട്ടവനായാലും അയാൾക്ക് കഴിക്കാൻ പറ്റുന്ന ഭക്ഷണത്തിന് പരിധിയുണ്ട്. വയറു നിറയുമ്പോൾ മനസ്സ് നിറയുകയും ആ ആഗ്രഹം പൂർത്തിയാവുകയും ചെയ്യുന്നു. വിശപ്പിനെ പ്രതിഫലിപ്പിക്കുന്ന നിരവധി സിനിമകൾ മലയാളത്തിലുണ്ടായിട്ടുണ്ടെങ്കിലും ഭക്ഷണം പശ്ചാത്തലമാക്കിക്കൊണ്ട് വളരെക്കുറച്ച് സിനിമകളെ ഇവിടെ രൂപം കൊണ്ടിട്ടുള്ളു.

മലയാളസിനിമയിൽ 2007-ഓടുകൂടി സംഭവിച്ച ന്യൂജനറേഷൻ സിനിമാതരംഗം വിഷയ വൈവിധ്യങ്ങൾക്ക് കൂടി വഴി

MESMAC International Conferences 2023
ISBN 978-81-956895-5-2


തെളിയിച്ചു. ഭക്ഷണത്തെ വിഷയവത്ക്കരിക്കാനുള്ള ധൈര്യം അവരിൽ ചിലർ കാണിച്ചു. മലയാളസിനിമയുടെ മാറിയ ഭാവുകത്വ പരിസരത്തിനുദാഹരണമാണ് അങ്ങനെ പുറത്തിറങ്ങിയ സോൾട്ട് ആന്റ് പെപ്പർ, ഉസ്താദ് ഹോട്ടൽ, സ്പാനിഷ് മസാല, എന്റെ മെഴുതിരി അത്താഴങ്ങൾ പോലുള്ള സിനിമകൾ. ഇവയ്ക്കെല്ലാം മുമ്പ് 2000-ൽ പുറത്തിറങ്ങിയ മിസ്റ്റർ ബട്ട്ലർ ഒരു അന്യഭാഷ റീമേക്ക് ആണെങ്കിൽ കൂടിയും ഈ ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മലയാള സിനിമയിൽ പിന്നീടുണ്ടായ ഭാവുകത്വ പരിണാമത്തിന് തുടക്കം കുറിക്കുവാൻ ഈ സിനിമയും കാരണമായിരിക്കാം.

ഓരോ കാലഘട്ടത്തിലും വ്യതിയാനം സംഭവിക്കുന്ന ഒരു ഭാവുകത്വ പരിസരം സാഹിത്യത്തിനെന്നപോലെ സിനിമയ്ക്കുമുണ്ട്. ഈ പരിണാമ പ്രക്രിയയിൽ ഭക്ഷണത്തിന്റെ സ്ഥാനമാണ് 'സോൾട്ട് ആന്റ് പെപ്പർ' ഇന്നും ചർച്ച ചെയ്യുന്നതിനുള്ള പ്രധാന കാരണം. ശ്യാം പുഷ്കരൻ, ദിലീഷ് നായർ എന്നിവരുടെ രചനയിൽ ആഷിക് അബു സംവിധാനം ചെയ്ത് ലാൽ, ശ്വേതാ മേനോൻ, ആസിഫ് അലി, മൈഥിലി എന്നിവർ കേന്ദ്രകഥാപാത്രമായി 2011-ൽ പുറത്തിറങ്ങിയ സിനിമയാണ് സോൾട്ട് ആന്റ് പെപ്പർ (Salt N' Pepper). കല്യാണപ്രായം കഴിഞ്ഞ, ഭക്ഷണതല്പരരായ രണ്ടുപേർ പ്രത്യേക സാഹചര്യത്തിൽ പരിചയപ്പെടുകയും അവർ തമ്മിലുണ്ടാവുന്ന സൗഹൃദവും പ്രണയവുമാണ് സിനിമയുടെ ഇതിവൃത്തം.

സിനിമയുടെ ആദ്യരംഗം തന്നെ ആഹാരശൃംഖല പഠിപ്പിക്കുന്ന അധ്യാപകനും കുട്ടികളും ചേർന്ന ക്ലാസ് റൂമാണ്. 'ജീവൻ നിലനിർത്താൻ, ജീവിക്കാൻ വേണ്ടിയാണ് ആഹാരം കഴിക്കുന്നത്' എന്ന് അധ്യാപകൻ പറയുമ്പോൾ വിദ്യാർഥിയായ കാളിദാസൻ എഴുന്നേറ്റ് നിന്ന് 'അല്ല സാർ, നമ്മൾ ഭക്ഷണം കഴിക്കാൻ വേണ്ടിയല്ലേ ജീവിക്കുന്നത്?' എന്ന മറുചോദ്യം ചോദിക്കുന്നു. കുട്ടികളുടെ കൂട്ടച്ചിരിക്കു മുന്നിൽ കാളിദാസ് തന്റെ പോക്കറ്റിൽ നിന്ന് പുളി എടുത്തു കഴിക്കുമ്പോൾ അധ്യാപകനടക്കം എല്ലാവരുടെയും വായിൽ വെള്ളമൂറുന്നു. സിനിമയുടെ മൊത്തത്തിലുള്ള രാഷ്ട്രീയം ഈ ഒരൊറ്റ രംഗത്തിലൂടെ എഴുത്തുകാരനും സംവിധായകനും അവതരിപ്പിക്കുന്നു. സിനിമയുടെ ഫലത്തിൽ ആശങ്കയുണ്ടായ തന്റെ ആത്മവിശ്വാസം ഉയർത്തിയ ഒരു കൂട്ടിച്ചേർക്കൽ രംഗം കൂടിയായിരുന്നു ഇത് എന്ന് സംവിധായകൻ ആഷിക്

MESMAC International Conferences 2023
ISBN 978-81-956895-5-2

അബു ജോൺ ബ്രിട്ടാസുമായി നടത്തിയ അഭിമുഖത്തിൽ പറയുന്നുണ്ട്. തുടർന്ന് സിനിമയുടെ ടൈറ്റിലും ക്രെഡിറ്റുകളുമാണ്. മലയാളിയുടെ രുചികാമനകളെ ഉണർത്തുന്ന വരികളും രംഗങ്ങളും പിന്നീടങ്ങോട്ടുള്ള സിനിമയുടെ ഗതിയെ വരച്ചു കാട്ടുന്നു.

'ചെമ്പാവ് പുന്നെല്ലിൻ ചോറോ
നിന്റെ മുത്താരം മിന്നുന്ന മുല്ലപ്പൂച്ചിരിയോ...
മുളകരച്ചോരുക്കിയ പരൽമീനിൻ കറി
കൂട്ടീട്ടെരിവ് കൊണ്ടിടം കണ്ണ് തുടിച്ചവനേ...
പഞ്ചാരപാലട പ്രഥമൻ
തൂശനില തന്നിൽ വിളമ്പുമ്പോൾ ഒഴുകിടാതെ...
വെൺമേഘ പത്തിരി താളിൽ
നല്ല താറാവിൻ ചൂടുള്ള നാടൻ കറി വേണ്ടേ...'

എന്നിങ്ങനെയുള്ള രുചിഭേദവും കൊതിഭേദവും റഫീഖ് അഹമ്മദിന്റെ വരികളിൽ ബിജിബാൽ താളാത്മകമായി വരച്ചു കാട്ടുന്നു. സിനിമ കാണാനിരിക്കുന്ന പ്രേക്ഷകൻ തിന്നാനോ കൊറിക്കുവാനോ എന്തെങ്കിലും കരുതുക എന്ന സ്റ്റാറ്റ്യൂട്ടറി വാണിംഗാണ് ഈ ഗാനം.

രാഷ്ട്രീയം, സൗഹൃദം, പ്രണയം, ലൈംഗികത തുടങ്ങിയ വികാരങ്ങളുമായി ബന്ധപ്പെട്ട കഥാതന്തുക്കൾ സിനിമ രൂപം കൊണ്ട കാലം മുതലേ പ്രമേയങ്ങളാണ്. അവയുടെ വ്യത്യസ്ത ആഖ്യാനവും ആവിഷ്കാരവുമാണ് സിനിമാസ്വാദകന് ആവശ്യം. സാൾട്ട് ആന്റ് പെപ്പറിലെ ഭക്ഷണം ഒരു പ്രതീകമാണ്. വ്യക്തിബന്ധങ്ങളുടെ, വൈകാരികതയുടെ, ഓർമ്മയുടെ, അർത്ഥവത്തായ അതിജീവനത്തിന്റെ രൂപമാണ് അതിനുള്ളത്. ഈ ആശയങ്ങളുടെ സഞ്ചാരമാധ്യമമായി ഭക്ഷണം മാറുന്നു.

രാഷ്ട്രീയ ചിന്തകനും പ്രൊഫസറുമായ ഗോപാൽ ഗുരുവിന്റെ അഭിപ്രായത്തിൽ 'പാകം ചെയ്ത ഭക്ഷണം ഒരു രൂപകമാണ്'. ലോകസഭാ തെരഞ്ഞെടുപ്പിൽ തന്റെ പാർട്ടിക്കുണ്ടായ പരാജയത്തെ ശരത് പവാർ  അവലോകനം ചെയ്തത് ബകാരി എന്ന റൊട്ടിയുമായി ഉപമിച്ചിട്ടായിരുന്നു. 'ബകാരി ചുടുമ്പോൾ പാകമായ വശം മറിച്ചിടാൻ മറന്നുപോയാൽ അത് കരിഞ്ഞുപോകും'  എന്ന പ്രസ്താവന നേതൃത്വത്തിൽ റൊട്ടേഷൻ വ്യവസ്ഥ ഏർപ്പെടുത്താത്ത പക്ഷം സംഭവിക്കുന്ന അപചയത്തെ സൂചിപ്പിക്കുന്നതായിരുന്നു. 'ഭക്ഷണം, സംസ്കാരം, ദളിത് അനുഭ

MESMAC International Conferences 2023
ISBN 978-81-956895-5-2


വങ്ങൾ : ഒരു പഠന'ത്തിലായിരുന്നു ഗോപാൽ ഗുരു ഈ നിരീക്ഷണം മുന്നോട്ടുവെച്ചത്.

ആഹാരപദാർത്ഥങ്ങളെ രസങ്ങളുമായി കൂട്ടിച്ചേർത്ത് രുചികൾ ഉണ്ടാക്കുന്നതുപോലെയാണ് സാൾട്ട് ആന്റ് പെപ്പറിൽ കഥാപാത്രങ്ങളെ ഭക്ഷണവുമായി ബന്ധിപ്പിച്ച് അവർക്കിടയിൽ മനോഹരമായ വ്യക്തിബന്ധങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. കാളിദാസ്, മായ, മനു, ബാബു, ബാലകൃഷ്ണൻ, മൂപ്പൻ തുടങ്ങിയ കഥാപാത്രങ്ങളെല്ലാം ആഹാരത്തിൽ രുചിഭേദങ്ങൾ എന്നപോലെ പരസ്പരബന്ധിതങ്ങളാണ്. കാട്ടിൽ നിന്ന് മൂപ്പനെ രക്ഷിച്ചു കൊണ്ടു വരുന്ന പുരാവസ്തു വകുപ്പുജീവനക്കാരനായ കാളിദാസിന് മൂപ്പന്റെ ജീവൻ രക്ഷിക്കുക, ഇബ്നുബത്തൂത്ത നൽകിയ കുണ്ഡലം സുരക്ഷിതമാക്കുക എന്നതിൽ കവിഞ്ഞ് മൂപ്പന് മാത്രം അറിയാവുന്ന കാട്ടുരുചികൾ ആസ്വദിക്കുകകൂടി വേണമായിരുന്നു. കാളിദാസിന്റെ സുഹൃത്ത് ബാലകൃഷ്ണന്റെ ജീവിതം നഷ്ടപ്രണയത്തിന് ഉദാഹരണമാണ്. ഭർത്താവ് മരിച്ച് മകന്റെ കൂടെ ജീവിക്കുന്ന തന്റെ പ്രണയിനി പത്മിനിയെ വർഷങ്ങൾക്ക് ശേഷം അയാൾ കണ്ടുമുട്ടുന്നു. കള്ളപ്പത്തിലൂടെയും ചായയിലൂടെയും അവരുടെ പ്രണയം വീണ്ടും ആവർത്തിക്കുന്നു.

കാളിദാസും ജോലിക്കാരൻ ബാബുവും തമ്മിലുള്ള ബന്ധം മുതലാളി – തൊഴിലാളി എന്നതിനപ്പുറം സൗഹൃദം നിറഞ്ഞതുകൂടിയാണ്. അതിനോടൊപ്പം തന്നെ ബാബുവിന്റെ കൈപ്പുണ്യത്തോടുള്ള ബഹുമാനവുമുണ്ട് അയാൾക്ക്. ഒരു പെണ്ണുകാണൽ ചടങ്ങിൽ വച്ച് ഉണ്ണിയപ്പം കഴിക്കുകയും ആ രുചിയോടുള്ള ഭ്രമത്തിൽ 'പോരുന്നോ എന്റെ കൂടെ' എന്ന് അടുക്കളയിൽ അരിയാട്ടുകയായിരുന്ന ബാബുവിനോട് ചോദിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരികയും ചെയ്തയാളാണ് കാളിദാസ്. ഇതിനു സമാനമാണ് മൂപ്പനെ വീട്ടിലേക്ക് കൊണ്ടുവരുന്ന രംഗവും. രാവണന് ഐശ്വര്യങ്ങൾ എപ്രകാരമാണോ അപ്രകാരമാണ് കാളിദാസിന് രുചികരമായ ആഹാരത്തോടുള്ള താൽപര്യവും. ആ രുചികൾ തനിക്കു ലഭിക്കണമെന്ന സ്വാർത്ഥത അയാൾക്കുണ്ട്.

ബാബുവിന് കാളിദാസിനോട് മുതലാളി എന്നതിൽ കവിഞ്ഞ ബഹുമാനവും സൗഹൃദത്തിൽ കവിഞ്ഞ സ്നേഹവുമുണ്ട്. ജോലിക്ക് പോയ കാളിദാസിന് വേണ്ടി 'ഇന്നുവരും നാളെവരും' എന്നു കരുതി പുളിയിലിട്ട ചുട്ടമീനും, നാടൻ കോഴിക്കറിയുമുണ്ടാക്കി കാത്തിരിക്കുകയും വൈകി വന്നതിൽ പരിഭവം

MESMAC International Conferences 2023
ISBN 978-81-956895-5-2

പറയുകയും ചെയ്യുന്നുണ്ട് അയാൾ. പിന്നീട് കാളിദാസിന്റെ പ്രണയത്തിൽ ആസ്വാരസ്യങ്ങൾ ഉണ്ടാകുമ്പോൾ അത് ബാബുവിനോട് പ്രകടിപ്പിക്കുന്നത് ‘കറിക്ക് ഉപ്പില്ല’ എന്നും ബാബു അത് രുചിച്ചു നോക്കുമ്പോൾ ‘നിന്റെയൊക്കെ എച്ചില് ഞാൻ കഴിക്കണോ?‘ എന്ന് ചോദിച്ചുകൊണ്ടാണ്. തന്റെ പ്രണയം പൂർവസ്ഥിതിയിലാവുമ്പോൾ പരിഭവിച്ചിരിക്കുന്ന ബാബുവിനോട് ‘നളനുശേഷം നീയാണ്’ എന്ന് പറഞ്ഞ് പിണക്കം അവസാനിപ്പിച്ച് സൗഹൃദം പുനസ്ഥാപിക്കുന്നുമുണ്ട് കാളിദാസ്. മലയാളസിനിമയ്ക്ക് സാൾട്ട് ആന്റ് പെപ്പർ നവഭാവുകത്വമായതിന് സമാനമായിരുന്നു പ്രതിനായക വേഷങ്ങളിൽ മാത്രം ഒതുങ്ങിപ്പോയ ബാബുരാജിനെ നർമ്മം നിറഞ്ഞ നിഷ്കളങ്കനായ ബാബുവാക്കി അവതരിപ്പിച്ചപ്പോൾ  സംഭവിച്ചത്.

കാളിദാസിന്റെയും മായയുടെയും പ്രണയം ആരംഭിക്കുന്നത് നമ്പർ മാറിയുള്ള ഫോൺകോളിലൂടെയാണ്. മായയ്ക്ക് ഭക്ഷണമെന്നത് മരിച്ചുപോയ അമ്മയെ തിരിച്ചുകൊണ്ടുവരൽ കൂടിയാണ്.  അങ്ങനെ അമ്മയെ ഓർമ്മ വന്നപ്പോൾ ‘തട്ടിൽ കൂട്ടിയ ദോശ’ ഓർഡർ ചെയ്യാൻ ഹോട്ടലിലേക്ക് വിളിക്കുകയും നമ്പർ മാറി കാളിദാസിലേക്കെത്തുകയും ചെയ്യുന്നു. വാക്കുതർക്കത്തിലും ചീത്തവിളിയിലുമെത്തുന്ന ഫോൺകോളിന് ശേഷം കാളിദാസ് അറിയാതെ മരുമകനായ മനു അയാളുടെ ഫോണിൽ നിന്ന് മായയ്ക്ക് ‘അയാം സോറി‘ എന്ന് മെസ്സേജ് അയക്കുന്നു. തുടർന്നുള്ള രംഗം ചപ്പാത്തി മയം വരുത്താൻ പഴം ചേർത്ത് മാവു കുഴക്കുന്ന മായയുടേതാണ്. ഈ രണ്ട് രംഗങ്ങളെയും ചേർത്തുവച്ച് വായിക്കാവുന്നതാണ്. തനിക്ക് പറ്റിയ തെറ്റിന് ക്ഷമ പറയാൻ വിളിക്കുന്ന മായയോട് കാളിദാസ് സംസാരിക്കുവാൻ താല്പര്യം കാണിക്കുന്നില്ല. ‘വിശപ്പ് സഹിക്കാണ്ട് പറ്റിയതല്ലേ’ എന്ന മനുവിന്റെ വാക്കുകളിൽ അയാൾ ക്ഷമിക്കുന്നു. പിന്നീട് ഇരുവരുടെയും സൗഹൃദത്തിന്റെയും പ്രണയത്തിന്റെയും വികാസമാണ്. ’ഒരു ദോശ ഉണ്ടാക്കിയ കഥ’ എന്ന ടാഗ് പ്രസക്തമാകുന്നത് ഇവിടെ നിന്നാണ്. തട്ടിൽ കൂട്ടിയ ദോശ കഴിച്ച് തൃപ്തനായ കാളിദാസ് മായയ്ക്ക് രണ്ടാം ലോകമഹായുദ്ധം അവസാനിപ്പിച്ച കേക്കിന്റെ കഥ പറഞ്ഞു കൊടുക്കുന്നു. ജുവാൻസ് ലോബോ എന്ന ഫ്രഞ്ചുകാരി യുദ്ധത്തിന് പോയ തന്റെ ഭർത്താവ് ആൽബർട്ടിന് വേണ്ടി ഉണ്ടാക്കിയ കേക്കിന്റെ കഥ. ഓരോ ദിവസവും കേക്കുണ്ടാക്കി ഭർത്താവിനായി അവൾ കാത്തിരുന്നു. ഒന്നാം ദിവസം സ്ട്രോബറി കേക്ക്, രണ്ടാം ദിവസം പിസ്താ കേക്ക്,

MESMAC International Conferences 2023
ISBN 978-81-956895-5-2


മൂന്നാം ദിവസം ഓറഞ്ച് കേക്ക്, നാലാം ദിവസം ഭർത്താവ് ആൽബർട്ട് തിരിച്ചെത്തുകയും അവൻ കൊണ്ടുവന്ന ചോക്ലേറ്റ് ഉരുക്കിച്ചേർത്ത് ആ വലിയ കേക്ക് പൂർത്തിയാക്കുകയും ചെയ്യുന്നു. ഇപ്രകാരം സാവധാനമായാണ് കാളിദാസിന്റെയും മായയുടെയും പ്രണയം വളർച്ച പ്രാപിക്കുന്നത്.

സിനിമയിലെ മറ്റൊരു കഥാപാത്രമാണ് മനു. ട്രെയിനിൽ വച്ചു കാണുന്ന പെൺകുട്ടിയോട് സൗഹൃദം സ്ഥാപിക്കുവാൻ കാപ്പി വേണോ എന്ന് ചോദിക്കുന്നത് മുതൽ മീനാക്ഷിയെ ആദ്യമായി കാണുമ്പോൾ കാപ്പ്ച്ചിനോ കുടിച്ചിരിക്കുന്നത് വരെ ഏച്ചുകെട്ടലില്ലാതെ യാദൃശ്ചികമായി ആഹാരത്തെ ബന്ധിപ്പിച്ചിരിക്കുന്നത് കാണാം.

ദിലീഷ് പോത്തൻ അവതരിപ്പിച്ച സംവിധായക കഥാപാത്രം വെറുതെ വന്നുപോകുന്ന ഒരാളല്ല. മായയുടെ പാത്രസൃഷ്ടി പൂർത്തിയാകുന്നത് ഈ കഥാപാത്രത്തിലൂടെയാണ്. 'മായ ബർഗർ കഴിക്കുന്നോ?' എന്ന് ചോദിക്കുമ്പോൾ 'വേണ്ട ഞാൻ ദോശ ഓർഡർ ചെയ്തിട്ടുണ്ട്' എന്ന് മറുപടി പറയുന്നു. മായ സംവിധായക കഥാപാത്രത്തെ ഒഴിവാക്കുന്ന മറ്റൊരു രംഗം കൂടിയുണ്ട് സിനിമയിൽ. ഭക്ഷണം കഴിക്കുന്നതിനിടയിൽ തന്റെ ലൈംഗിക താൽപര്യം അവതരിപ്പിക്കുമ്പോൾ മറുപടിയൊന്നും പറയാതെ എല്ലാവരും നോക്കി നിൽക്കെ അയാളുടെ ഭക്ഷണത്തിലേക്ക് വെള്ളമൊഴിക്കുകയാണ് മായ ചെയ്യുന്നത്. ഇളഭ്യനായി നിൽക്കുമ്പോൾ എല്ലാവരോടുമായി 'കഞ്ഞി ബെസ്റ്റാ' എന്ന് അയാൾ പറയുന്നു. പാശ്ചാത്യരുചിയും ചിന്തയും സംവിധായക കഥാപാത്രത്തിലൂടെ സിനിമയിൽ അവതരിപ്പിക്കുന്നുണ്ട്. ബർഗർ മലയാളിയുടെ ഭക്ഷണശീലത്തിൽ ഉൾപ്പെട്ടതല്ല. കഞ്ഞിയിൽ ആരംഭിച്ച് കഞ്ഞിയിൽ അവസാനിക്കുന്ന ഭക്ഷണചര്യയായിരുന്നു ഒരുകാലത്ത് മലയാളിക്കുണ്ടായിരുന്നത്. ബർഗർ പാശ്ചാത്യ ബിംബമായും കഞ്ഞി കേരളീയ ബിംബമായും ഇവിടെ അവതരിപ്പിക്കുന്നു. ഭക്ഷണം ഒരു സംസ്കാരിക പ്രതിഫലന ഉപകരണമായി വർത്തിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

വാത്സല്യം, സൗഹൃദം, പ്രണയം, പ്രണയഭംഗം, വിരഹം, കരുതൽ, ലൈംഗികത, ദേഷ്യം, പക തുടങ്ങി പലവിധ വികാരങ്ങളും ഭക്ഷണം എന്ന ബിംബത്തിലൂടെ സാൾട്ട് ആന്റ് പെപ്പറിൽ അവതരിപ്പിച്ചിട്ടുണ്ട്. സിനിമയിൽ അത്തറിന്റെ സുഗന്ധത്തിനു പോലും അടുക്കളയിലെ കറിക്കൂട്ടുകൾക്കിടയിലാണ് സ്ഥാനം.

MESMAC International Conferences 2023
ISBN 978-81-956895-5-2

കേവലം എന്തെങ്കിലും ആഹാരം കഴിച്ച് ജീവൻ നില നിർത്തലല്ല സാൾട്ട് ആന്റ് പെപ്പറിലെ ഭക്ഷണ രാഷ്ട്രീയം. ഇഷ്ടമുള്ള ഭക്ഷണം കഴിച്ചു അർത്ഥവത്തായ അതിജീവനത്തിനാണ് ഇവിടെ ആഹ്വാനം.

മലയാളത്തിൽ ഭക്ഷണം പ്രമേയമാക്കി പിന്നീടുണ്ടായ ഉസ്താദ് ഹോട്ടൽ, സ്പാനിഷ് മസാല, എന്റെ മെഴുതിരി അത്താഴങ്ങൾ തുടങ്ങിയ സിനിമകളിൽ ഈ ബിംബവത്ക്കരണം ആവർത്തിക്കുകയും അനുകരിക്കുകയും ചെയ്യുന്നുണ്ട്. മലയാളസിനിമയുടെ മാറുന്ന ഭാവുകത്വ പരിസരത്തിൽ ഭക്ഷണം കടന്നുവരികയും ശക്തമായ സ്ഥാനം നേടുകയും ചെയ്തതു തന്നെ പുതിയ പ്രേക്ഷകാഭിരുചികളുടെ ഭാഗമായാണ്. സിനിമയുടെ വലിയ വിജയവും 2011-ലെ മികച്ച ജനപ്രിയ ചിത്രത്തിനുള്ള കേരളസംസ്ഥാന പുരസ്കാരവും ഇതിന് അടിവരയിടുന്നതാണ്.

## References

1. https://en.m.wikipedia.org/wiki/Salt_N%27_Pepper
2. https://m3db.com/film/salt-n-pepper
3. https://utharakalam.com/cultural-identity-and-food
4. https://www.manoramaonline.com/pachakam/rasagula/2018/07/25/hunger-in-movie.html
5. https://youtu.be/abkNC8mATbM
6. http://youtu.be/puvbuo6q5v8

MESMAC International Conferences 2023
ISBN 978-81-956895-5-2



## 7.
## ഭക്ഷണം പാകപ്പെടുത്തുന്ന സംസ്കാരങ്ങൾ: സിനിമയിലെ ഭക്ഷണചിത്രീകരണസന്ദർഭങ്ങളെ മുൻനിർത്തി ഒരന്വേഷണം

**രമിഷ.കെ**

ഗവേഷക,
എസ്.എൻ.ജി.എസ് കോളേജ്,
പട്ടാമ്പി
kramishak@gmail.com

**സ**മസ്ത ജീവജാലങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് ഭക്ഷണം. നിലനിൽപ്പിനായോ മറ്റോ ഭക്ഷിക്കാൻ കഴിയുന്ന എന്തിനെയും നമുക്ക് ഭക്ഷണം എന്നു വിളിക്കാം. ഓരോ പ്രദേശത്തിന്റെയും ഭൂപ്രത്യേകതയും കാലാവസ്ഥയും സാധനങ്ങളുടെ ലഭ്യതയുമെല്ലാം അതതു പ്രദേശത്തെ ഭക്ഷണ രീതിയെ സ്വാധീനിക്കുന്നു. മനുഷ്യനെ സംബന്ധിച്ച് സ്ഥിരവാസവും സമൂഹിക പുരോഗതിയും കൈവരിക്കുന്നതു വരെ ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതയായിരുന്നു അവന്റെ ഭക്ഷണക്രമത്തെ സ്വാധീനിച്ചത്. എന്നാൽ പിന്നീടുള്ള മനുഷ്യന്റെ ഉയർന്ന ജീവിതനിലവാരം ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കപ്പുറം, അവന്റെ ശീലമെന്ന സ്വഭാവം കൂടി ഭക്ഷണക്രമത്തെ സ്വാധീനിക്കുകയുണ്ടായി. എന്ത് കഴിക്കണം, എന്തു കഴിക്കരുത്, എങ്ങനെ കഴിക്കണം തുടങ്ങിയവ ശീലത്തിന്റെ ഭാഗമാണ്. അതായത് ഭക്ഷണത്തിനകത്ത് ഒരു തെരഞ്ഞെടുപ്പും ഒഴിവാക്കലും മനുഷ്യൻ നടത്തുന്നു. ആ അർത്ഥത്തിൽ കേവലം വിശപ്പുമാറ്റുക എന്ന ഭൗതികാവശ്യത്തിനപ്പുറം ഭക്ഷണം മനുഷ്യർ എന്ന കൂട്ടായ്മയുടെ അല്ലെങ്കിൽ സമൂഹത്തിന്റെ ആന്തരികവും ബാഹ്യവുമായ ആശയങ്ങളുടെയും വികാരങ്ങളുടെയും സാകല്യത്തെക്കുറിക്കുന്ന സംസ്കാര പ്രക്രിയയുടെ ഭാഗമായിത്തീരുന്നു. ഇന്ന് സംസ്കാര നിർണയത്തിൽ മാറ്റി നിർത്താനാവാത്ത ഒരു ഘടകമായി ഭക്ഷണം മാറിയിട്ടുണ്ട്.

MESMAC International Conferences 2023
ISBN 978-81-956895-5-2

ഒരു സമൂഹത്തിന്റെ ഭാഷ, ജീവിത രീതികൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, വിനോദങ്ങൾ, വസ്ത്രധാരണം, ഭക്ഷണം, തൊഴിൽ തുടങ്ങി എല്ലാത്തിന്റെയും ആകെത്തുകയെ ആ സമൂഹത്തിന്റെ സംസ്കാരമെന്നു പറയാം. ഈ ഘടകങ്ങളോരോന്നും സംസ്കാരനിർണയനത്തിൽ പ്രാധാന്യമർഹിക്കുന്നുവെങ്കിലും ഭാഷ,ഭക്ഷണം എന്നിവയോടൊപ്പം ചേർത്തു പറയുന്ന കേരളീയം എന്ന വിശേഷണം (കേരളീയ ഭാഷ/കേരള ഭാഷ, കേരളീയ ഭക്ഷണം/ കേരളഭക്ഷണം) മറ്റ് ഘടകങ്ങളേക്കാൾ ഇവയ്ക്ക് ലഭിക്കുന്ന സവിശേഷ പ്രാധാന്യത്തെ തന്നെ സൂചിപ്പിക്കുന്നു. കേരളമെന്ന പ്രത്യേക ഭൂപ്രദേശത്തിനകത്ത് ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ജനങ്ങളുടെ ഭക്ഷണരീതിയാണ് കേരളഭക്ഷണം എന്നതുകൊണ്ടു അർത്ഥമാക്കുന്നത്. എന്നാൽ ഇവിടുത്തെ ജനവിഭാഗങ്ങളുടെ ഭക്ഷണത്തെ നിർണയിക്കുന്നത് പ്രത്യേകമായ കാലാവസ്ഥയോ ഭക്ഷണ ലഭ്യതയോ അല്ല. മറിച്ച് വ്യത്യസ്ത ജാതിമത സാമൂഹിക ബന്ധങ്ങൾക്കകത്തു വെച്ചാണ് ഓരോ മനുഷ്യന്റെയും ഭക്ഷണരീതിയും ക്രമവും രൂപപ്പെടുന്നത്. ഇതു പലപ്പോഴും ബോധപ്പൂർവ്വമോ അബോധപൂർവ്വമോ ആയി തലമുറകൾ വഴി സ്ഥാപനവൽക്കരിക്കുകയും ചെയ്യുന്നു. ഇങ്ങനെ വ്യത്യസ്ത ഉൾപിരിവുകളാൽ സമ്പന്നമാണ് കേരള ജനതയുടെ ഭക്ഷണം. എന്നാൽ കേരള ഭക്ഷണം എന്നത് വ്യത്യസ്ത ജാതിമത ബന്ധങ്ങളാൽ വിഭിന്നമായ ഭക്ഷണ രീതികളെ കുറിക്കുന്ന ഒരു വാക്കല്ല. അത് വരേണ്യമായതും പൊതു ബോധത്താൽ നിർണയിക്കുകയും നിർമ്മിക്കുകയും ചെയ്ത ഒന്നാണ്. വ്യത്യസ്ത ഭക്ഷണം കഴിക്കുകയും വ്യത്യസ്ത ജാതിമത ബന്ധങ്ങളിൽ ഉൾപ്പെടുകയും ചെയ്യുന്ന ജനതയിൽ പോലും കേരളീയഭക്ഷണം സദ്യയാണെന്ന ധാരണയുണ്ടാക്കുന്നത് പൊതുവായ കാര്യങ്ങൾ വരേണ്യമാണ് എന്ന ബോധപൂർവ്വ നിർമ്മിതിയാണ്. വസ്തുക്കളെയും വസ്തുതകളെയും ദ്വന്ദ്വാത്മകമായി കാണുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രവണത ഇവിടെ സ്വാഭാവികമെന്നോണം നിലനിൽക്കുന്നു. ഒന്ന് മറ്റൊന്നിനേക്കാൾ മികച്ചതും അതിന്റെ വിപരീതവുമാണ് എന്നു ധ്വനിപ്പിക്കുന്ന ദ്വന്ദ്വം എന്ന ആശയം ബലപ്പെടുത്തിയതിൽ കൊളോണിയൽ ആധുനകതയ്ക്ക് മുഖ്യ പങ്കുണ്ട്. അവരുടെ കാഴ്ചപ്പാടിൽ തദ്ദേശീയമായത് കുറവുകളും പുരോഗമനമില്ലാത്തതും വിദേശീയമായത് മികച്ചതും പുരോഗമനം ഉൾക്കൊള്ളുന്നതുമാണ്. ഈ ബോധം തദ്ദേശീയ ജനതക്കിടയിൽ മികച്ചതെല്ലാം ജാതിയിലോ മതത്തിലോ

MESMAC International Conferences 2023
ISBN 978-81-956895-5-2


ഉയർന്നവരുടേതാണെന്ന ബോധ്യം നിരന്തരം ഉണ്ടാക്കപ്പെടുന്നു. അതിനാൽ മികച്ചതെല്ലാം വരേണ്യമാകുന്നു അത് ബ്രാഹ്മണന്റേതാകുന്നു. സംസ്കാര നിർണയനത്തിൽ ഉൾപ്പെടുന്ന എല്ലാ അടിസ്ഥാന ഘടകങ്ങളിലും അത്തരം ചിന്ത വർത്തിക്കുകയും ചെയ്യുന്നു.

ഭക്ഷണത്തിന് ജൈവികമായ ഒരാവശ്യമെന്നതിൽ കവിഞ്ഞ് അത് നിർമ്മിക്കുന്ന വ്യത്യസ്ത രുചി ബോധത്തിനുമപ്പുറം സാംസ്കാരിക രാഷ്ട്രീയ വിവക്ഷകളാൽ സാമൂഹിക ചിഹ്നമായിത്തീരാനും കഴിയുന്നു. ആ അർത്ഥത്തിൽ സംസ്കാരമല്ല ഭക്ഷണത്തെ നിർണയിക്കുന്നത്. ഭക്ഷണമാണ് തനിക്കിണങ്ങുന്ന ഒരു സമൂഹത്തെയും ജനതയേയും സൃഷ്ടിക്കുന്നത്. അത് തികച്ചും വരേണ്യബോധവും ജാതിമതശ്രേണിയും നിർണയിക്കുന്ന സുപ്രധാന ഘടകമായി വർത്തിക്കുന്നു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളെല്ലാം തന്നെ അവൻ സൃഷ്ടിക്കുന്ന കലാസാഹിത്യാദികളിൽ കടന്നുവരാറുണ്ട്. മനുഷ്യനെ ഏറെ സ്വാധീനിക്കുന്ന സിനിമ, ഭക്ഷണ ചിത്രീകരണങ്ങളുടെ ഇത്തരം സംസ്കാരബോധത്തെ നിരന്തരം ഉല്പാദിപ്പിക്കാൻ ശ്രമിക്കുന്നു. ഇവിടെ 'കമ്മത്ത് ആന്റ് കമ്മത്ത്' എന്ന ചിത്രത്തിലെ ഭക്ഷണ ചിത്രീകരണ സന്ദർഭങ്ങളെ (ആശയങ്ങളെ) ചില സങ്കൽപനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലന വിധേയമാക്കാനാണ് ശ്രമിക്കുന്നത്.

ഹോട്ടൽ ബിസിനസുക്കാരായ കമ്മത്തു സഹോദന്മാരുടെ കഥ പറയുന്ന ചിത്രമായിരുന്നു 2013- ൽ തോംസൺ കെ തോമസ് സംവിധാനം ചെയ്ത കമ്മത്ത് ആന്റ് കമ്മത്ത്. ഗോവയിൽ വേരുകളുള്ള കമ്മത്തുമാർ വൈദ്ദേശികാധിപത്യത്തെത്തുടർന്ന് കേരളത്തിലേക്ക് എത്തിപ്പെട്ടവരാണ്. കൊങ്ങിണി സംസാരിക്കുന്ന ഗൗഢസാരസ്വത ബ്രാഹ്മണരിൽ ഉൾപ്പെടുന്നവരാണ് കമ്മത്തുമാർ. ഈ ചിത്രത്തിൽ കൊങ്ങിണി കലർന്ന മലയാളം സംസാരിക്കുന്ന ഒരു കമ്മത്തു കുടുംബത്തിന്റെ കഥയാണ് അവതരിപ്പിക്കുന്നത്. രാജരാജകമ്മത്ത്, ദേവരാജ കമ്മത്ത് എന്നീ രണ്ടു സഹോദരന്മാർ തങ്ങളുടെ കുടുംബം പോറ്റുന്നതിനായി ഒരു തട്ടുകട നടത്തുകയും പിന്നീട് അതിന്റെ വിജയത്തിലൂടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി കമ്മത്ത് ആന്റ് കമ്മത്ത് എന്ന പേരിൽ പത്തിലധികം വെജിറ്റേറിയൻ ഹോട്ടലുകൾ നടത്തുന്ന വ്യവസായികളായി മാറുകയും ചെയ്യുന്നു. ഇവരുടെ പതിമൂന്നാ

 MESMAC International Conferences 2023
ISBN 978-81-956895-5-2

മത്തെ ഹോട്ടൽ ആരംഭവുമായി ബന്ധപ്പെട്ട ചില സംഭവവികാസങ്ങളിലൂടെയാണ് ചിത്രം ആരംഭിക്കുന്നത്. പാലക്കാട് ജില്ലയിൽ ഇവർ തങ്ങളുടെ പതിമൂന്നാമത്തെ ഹോട്ടൽ തുടങ്ങുന്നത് ഒരു തിരുമേനിയുടെ ശ്രീകൃഷ്ണവിലാസം എന്ന പൂട്ടിപോയ ഹോട്ടൽ വാങ്ങിക്കൊണ്ടാണ്. ഈ ഹോട്ടൽ നടത്തിയിരുന്ന തിരുമേനിയാകട്ടെ പരമസാധുവും സുലൈമാൻ സാഹിബ് എന്ന വ്യവസായിയുടെ കടക്കാരനുമാണ്. തിരുമേനിയുടെ വെജിറ്റേറിയൻ ഹോട്ടലിന്റെ എതിർവശത്തു പ്രവർത്തനം നടത്തുന്ന മലബാർ പാരഡൈസ് എന്ന ബിരിയാണി ഹോട്ടലിന്റെ ഉടമയാണ് സുലൈമാൻ സാഹിബ്. ഇദ്ദേഹത്തിന്റെ കുതന്ത്രങ്ങളിലൂടെയാണ് തിരുമേനിയുടെ ഹോട്ടൽ മുൻസിപ്പാലിറ്റി സീൽ വെച്ച് അടച്ചു പൂട്ടുന്നത്. ഈ ഹോട്ടൽ നിൽക്കുന്ന സ്ഥലം തിരുമേനിയിൽ നിന്നും കൈക്കലാക്കാൻ സുലൈമാൻ സാഹിബ് പലതരം ശ്രമങ്ങൾ നടത്തുന്നു. എന്നാൽ തിരുമേനിയുടെ മകൾ തന്റെ സുഹൃത്തായ ദേവരാജകമ്മത്തിനെ ഇക്കാര്യങ്ങൾ അറിയിക്കുകയും കമ്മത്തുമാർ രക്ഷകരായി എത്തുകയും തിരുമേനിയിൽ നിന്ന് ഹോട്ടൽ വാങ്ങുകയും (തിരുമേനിയുടെ ആഗ്രഹവും ഹിന്ദുക്കളിൽപ്പെട്ടവരും വെജിറ്റേറിയൻ ആയവരും സ്ഥലം വാങ്ങണമെന്നാണ്) കമ്മത്ത് ആന്റ് കമ്മത്ത് എന്ന പേരിൽ ഹോട്ടലിന്റെ പേര് മാറ്റി പുതിയ ഹോട്ടൽ പ്രവർത്തനം തുടങ്ങുകയും ചെയ്യുന്നു.

കമ്മത്തുമാരുടെ സ്വകാര്യ സന്ദർഭങ്ങളെക്കൂടി ചിത്രത്തിൽ പകർത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും ചിത്രത്തിന്റെ പേര് സൂചിപ്പിക്കുന്നതു പോലെ ബിസിനസ് സംരംഭങ്ങളുടെ വളർച്ചയ്ക്കു പിന്നിലുള്ള തന്ത്രങ്ങളെ കൃത്യമായി ഈ ചിത്രം അടയാളപ്പെടുത്താൻ ശ്രമിക്കുന്നു. പാലക്കാട് അത്യാവശ്യം തിരക്കനുഭവപ്പെടുന്ന വെജിറ്റേറിയൻ ഹോട്ടലായിരുന്നു തിരുമേനിയുടെ ശ്രീകൃഷ്ണ വിലാസം ഹോട്ടൽ. ഈ ഹോട്ടലിന് മുമ്പിലായിട്ടാണ് സുലൈമാൻ സാഹിബ് തന്റെ ബിരിയാണി ഹോട്ടൽ ആരംഭിക്കുന്നത്. അദ്ദേഹം ഇവിടെ ലക്ഷ്യം വെക്കുന്നത് യഥാർത്ഥത്തിൽ തിരുമേനിയുടെ ഉപഭോക്താക്കളെ തന്നെയാണ്. എന്നാൽ അത് സാദ്ധ്യമല്ലെന്നു കാണുന്നിടത്താണ് സാഹിബ് അധികാരികളെ കൂട്ടുപിടിച്ച് തിരുമേനിയുടെ ഹോട്ടൽ അടച്ചു പൂട്ടുന്നത്. ശ്രീകൃഷ്ണവിലാസം ഹോട്ടൽ പൂട്ടിപോകുന്നതോടെ ആ നഗരം, സുലൈമാൻ സാഹിബിന്റെ ബിരിയാണി കടയുടെ പേരിൽ അറിയപ്പെടുന്നു. ആ സ്ഥലത്ത് ബിരായാണി സ്ട്രീറ്റ് എന്ന ബോർഡും

MESMAC International Conferences 2023
ISBN 978-81-956895-5-2


സ്ഥാപിക്കപ്പെടുന്നു. ഈ നഗരത്തിലേക്ക് എത്തുന്ന ദേവരാജകമ്മത്ത് ഈ ബോർഡ് കാണുകയും ഒരു പരിഹാസചിരിയോടെ അതു വായിക്കുകയും ചെയ്യുന്നു. എന്നിട്ട് അയാൾ പറയുന്നത് ഒരു മാസത്തിനുള്ളിൽ ഈ നഗരം തങ്ങളുടെ വെജിറ്റേറിയൻ ഹോട്ടലിന്റെ പേരിലാകും അറിയപ്പെടാൻ തുടങ്ങുക എന്നാണ്. ആ ആത്മവിശ്വാസം കേവലം ബിസിനസ്സിന്റെ വളർച്ച ലക്ഷ്യം വെക്കുന്ന ഒരു വ്യവസായിയുടേതല്ല മറിച്ച് നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥയെ കൃത്യമായി മനസ്സിലാക്കിയ ഒരു വ്യവസായിയുടെതാണ്. കമ്മത്തുമാർ അതു തങ്ങളുടെ ജീവിതംകൊണ്ട് അനുഭവിച്ചറിഞ്ഞവരാണ്. ചെറു പ്രായത്തിൽ കുടുംബം പോറ്റുന്നതിനായി കമ്മത്തുമാർ തുടങ്ങിയ തട്ടുകടയിൽ നിന്നും ഇത്രമാത്രം വളരാൻ അവർക്കു കഴിഞ്ഞത് അവരുണ്ടാക്കിയ ദോശയുടെ രുചി കൊണ്ടു മാത്രമല്ല; ആ രുചിബോധത്തിനപ്പുറം അവർ തങ്ങളുടെ പേരിനോടൊപ്പം പേറുന്ന ജാതിപേരു കൊണ്ടു കൂടിയാണ്.

നിരവധിയായ ദ്വന്ദ്വ സൂചകങ്ങളിലൂടെയാണ് ഇതിൽ കഥ അവതരിപ്പിച്ചിരിക്കുന്നത്. വെജിറ്റേയിൻ, നോൺവെജിറ്റേറിയൻ ഹോട്ടലുകൾ, അതിന്റെ നടത്തിപ്പുക്കാരിൽ ഒരാൾ ഹിന്ദു (ഹിന്ദുവിൽ തന്നെ ഉയർന്ന വിഭാഗം), മറ്റെയാൾ മുസ്ലിം, തുടങ്ങിയ ദ്വന്ദ്വ സൂചനകൾ തന്നെ ഒന്ന് മറ്റേതിനേക്കാൾ മികച്ചതാണെന്ന ബോധം ഉല്പാദിപ്പിക്കുന്നു. ഭക്ഷണം വിൽക്കുന്ന കടയുടെ പേരിൽ ഒരു നഗരം അറിയപ്പെടുക എന്നത് ഭക്ഷണത്തിനു ലഭിക്കുന്ന പ്രാധാന്യം തന്നെയാണ് സൂചിപ്പിക്കുന്നത്. അന്ന വിചാരം മുന്ന വിചാരം എന്നാണെല്ലോ ചൊല്ല്. പക്ഷേ ആ അന്നം കൃത്യമായി സംസ്കാരത്തെ നിർണയിക്കാൻ ഉതകുന്നതും അതോടൊപ്പം മനുഷ്യവികാരങ്ങളെ (വ്യത്യസ്ത ജാതി മതബോധത്തെ) നിർണയിക്കുകയും ചെയ്യുന്നുവെങ്കിൽ അത് അവന്റെ ജീവിതത്തിൽ ഭക്ഷണം ചെലുത്തുന്ന ആധിപത്യ പ്രവണതയാണ് എന്നതിൽ യാതൊരു സംശയവുമില്ല. ഈ ചിത്രത്തിലെ ചില സംഭാഷണങ്ങൾ കഴിക്കുന്ന ഭക്ഷണ നിർണിയിക്കുന്ന നന്മതിന്മകളെ കുറിക്കുന്നു. ഒരു വ്യക്തിയുടെ വ്യക്തിത്വം, സ്വഭാവം നിർണിയിക്കുന്നത് അയാൾ കഴിക്കുന്ന ഭക്ഷണമാണ് എന്ന് വരുത്തുന്ന ബോധപൂർവ്വമായ ശ്രമമാണ് ഇവിടെ നടക്കുന്നത്. രാജരാജകമ്മത്തിനെ അപായപ്പെടുത്താൻ സുലൈമാൻ സാഹിബും സെബാസ്റ്റ്യൻ കുഴിവേലിയും പറഞ്ഞയക്കുന്ന ഗുണ്ടകളുമായി ഏറ്റുമുട്ടുന്നത് രാജരാജകമ്മത്തിന്റെ സഹായി ഗോപിയാണ്. അതിനു രാജരാജ കമ്മത്ത്

MESMAC International Conferences 2023
ISBN 978-81-956895-5-2

പറയുന്ന ന്യായം ഞാൻ ആടും പോത്തും പുട്ടും എല്ലാം വാങ്ങിക്കൊടുത്ത് ഗോപിയെ കൊണ്ടു നടക്കുന്നത് തന്നെ അതിനാണെന്നാണ്. കൂടാതെ ഇങ്ങനെയും പറയുന്നു : എന്റെ ശരീരം ഞാൻ നിങ്ങളെ (അത് ജാതിപരമായും, സാമ്പത്തികപരമായും താഴ്ന്നവരായ നിങ്ങൾക്ക്) പോലുള്ളവർക്ക് തൊടാൻ തരില്ല. തന്നോടു മുട്ടാനും യോഗ്യത വേണം എന്നു കൃത്യമായി സൂചിപ്പിക്കുന്ന ഒരു സംഭാഷണമാണിത്. കമ്മത്തുമാർ കൂടെ കൊണ്ടു നടക്കുന്ന ഗോപി കമ്മത്തുമാരെക്കാളേറെ കായികബലം കൂടിയവനാണെങ്കിലും അയാളുടെ ഉയർന്നതല്ലാത്ത സാമ്പത്തിക, ജാതി ചുറ്റുപാടുകളോടൊപ്പം അയാൾ കഴിക്കുന്ന ഭക്ഷണവും അയാളെ കമ്മത്തുമാരേക്കാൾ താഴ്ന്നവനാക്കി മാറ്റുന്നു. ഗോപിയുടെ ഭക്ഷണ താൽപര്യങ്ങൾ കമ്മത്തുമാരിൽ നിന്ന് വ്യത്യസ്തമാണ്. ഗോപി കഴിക്കുന്ന ഭക്ഷണങ്ങൾ കമ്മത്തുമാർക്ക് ശീലമില്ലാത്തതും ജാതീപരമായി നിഷിദ്ധവുമാണ്. തനി സസ്യഭുക്കുകളായ കമ്മത്തുമാർ ബുദ്ധിശക്തികൊണ്ട് അതിശയിപ്പിക്കുന്നവരും അതിലൂടെ എല്ലാം സ്വന്തമാക്കുന്നവരുമാണ് എന്നു സ്ഥാപിക്കുന്ന ഈ ചിത്രം ഒരർത്ഥത്തിൽ ബ്രാഹ്മണാധിപത്യത്തെ സ്ഥാപിച്ചുറപ്പിക്കുകയാണ് ചെയ്യുന്നത്. ഭക്ഷണവിഷയത്തിലുള്ള ശുദ്ധാശുദ്ധ വിലക്കുകളും വിവേചനങ്ങളും ഭൂതക്കാല നൂറ്റാണ്ടിന്റെ ചരിത്രത്തെ മാത്രം കുറിക്കുന്നതല്ല, ഇന്നിന്റെ യാഥാർത്ഥ്യത്തെക്കൂടി പ്രതിനിധീകരിക്കുന്നതാണ്. ആഹാരത്തിന്റെ ശുദ്ധികൊണ്ട് അന്ത:കരണം ശുദ്ധമാകുന്നു. അന്ത:കരണ ശുദ്ധി ഉണ്ടാകുമ്പോൾ അപാരമഹിമയുള്ള അനന്താത്മാവിനെപ്പറ്റി സ്മൃതി ഉണ്ടാകുന്നു എന്ന 'ശാംകരസ്മൃതി വചനം' തന്നെയാണ് ഇന്ന് ആധുനിക സാംസ്കാരത്തെയും ഭരിക്കുന്നത്.

**ഗ്രന്ഥസൂചി**

1. ഗണേഷ് സി. രുചിയും മനുഷ്യരും കേരള ഭക്ഷണത്തിന്റെ സംസ്കാര ചരിത്രം. കോഴിക്കോട് : ആത്മബുക്സ്, പുസ്തകലോകം, 2023.
2. ഭാസ്കരനുണ്ണി പി. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2000.
3. വിഷ്ണു നമ്പൂതിരി എം. വി. നാടോടി വിജ്ഞാനീയം, കോട്ടയം: ഡിസി. ബുക്സ്, 1994.

MESMAC International Conferences 2023
ISBN 978-81-956895-5-2


# 8.
# രുചിയുടെ സ്ത്രൈണമണ്ഡലം; ലതിക ജോർജിന്റെ 'സുറിയാനി അടുക്കള'യിൽ

**രഞ്ജിത് വി**

ഗവേഷകൻ
മലയാളവിഭാഗം
കേരളകേന്ദ്രസർവകലാശാല
കാസർഗോഡ്
renjith751996@gmail.com

പ്രപഞ്ചത്തിലെ ഇതര ജീവിവർഗങ്ങളിൽ നിന്ന് മനുഷ്യരെ വ്യത്യസ്തമാക്കി തീർക്കുന്ന പരിഷ്കാരത്തിന്റെയും പരിണാമത്തിന്റേതുമായ ഒരു ഘടകം മനുഷ്യൻ സ്വായത്തമാക്കിയെടുത്ത ഭക്ഷണ സമ്പ്രദായങ്ങളാണ്. മനുഷ്യേതര ജന്തുജാലങ്ങൾ ജീവൻ നിലനിർത്താനുള്ള ഉപാധി മാത്രമായി ഭക്ഷണത്തെ കരുതുമ്പോൾ മനുഷ്യനെ സംബന്ധിച്ച് കാമനയുടെ പൂർത്തീകരണവും ആഗ്രഹങ്ങളുടെ സഫലീകരണവുമാണ് ഓരോ ഭക്ഷണപദാർത്ഥങ്ങളും. ആയതിനാൽ തന്നെ രുചി ഭക്ഷണത്തെ സംബന്ധിച്ച പ്രധാന ഘടകമായി മാറുന്നു. സ്വാദ്, ഭക്ഷണേച്ഛ, ഇഷ്ടം തുടങ്ങിയ അർത്ഥങ്ങളാണ് രുചിക്ക് ശബ്ദതാരാവലിയിൽ നൽകിയിരിക്കുന്നത്. അടിസ്ഥാനപരമായി നാവിന്റെ അനുഭവമാണ് രുചി. എന്നാൽ രുചിയെ ആഹാരപദാർത്ഥങ്ങടെയും ഇന്ദ്രിയതാല്പര്യങ്ങളുടെയും പരിധിക്കുള്ളിൽ മാത്രം നിർത്തി വിശകലന വിധേയമാക്കുവാൻ സാധിക്കുകയില്ല. ബഹുതല സ്പർശിയായ ഒരു സങ്കല്പനമാണ് രുചിബോധം. ഭക്ഷണമുണ്ടാക്കുന്ന ആൾ, ഉണ്ടാക്കുന്ന വിധം, വിളമ്പി നൽകുന്ന രീതി, ഭക്ഷണ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന പാത്രങ്ങൾ, ഭക്ഷണത്തിന്റെ നിറം, ആകൃതി, മണം തുടങ്ങിയ നിരവധി ഘടകങ്ങൾ ഭക്ഷണത്തിന്റെ രുചിയെ സ്വാധീനിക്കുന്നതായി കാണാം.

MESMAC International Conferences 2023
ISBN 978-81-956895-5-2

വസ്തുവും അതിന്റെ അനുഭവവും എന്ന നിലയിൽ ഭക്ഷണവും അതിന്റെ രുചിയും അസാധാരണമായ നിലയിൽ ബന്ധം പുലർത്തുന്നതായി കാണാം. പിതൃകോയ്മ നിലനിൽക്കുന്ന ഒരു സാമൂഹിക വ്യവസ്ഥയിൽ രുചി ആരുടെ അനുഭവമാണ് എന്ന ചോദ്യം പ്രസക്തമാണ്. നിർമ്മാതാവ് – ഉപഭോക്താവ് എന്ന ദ്വന്ദ്വകൽപ്പന ഭക്ഷണത്തിന്റെ രുചിയനുഭവത്തെ വ്യത്യസ്തമുള്ളതാക്കി തീർക്കുന്നു. അടുക്കള സ്ത്രീയുടെ ഇടം ആണെന്നും പുരുഷന്റെ താല്പര്യങ്ങളെയും രുചികളെയും തൃപ്തിപ്പെടുത്തുന്ന വിധത്തിൽ വേണം ഭക്ഷണങ്ങൾ പാകം ചെയ്യാൻ എന്ന പൊതുബോധം രൂഢമൂലമായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നു. കുടുംബത്തിനകത്ത് ഭക്ഷണം ഉണ്ടാക്കുന്നവർക്ക് കീഴാള നിലയും രുചിക്കുന്നവർക്ക്/ കഴിക്കുന്നവർക്ക് മേലാളനിലയും നൽകുന്നത് ഈ പൊതുബോധനിർമിതിയുടെ ഭാഗമാണ്. പാചകത്തിന്റെ സമസ്ത മേഖലകളിലും സജീവമായി ഇടപെടുന്ന സ്ത്രീകൾക്ക് ആണിന്റെ ഉപയോഗത്തിന് ശേഷമുള്ള ഉച്ഛിഷ്ടങ്ങളും അവശേഷിപ്പുകളും മാത്രമാണ് പിതൃകേന്ദ്രീകൃത സാമൂഹികവ്യവഹാരത്തിനകത്ത് ലഭിക്കുന്നത്. ആയതിനാൽ തന്നെ ഭക്ഷണം ആസ്വദിച്ചു കഴിക്കുക, രുചിയോടെ കഴിക്കുക എന്നത് ആണിന്റെ മാത്രം കുത്തകയായി തീരുന്നു. വെച്ചു വിളമ്പുന്നവളിൽ നിന്ന് ആസ്വദിച്ച് കഴിക്കുന്നവളിലേക്കുള്ള സാംസ്കാരിക ദൂരം വളരെ വലുതാണ്.രുചിയുടെ അനുഭവത്തിലും ആസ്വാദനത്തിലും പുരുഷ മേൽക്കോയ്മ നിലനിൽക്കുന്ന വ്യവസ്ഥാപിത സമൂഹത്തിനകത്ത് രുചിയുടെ സ്ത്രൈണമണ്ഡലത്തെ സംബന്ധിച്ച വിചിന്തനങ്ങൾ ആണ് ഈ പ്രബന്ധത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

അടുക്കളയിലെ സ്ത്രീകളുടെ അധ്വാനം പുരുഷന്മാരുടെ രുചിതൃഷ്ണകളെ തൃപ്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ മാത്രമായാണ് കണക്കാക്കി പോരുന്നത്. സ്ത്രീയുടെ സഹജമായ മൂലധനമായും നിർബന്ധിത വൃത്തിയായും പാചകം കരുതപ്പെടുന്നു. 'ഭക്ഷണത്തെ സംബന്ധിച്ച് ഭദ്രവും കൃത്യവുമായ ഒരു ലിംഗമാതൃക നമ്മുടെ പൊതുബോധത്തെ നയിക്കുന്നുണ്ട്. നന്നായി ഭക്ഷണം കഴിക്കുന്ന, ആസ്വദിക്കുന്ന പുരുഷനും നല്ല ഭക്ഷണം ഉണ്ടാക്കുന്ന എന്നാൽ ഭക്ഷണം ത്യജിച്ചും, കുറച്ചാഹരിച്ചു അതിൽ പരാതിപ്പെടാതെയമുള്ള സ്ത്രീയുമാണ് മാതൃക. ഭക്ഷണാസ്വാദനത്തിന്റെ സാംസ്കാരിക വ്യാഖ്യാനങ്ങളിൽ വളരെ നിറപ്പകിട്ടോടെ ആർഭാടപൂർവ്വമാണ് അവ വിവരിക്കപ്പെടുന്നത്.

MESMAC International Conferences 2023
ISBN 978-81-956895-5-2


ചിട്ടയോടെ ഓരോന്നും അതാതിന്റെ സമയത്തും ക്രമാനുസൃത മായും സ്വാദറിഞ്ഞു ഭക്ഷിക്കുന്നത് ആണത്തവും ആഢ്യത്വവു മായി കണക്കാക്കപ്പെടുന്നു'(ഉഷാകുമാരി.ജി 2022:110). അധികാരം കൈയാളുന്ന പുരുഷന്റെ രുചി ബോധത്തെ തൃപ്തിപ്പെടുത്തുന്ന പാചക സങ്കല്പത്തിൽ നിന്നും വിഭിന്നമായി സ്വന്തം രുചിയ നുഭവത്തെ സാക്ഷാത്കരിക്കുന്ന ഭക്ഷണപരീക്ഷണങ്ങളിലേക്ക് പുതിയ കാലത്ത് സ്ത്രീകൾ മാറി തുടങ്ങിയിട്ടുണ്ട് .ഭക്ഷണത്തെ സംബന്ധിച്ച് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗ മാതൃകകളെ ഇത്തരം പരീക്ഷണങ്ങൾ അപനിർമ്മിക്കുന്നു.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ തനത് വിഭവങ്ങളുടെ പാചകവിധികളും ഗൃഹാതുരത ഉണർത്തുന്ന പഴയകാല പാചക അനുഭവങ്ങളും ഹൃദയവും നാവും നിറ യ്ക്കാൻ പോരുന്ന രുചി ഓർമ്മകളുമാണ് ലതിക ജോർജ്ജിന്റെ സുറിയാനി അടുക്കള എന്ന ഗ്രന്ഥത്തിന്റെ പ്രമേയം. രുചിയുടെ സ്ത്രൈണമണ്ഡലം തുറന്നിടുന്ന സ്ത്രീയുടെ ഭക്ഷണകാമ നകളെ ലതിക ജോർജ്ജ് സുറിയാനി അടുക്കളയിൽ പകർത്തി വെയ്ക്കുന്നു. എരിവും മധുരവും പുളിയും നാവിലൂറുന്ന രുചി അനുഭവങ്ങൾ രുചിയുടെ അനുഭവത്തിലും ആസ്വാദനത്തിലു മുള്ള വ്യവസ്ഥാപിതമായ കോയ്മകളെ തകർക്കുകയും സ്ത്രൈ ണതയുടെതായ ഒരു രുചിമണ്ഡലത്തെ പുനപ്രതിഷ്ഠിക്കുകയും ചെയ്യുന്നു. 'ഈ ഫലഭൂയിഷ്ഠമായ നാട്ടിൽ വളരുന്ന സുഗന്ധ വ്യഞ്ജനങ്ങൾ, സസ്യങ്ങൾ, മാംസം, പയർ വർഗ്ഗങ്ങൾ, ധാന്യ ങ്ങൾ, കായകൾ, ഭക്ഷ്യയോഗ്യമായ ഇലകൾ, വിത്തുകൾ എന്നിവ യുടെ ആഘോഷമാണ് ഒരു ഭക്ഷണ വേളയും. പ്രധാന ചേരുവ കളുടെ സ്വാദിനെ കീഴ്പ്പെടുത്താതെ അതിന്റെ മാറ്റു വർധിപ്പിക്കാൻ സസ്യങ്ങളും സുഗന്ധവ്യഞ്ജനങ്ങളും കൃത്യമായ അളവിൽ ഉപയോഗിക്കാൻ നൂറ്റാണ്ടുകളായി അമ്മമാർ പെൺമക്കളെ പഠി പ്പിച്ചു പോരുന്നു'(ലതിക ജോർജ്ജ് 2016:11) വെന്ന് സുറിയാനി അടുക്കളയുടെ ആമുഖത്തിൽ ലതിക ജോർജ്ജ് പറഞ്ഞു വെയ്ക്കു ന്നുണ്ട്.പാചകത്തെ സഹജമായ മൂലധനമായി കരുതുന്ന, നിർബന്ധിത വൃത്തിയായി ഗണിക്കുന്ന പിതൃവഹാരങ്ങളെയാണ് ഈ പ്രസ്താവനയിലൂടെ ലതിക ചോദ്യം ചെയ്യുന്നത്. കേരള ത്തിൽ നിന്നും വിഭിന്നമായ സംസ്കാരിക പരിസരത്തിലാണ് ഗ്രന്ഥകാരി വളർന്നതെങ്കിലും ബാല്യകാലം മുതൽ തന്നെ കേര ളീയ ഭക്ഷണവുമായി അടുത്ത് ഇടപഴകാൻ സാധിച്ചതിന്റെ

MESMAC International Conferences 2023
ISBN 978-81-956895-5-2

നിരവധി ഉദാഹരണങ്ങൾ സുറിയാനി അടുക്കളയിൽ കാണാം. 'ഞാൻ ബോംബെയിലാണ് വളർന്നതെങ്കിലും വളരെ ചെറിയ പ്രായത്തിൽ തന്നെ എന്റെ സുറിയാനി ക്രിസ്ത്യാനി പൂർവി കരുടെ ഭക്ഷണവുമായി പരിചയപ്പെടുകയുണ്ടായി. കുട്ടികളും അവരുടെ സംസ്കാരവുമായുള്ള ഏറ്റവും ദൃഢമായ ബന്ധം രൂപ പ്പെടുന്നത് ഭക്ഷണത്തിലൂടെയും അതിന്റെ പാചകരീതിയിലൂടെ യുമാണെന്ന് ലോകത്തിലെ മറ്റ് അമ്മമാരെപ്പോലെ എന്റെ അമ്മ തങ്കമ്മയും വിശ്വസിച്ചിരുന്നത്(ലതിക ജോർജ്ജ് 2016:11) എന്ന് ആമുഖത്തിൽ തന്നെ ലതിക ജോർജ്ജ് സൂചിപ്പിക്കുന്നുണ്ട്. ഭക്ഷണത്തിലൂടെയാണ് സാംസ്കാരിക മൂല്യങ്ങൾ വിനിമയം ചെയ്യപ്പെടുന്നത്. പിതൃകോയ്മയെ നിലനിർത്തുന്നതിലും ഊട്ടി യുറപ്പിക്കുന്നതിലും ഭക്ഷണ സംസ്കാരം നിർണായകമായി ഇട പെടുന്നതായി കാണാം. ഭർത്താവിനും കുടുംബത്തിലെ ഇതര പുരുഷപ്രജകൾക്കും വച്ചു വിളമ്പുകയെന്നതാണ് സ്ത്രീയുടെ ഔന്നിത്യത്തിന്റെ പ്രതീകമെന്ന പൊതുബോധം നിർമ്മിക്കാൻ നമ്മുടെ സമൂഹം നിരന്തരമായി പരിശ്രമിക്കുന്നു

രുചിയുടെ അനുഭവത്തിനും ആസ്വാദനത്തിനുമായി എന്ത് റിസ്ക്കുകളുമെടുക്കാൻ തയ്യാറാകുന്ന സ്ത്രീ അനുഭവങ്ങൾ സുറിയാനി അടുക്കളയിൽ കാണാം.ചിരട്ട പുട്ടിനോടുള്ള അതി യായ ആഗ്രഹം കൊണ്ട് അമേരിക്കയിലേക്ക് പട്ടുതുണിയുടെ മടക്കുകൾക്കുള്ളിൽ പൊതിഞ്ഞ് രഹസ്യമായി കണ്ണുകൾ തുരന്നു മാറ്റിയ ഒരു പോലുള്ള രണ്ട് ചിരട്ടകൾ കടത്തിയ ദീപ്തി എന്ന ബന്ധുസ്ത്രീ രുചിയോടുള്ള സ്ത്രീയുടെ കാമനകൾ വ്യക്തമാ ക്കുന്നു.പ്രഷർകുക്കറിന്റെ ആവി പുറത്തുകളയുന്ന കുഴലിന്റെ മുകളിൽ ഇത് വെച്ചാണ് അവർ പുട്ട് പുഴുങ്ങുന്നത്. ഓരോ തവണ യും ഇന്ദ്രജാലം പോലെ അത് ചെയ്യാൻ കഴിയുന്നുവെന്ന് ദീപ്തി യുടെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. സ്വന്തം രുചിബോധ ത്തിന്റെ സർഗാത്മക ആവിഷ്കാരമായി പാചകം മാറുകയാണ് ഇവിടെ ചെയ്യുന്നത്. മുംബൈയിലെ നഗരപ്രാന്തത്തിൽ വീടി നോട് ചേർന്നുള്ള ചെറിയ സ്ഥലത്ത് ഒരു വാര ചുവന്ന നാട്ടുനെല്ല് കൃഷി നടത്തിയ ലതികയുടെ അമ്മയിലും രുചിയുടെ കാമനകൾ പ്രവർത്തിക്കുന്നതായി കാണാം. സമീപത്തെ പലചരക്ക് കടയിൽ കേരളത്തിലെ ചേരുവകൾ ലഭ്യമല്ലാതിരുന്നതിനാൽ റബ്ബർ ഫാക്ടറിയിലേക്ക് റബ്ബർഷീറ്റുകളുമായി കേരളത്തിൽനിന്നും വരുന്ന ചരക്ക് വണ്ടികളിൽ പുഴുക്കലരി, വാഴപ്പഴം, കപ്പ, അരി

MESMAC International Conferences 2023
ISBN 978-81-956895-5-2


പ്പൊടി തുടങ്ങിയവ കേരളത്തിൽ നിന്നും മുംബൈയിലേക്ക് എത്തിക്കുന്ന ലതികയുടെ അമ്മ പാചകത്തെ ഒരു നിർബന്ധിത വൃത്തി എന്നതിൽ കവിഞ്ഞ് ആസ്വാദ്യകരമായ ഒരു സർഗ്ഗ വ്യാപാരമാക്കി മാറ്റി തീർക്കുന്നു. മറ്റു ഇന്ധന സ്രോതസ്സുകൾ ലഭ്യമായിരുന്നിട്ടും പുകയും കരിയും നിറഞ്ഞ അടുക്കളയിലെ വിറകടുപ്പുകളിൽ സ്ത്രീകൾ പാചകം ചെയ്യാൻ മുതിരുന്നത് വിറ കടുപ്പിന്റെ തനതുരുചിക്കുവേണ്ടിയാണ് എന്നതാണ് ഗ്രന്ഥകാരി യുടെ പക്ഷം.

രുചിയുടെ ആസ്വാദനത്തിലെ പൂർവ്വധാരണകളെ പൊളി ച്ചെഴുതുന്ന നിരവധി അനുഭവങ്ങളുണ്ട് സുറിയാനി അടുക്കള യിൽ. വെച്ചുവിളമ്പുന്നവളിൽനിന്ന് ആസ്വദിച്ചു കഴിക്കുന്നവളിലേ ക്കുള്ള മാറ്റം നമുക്കിവിടെ കാണാം. ഫോർട്ട് കൊച്ചിയിലെ ഒരു സീഫുഡ് റസ്റ്റോറന്റിലെ ഭക്ഷണാനുഭവം ഇപ്രകാരമാണ്; 'ഭക്ഷ ണം വിവിധ ഘട്ടമായി പുറത്തുവന്നു. തുടക്കത്തിൽ കണവയും കൊഞ്ചും ഒരു പച്ചക്കറി സാലഡുമെത്തി. ഞാൻ മുമ്പു കഴിച്ചി ട്ടുള്ള കട്ടിയുള്ള കഷണങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാ യിരുന്നു.നാവിലലിയുന്ന സുഗന്ധ വെഞ്ജനങ്ങൾ ചേർത്ത കണ വയുടെ വലയങ്ങൾ. മുളകും കുരുമുളകും അതിന്റെ തന്നെ ചാറും കൊണ്ടു തിളങ്ങിയിരുന്ന കൊഞ്ച് രസപൂർണ്ണമായിരുന്നു. അടുത്ത തായി എത്തിയത് നെയ്മീൻ വറുത്തതായിരുന്നു. സുഗന്ധവ്യഞ്ജ നങ്ങൾ കൃത്യമായ ചേരുവയിൽ ചേർത്തു കുറ്റമറ്റ രീതിയിൽ വറുത്ത ആ കഷണങ്ങൾക്കു മുകളിൽ ഞങ്ങൾ നാരങ്ങ പിഴി ഞ്ഞൊഴിച്ചു. ഒരു വലിയ ചീനച്ചട്ടിയിൽ മസാല ചതച്ചിട്ടു വേഗം ഉലർത്തിയെടുത്തതായിരുന്നു ചെമ്മീൻ. അവയിലടങ്ങിയ സ്വാദ് ഓരോ തവണ കടിക്കുമ്പോഴും ഞങ്ങളുടെ വായിനുള്ളിൽ പൊട്ടി ത്തെറികൾ സൃഷ്ടിച്ചു. ഒരു വലിയ പിഞ്ഞാണത്തിൽ ചുവന്ന പുഴുങ്ങലരി ചോറും ഒരു പാത്രം മോര് കാച്ചിയതും ഇതിനൊപ്പം വിളമ്പിയിരുന്നു.'(ലതിക ജോർജ്ജ് 2016:86). ഇങ്ങനെ നീളുന്നു പെൺരുചിയുടെ സീൽക്കാരങ്ങൾ.

ഭൂതകാലത്തിലെ രുചിയനുഭവങ്ങളിൽ ഇന്നും തന്നെ പിന്തുടരുന്ന രുചി ഓർമ്മകളെക്കുറിച്ച് ലതിക വാചാലയാകു ന്നുണ്ട്. വെള്ളത്തിനരുകിലെ ഒരു ചെറിയ ചായക്കടയിൽ നിന്നും കഴിച്ച എരിവുള്ള മീൻകറിയും ആറന്മുളയിലെ ചുണ്ടൻവള്ളം കളിക്കുപോയപ്പോൾ സഹോദരി ഒരിക്കൽ തന്നയച്ച സ്വാദി ഷ്ടമായ കൊഞ്ചും കുടുംബത്തിലെ ഒരു മാമ്മോദീസയ്ക്ക് വിള

MESMAC International Conferences 2023
ISBN 978-81-956895-5-2

മ്പിയ വാഴയിലയിൽ പൊതിഞ്ഞ് റോസ്റ്റ് ചെയ്ത കരിമീനുമെല്ലാം ആ രുചിയോർമ്മകളുടെ ഭാഗമായിരുന്നു. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും തന്റെ ഭൂതകാല രുചിയോർമ്മകളെ ഇന്നലെയെന്ന പോലെ ഓർത്തെടുക്കുന്നുണ്ട് ലതിക.ചായക്കടയിൽ നിന്ന് കള്ള് നുകർന്നതിന്റെ അനുഭവം പെൺരുചിയുടെ സീൽകാരങ്ങൾ പ്രകടമാക്കുന്നവയാണ്. ചായക്കടയിൽ കള്ള് ലഭ്യമായിരുന്നതിനാൽ ചായ ഗ്ലാസ്സുകൾക്കൊപ്പം തന്നെ മധുരക്കള്ളും ഗ്ലാസ്സുകളിൽ കൊണ്ടുവന്നതും കള്ള് ആദ്യമായ് രുചിക്കുന്നതും അതിന്റെ മധുരവും പുളിയും കലർന്ന സീല്ക്കാരവും ലതിക വിവരിക്കുമ്പോൾ വായനക്കാരന്റെ നാവിലും വെള്ളമൂറും. മുപ്പതു വർഷം മുമ്പുള്ള ഒരു അനുഭവം ഇപ്രകാരമാണ്;"എന്റെ ഭർത്താവ് ജോർജ്ജ്, ഭക്ഷണപ്രേമികളായ ഒരു കുടുംബത്തിലെ അംഗമാണ്. 30 വർഷം മുമ്പ് മാമ്മോദീസയ്ക്ക് പാചകക്കാരൻ വർഗീസ് തയ്യാറാക്കിയ ഒരു പന്നിയിറച്ചി റോസ്റ്റ് ആ സദ്യ കഴിച്ച എല്ലാവരും ഇന്നും ഓർമിക്കുന്നു.... അതേ. ആ കടുക് സ്വാദ് എനിക്കോർമ്മയുണ്ട്... കനം കുറഞ്ഞ,മൊരിഞ്ഞ കഷണങ്ങൾ.... കൃത്യമായി മസാലകൾ ചേർത്ത മൃദുവായ മാംസം..." (ലതിക ജോർജ്ജ് 2016:130). അന്തോണിയുടെ ലേസുപോലെ നേർത്ത അരികുകളുള്ള പാലപ്പത്തിന്റെയും പാചകക്കാരൻ വർഗീസിന്റെ പന്നിയിറച്ചി റോസ്റ്റിന്റെയും ഗുണഗണങ്ങൾ നിരവധി തവണ ലതികയുടെ ഓർമയിലേക്ക് എത്തുന്നുണ്ട്.

എരിവും മധുരവും പുളിയും വായനക്കാരന്റെ നാവിലുറുന്ന നിരവധിയായ രുചിയനുഭവങ്ങൾ സുറിയാനി അടുക്കളയിൽ നിറഞ്ഞു നിൽക്കുന്നു .മധുരവും പുളിരസവുമുള്ള വഴുതനങ്ങ അച്ചാറിനായുള്ള അമ്മയുടെ പാചകവിദ്യയും കുഴിക്കാട്ടെ അമ്മായിയുടെ വാരിയെല്ല് കറിയും അമ്മായി റോസിക്കുട്ടിയുടെ കുഴലപ്പവും വായനക്കാരന് പുതു അനുഭൂതിയായി തീരുന്നു. താൻ ഏറ്റെടുക്കുന്ന ഓരോ പാചക ഉദ്യമവും കുറ്റമറ്റതായിരിക്കണം എന്ന നിർബന്ധബുദ്ധിയുള്ള സുറിയാനി ക്രിസ്ത്യാനി വീട്ടമ്മമാരെ ഈ ഗ്രന്ഥത്തിൽ കാണാം.കുറ്റമറ്റ പുട്ടുണ്ടാക്കാനുള്ള പരിപൂർണ്ണ പാചകവിധി ഓരോ വീട്ടമ്മമാർക്കുമുണ്ടാകും. മൃദുവും കട്ടകളില്ലാത്തതുമായ മാവിനായി എന്റെ സഹോദരി ലത നനച്ച അരിപ്പൊടി അരിപ്പയിലരിച്ചെടുക്കും. ഒരു സുഹൃത്താകട്ടെ ചിരകിയ തേങ്ങ അരിപ്പൊടിയിലിട്ടിളക്കും. അത് പുട്ടിന്റെ മാർദ്ദവം കൂട്ടുമെന്നാണവൾ പറയുന്നത്(ലതിക ജോർജ്ജ് 2016:49). ഇങ്ങനെ നീളുന്നു വീട്ടമ്മമാരുടെ ഭക്ഷണ പരീക്ഷണങ്ങൾ.

MESMAC International Conferences 2023
ISBN 978-81-956895-5-2


പാചകം ചെയ്യേണ്ടത് സ്ത്രീകൾ മാത്രമാണെന്ന പൊതു ബോധത്തെ അപനിർമ്മിക്കുന്ന ഒരു കഥ ലതിക പങ്കുവെയ്ക്കുന്നുണ്ട്. 1940 കളിൽ സുറിയാനി ക്രിസ്ത്യൻ ഭവനങ്ങളിൽ സന്ദർശനം നടത്തിയ മിസ്സി എന്ന ആംഗ്ലോ ഇന്ത്യൻ വനിതയെക്കുറിച്ച് അമ്മ പറഞ്ഞ കഥയാണ് ലതിക ഓർത്തെടുക്കുന്നത്. ക്രിസ്ത്യാനി വീട്ടമ്മമാർക്ക് തീർത്തും അപരിചിതമായിരുന്ന പാശ്ചാത്യ വിഭവങ്ങൾ തയ്യാറാക്കുന്നതിൽ പ്രഗൽഭയായിരുന്നു അവർ. റോസ്റ്റിങ്ങിന്റെയും ബേക്കിങ്ങിന്റെയും കല അഭ്യസിക്കുന്നതിനായി പലരും അവരുടെ സമീപത്തെത്തി. നിരവധിയായ പാശ്ചാത്യ വിഭവങ്ങൾ അവർ പാചക സ്നേഹികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു.ഇങ്ങനെ നീളുന്നു മിസ്സിയുടെ കഥ.' കഥ അനുസരിച്ച്, ഒരു ദിവസം വൈകിട്ട് ഒരു ചെറുപ്പക്കാരിയായ കന്യാസ്ത്രീ നിർത്താതെ വാതിലിൽ മുട്ടിയിട്ടും മിസ്സി വാതിൽ തുറക്കാത്തതിനാൽ അവർ പരിഭ്രാന്തയായി . താക്കോൽപ്പഴുതിലൂടെ ഒളിഞ്ഞു നോക്കിയപ്പോൾ അവർ കണ്ടത് മിസ്സി തന്റെ വസ്ത്രം തലയിലൂടെ ഇടാൻ നോക്കുന്നതാണ്. കൃത്യസമയത്ത് തിരിഞ്ഞ കന്യാസ്ത്രീ മിസ്സി ഒരു പുരുഷനാണെന്നും കണ്ടു!'(ലതിക ജോർജ്ജ് 2016:217). പാചകം സ്ത്രീയുടെ ബാധ്യതയാണ്/ ഉത്തരവാദിത്തമാണ് എന്ന പൊതുബോധമാണ് മിസ്സിയെ പെൺവേഷം ധരിക്കാൻ പ്രേരിപ്പിച്ചിരിക്കുക.

വെച്ചു വിളമ്പുന്നവളിൽ നിന്ന് ആസ്വദിച്ചു കഴിക്കുന്നവളിലേക്കുള്ള ദൂരം നടന്നു തീർക്കുകയും ആണിന്റെ എച്ചിലിൽ നിന്നും അവശേഷിപ്പുകളിൽ നിന്നും ഭിന്നമായുള്ള സ്ത്രീയുടെ രുചിമണ്ഡലത്തെ അടയാളപ്പെടുത്തുകയും ചെയ്യുന്ന കൃതിയാണ് ലതിക ജോർജ്ജിന്റെ സുറിയാനി അടുക്കള.

## സഹായകഗ്രന്ഥങ്ങൾ

1. ലതിക ജോർജ്,2016.സുറിയാനി അടുക്കള.ഡി സി ബുക്സ്, കോട്ടയം
2. ജി ഉഷാകുമാരി,2022. ശരീരത്തിന്റെ സാമൂഹിക ഭാവനകൾ.ഡി സി ബുക്സ്, കോട്ടയം
3. ശ്രീകണ്ഠേശ്വരം,2010. ശബ്ദതാരാവലി.ഡി സി ബുക്സ്, കോട്ടയം